¡ഭാരതീയരുടെ ഭാവിഭാവം

നിർദ്ദോഷികൾ, എങ്കിലും, ദൈവം നിസ്സഹായനായി,
കൂടുതൽ ധീരോദാത്തനാം മൗലികവാദക്കാരാം
അന്ധമതഭ്രാന്തഭീകരന്മാരവരിൽനിന്നും,
രക്ഷിക്കാനാകാതെനിന്നതാം രക്തസാക്ഷികൾക്ക്
സമർപ്പിക്കുന്നു ഈ ചിന്തകൻ.

ഈ കശാപ്പുകാരുടെ
കൂട്ടക്കൊലയിൽനിന്ന് എന്നെന്നത്തേക്കും രക്ഷിക്കൂ.





റ്റീ. കെ. രാംചന്ദ്

ഭാവീഭാവം!

റ്റീ. കെ. രാംചന്ദ്

© Author റ്റി. കെ. രാംചന്ദ്

ചിന്തിക്കുവാൻ വിസമ്മതിക്കുന്നതാം മനുഷ്യനെ
നന്നാക്കുവാനൊക്കുകില്ലൊരിക്കലുമുലകിതിൽ!

താൻ പിടിച്ച മുയലിൻകൊമ്പ് മൂന്നെന്നു വാദിക്കും!

ചിന്തിക്കും മനസ്സിൻ നൊമ്പരം!

പദ്യം അല്ലിത്, ഗദ്യവും അല്ല; കവിത, അത്
എന്തെന്നേ എനിക്കറിയില്ലല്ലോ; വെറും വികാരം,
അത്, എനിക്കറിയും വിധത്തിൽ വിളമ്പുന്നു ഞാൻ
കൂടുതൽ മനുഷ്യർക്ക്, അത് മനസ്സിലാകണം,
എന്നതൊന്നുമാത്രം, എനിക്കുള്ളൊരേ ഒരു ലക്ഷ്യം.

ചിന്തകൻ ചിന്തിക്കയും, നിങ്ങളെ ചിന്തിപ്പിക്കയും
ചെയ്യുന്നൂ വലിയ സത്യങ്ങൾ, അവകളിൽ കൊള്ളാ-
വുന്നവകൾ, മനുഷ്യസമുദായം ഉൾക്കൊള്ളട്ടേ.
കൊള്ളക്കാരുടെ നാവുകളിൽ നിന്നുതിരുവത്
മടയത്തരമോ, അത്ഭുതമോ, പ്രകമ്പനമോ,
എന്താകിലും, അന്ധമായി വിശ്വസിക്കാതിരിക്കൂ.

കാട്ടിക്കൂട്ടിടുമബദ്ധങ്ങൾ കണ്ടുമനം നൊന്തും
പറയപ്പെടുമർത്ഥം, മനസ്സിലാകായ്കയാലും
ശരിക്കും ചികയും മനസ്സിൻ പ്രവൃത്തിയുയർത്തും
ചോദ്യങ്ങൾക്കുത്തരം, കണ്ടെത്താനാഗ്രഹമതാലും
വിനയപൂർവ്വമീപ്രശ്നങ്ങൾ, ഞാൻ നിങ്ങൾതൻ മുൻപിൽ
കൊണ്ടുവരികയും, മറുപടി നിങ്ങളിൽ നിന്നും
കേൾക്കുവാൻ, പ്രതീക്ഷയോടിരിക്കുകയും ചെയ്യുന്നു.
വായിച്ചു വായിച്ചു ചിന്തിക്കു, ചിന്തിക്കുവാൻ വീണ്ടും
വീണ്ടും വായിക്കൂ, അന്ധവിശ്വാസങ്ങളിൽ മുങ്ങാതെ-
ങ്ങനേം, സ്വയം, അതിൽനിന്നുരക്ഷപെടുവാൻ നോക്കൂ.

ധർമ്മോപദേശം നൽകുന്നതാം പുരോഹിതനോട്
നിഷ്കളങ്കമപൈതൽ തിരക്കി. കഷ്ടം! വിചിത്രം,
ഹിംസ്രമായപ്പുരോഹിതൻ; എന്തെന്നാൽ, അയാളോട്
രവിവാരപാഠശാലയിൽ ചോദിക്കപ്പെട്ടതാം
ആദാമിൻേറം, ഹവ്വേടേം ആ മതമെന്തായിരുന്നു
എന്ന, ചോദ്യത്തിനുത്തരമയാൾക്കില്ലായിരുന്നു!

ജീവിതകാലം മുഴുവനും, സ്വർണ്ണാഭരണമോ,
പട്ടുവസ്ത്രമോ, കൃസ്തു ഉപയോഗിച്ചിരുന്നില്ല.
എന്തിന് ദൈവ'ാസിസ്റ്റൻസ്', സ്വർണ്ണകിരീടങ്ങളും
പട്ടുവേഷവിധാനങ്ങളും, അണിഞ്ഞൊരുങ്ങുന്നു?
ഇന്നത്തേമതങ്ങളൊരായിരമതിൻ, സത്തയ്ക്കു-
പോലുമേ, മോക്ഷം നൽകാനാകില്ല, മാനവനവൻ
ഐക്യമതൊന്നില്ലാതീയുലകിതിലൊരിക്കലും.

റ്റീ. കെ. രാംചന്ദ്

[മതഗ്രന്ഥങ്ങൾ വായിക്കുന്നതുപോലെ, മുഴുവൻ ഭാഗങ്ങളും വായിക്കാം.
കവിത പോലെയോ, തുള്ളൽ പോലെയോ, കൂത്ത് പോലെയോ, ഗാനങ്ങൾ പോലെയോ
ഒക്കെ ആലാപനം ചെയ്യാവുന്ന ഭാഗങ്ങളും ഇതിൽ ഉണ്ട്.]

താളുകൾ മറിക്കുമ്പോൾ!

1	സൂത്രം കുചിത്രം!	9
2	അന്നും ഇന്നും!	10
3	കടം കഥ!	12
4	ജാതകം!	14
5	വിധി!	16
6	ദൈവത്തിൻ ഇഷ്ടാനിഷ്ടങ്ങൾ!	18
7	ദിവ്യത്വവും മനുഷ്യത്വവും!	19
8	വെട്ടിത്തുറന്ന ഭാഷ്യം!	22
9	നേർച്ചകൾ!	24
10	ഭാവീഭാവം! ഛീ	26
11	അജ്ഞാതശക്തിജനനം!	57
12	അവകാശങ്ങളും കടമകളും!	59
13	പുതുമ നൽകിയ കൗശല കണ്ടുപിടിത്തം!	60

((((((()))))))

Simultaneously written in English and Malayalam.

Translating this work into other regional languages and world languages welcomed. No written permission is required. Kindly just inform the author, about your intention at

ramchandtk@gmail.com

That's all. It's just to know the languages covered.

സൂത്രം കുചിത്രം!

പരമപാവമാം പ്രാവിനെ പിടിച്ചീമാനവൻ
പെരും പാപമല്ലയോ ചെയ്‌വൂ, ഇന്നും ഈ ഭീകരൻ!

പേടിച്ചു, പിടഞ്ഞു പിടഞ്ഞു, തളർന്നു വീണതു
കേണപേക്ഷിച്ചാരാക്ഷസനോടൊത്തിരി ഒത്തിരി;
കാതുകൊടുക്കുവാൻ കൂട്ടാക്കിയില്ലൊട്ടുമേ അവൻ!

"ഒന്നുപോരാ, പതിനായിരത്തൊന്നുതന്നെ വേണം-
പോലും, അതിദൂരെ ആ വിഹായസ്സിലേക്കന്നങ്ങ്-
പറത്തിപ്പറത്തി വിടുവാനാനേതാക്കന്മാർക്ക്!"

"സ്വയരക്ഷക്കൊന്നു ചെറുത്തു നിൽക്കുവാനായിട്ട്,
ആയുധ-അവയവം ഒന്നുമേ ഇല്ലാതുഴലും
നിരുപദ്രവകാരികളാം ഈ നിർദ്ദോഷികളെ
ക്രൂരമായ്തടവിലാക്കി പീഡിപ്പിച്ചു വേണമോ,
നിങ്ങൾ, പൂജ്യ-ജീവദ്രോഹികൾക്കീ സ്വാതന്ത്ര്യദിനം
കെങ്കേമമായി കൊണ്ടാടീടുവാൻ; ശുദ്ധഭോഷരേ!
സ്വാതന്ത്ര്യം ആഘോഷിക്കുവാൻ, നിങ്ങളെന്നും ഞങ്ങൾതൻ
സ്വാതന്ത്ര്യനിഷേധമല്ലയോ കരുവാക്കുവത്!
സമാധാനപ്രതീകമായ്പ്രകീർത്തിച്ച്, ഞങ്ങൾതൻ
സമാധാനം, തകർത്തെറിഞ്ഞില്ലേ, നിങ്ങൾ മൃഗങ്ങൾ!"

ധവളപ്രാവിനെ വേണ്ടുവോളം ലഭ്യമല്ലായ്കിൽ
മറ്റുനിറപ്പ്രാക്കളെ കുമ്മായത്തിൽ കുളിപ്പിച്ച്
ഉണക്കി ദ്രോഹിച്ചും, മനുഷ്യനെ പറ്റിക്കുന്നിവർ!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ.....സ്നേഹം, അതുമാത്രം പവിത്രം!

((((((((((O))))))))))

അന്നും ഇന്നും!

അടിമകൾ, അടിമകൾ, അടിമകൾതന്നായി-
രുന്നു, അന്നു നാം; പോരാടീ നാം, സ്വാതന്ത്ര്യത്തിനായി!

പോരാടീ അവർ, വൻ വീറോടെ, ലക്ഷ്യം ഒന്നു മാത്രം,
സ്വാതന്ത്ര്യം; മോഹങ്ങൾ മറ്റൊന്നും ഇല്ലായിരുന്നന്ന്!

എം.പി.യോ, എം.എൽ.ഏയോ, മന്ത്രിയോ, അങ്ങനാസ്ഥാന-
മാനങ്ങളൊന്നും, അവർ സ്വപ്നം കണ്ടിരുന്നില്ലന്ന്!

അടുത്ത നാൾ, ജീവനോടുതന്നെ താനുണ്ടാകുമോ
എന്നുപോലും സംശയം ഉണ്ടായിരുന്നന്നവർക്ക്!

സ്ഥാനമാനങ്ങൾ മോഹിച്ചിരുന്നില്ല, മഹാരഥർ;
നാണം മറച്ച് അഭിമാനം, അതൊന്നു മാത്രമേ!

തങ്ങൾതൻ ജീവിതകാലത്തതു സംഭവിക്കുമോ,
ഒന്നും തന്നവർക്കറിഞ്ഞുകൂടായിരുന്നൂ അന്ന്!

പോരാടീ, ജീവൻ പണയം വെച്ചും അവർ; സ്വാർത്ഥത
അവരെ തീണ്ടിയിരുന്നില്ല, വേണ്ടിയിരുന്നില്ല!

സ്വന്തം കാര്യം സിന്ദാബാദ്, എന്നതാം മുദ്രാവാക്യം,
കാർന്നു തിന്നതില്ല; ആരുടെ അന്തരംഗത്തെയും!

മറഞ്ഞുപോയല്ലോ, മഹാത്മാക്കൾ, മാനചുംബിതർ;
മറന്നുപോയല്ലോ, മനസാക്ഷീം സത്യസന്ധതേം!

രാഷ്ട്രീയം, അതു പോയ്മറഞ്ഞു, മരിച്ചചിതയിൽ;
ചാറ്റമഴേൽ കുരുത്തൂ, വിഷക്കുമിളുകൾ എങ്ങും!

സ്വാതന്ത്ര്യലബ്ധിയിൽ, നേതാക്കളൊരായിരം തന്നെ,
കുതന്ത്രബുദ്ധിയിൽ നീരാടി, 'നറു' നാറ്റമേകി!

സ്വന്തം കാര്യം, അതുമാത്രം എന്നുമേ സിന്ദാബാദ്,
സ്ഥാനമാനങ്ങൾ ലഭിക്കില്ലെങ്കിൽ, കാലുമാറിടും!

തന്നാഗ്രഹം പൊന്നാഗ്രഹം, അതു നടക്കില്ലെങ്കിൽ
പാർട്ടിയെത്തന്നെ, പിളർന്നു നേതാവായിടും ഇവർ!

കൊല്ലും കൊലയും, അതു വേണ്ടിവന്നാൽ നടത്തിടും,
ആവശ്യമെങ്കിൽ, സ്ഥാനധനാദിലബ്ധികൾക്കത്!

മുഖം രണ്ടുണ്ടിവർക്ക്, ഒന്നൊളിച്ചു വച്ചിരിക്കും;

മറ്റതെപ്പോഴും, നിങ്ങളെ പറ്റിക്കാൻ പുഞ്ചിരിക്കും!

നൽ റൗഡികളായും, പിന്നെ സ്ത്രീപീഡനക്കാരായും,
ബാലപീഡനക്കാരായും, അവതരിക്കുമവർ!

കരിഞ്ചന്തക്കാരായും, കള്ളക്കടത്തുകാരായും
കള്ളുകച്ചവടക്കാരായും, പലേ വേഷങ്ങളിൽ!

മയക്കുമരുന്നുവ്യാപാരികളായും, അതുപോൽ
പെൺ വാണിഭമോ, സ്വർണ്ണബിസ്ക്കറ്റുകച്ചവടമോ!

വനം കൊള്ളയും, ചന്ദനത്തടിതൻ കടത്തലും,
കുഴൽപ്പണവിതരണവും ലാഘവം, അവർക്ക്!

അധോലോകവുമായ് ബന്ധമുണ്ടിവരിൽ പലർക്കും;
തിരഞ്ഞെടുപ്പുചിലവുകൾക്കവർ പണം നൽകും!

അച്ചടക്കലംഘനം സാദരം സ്വീകരിക്കും, തൻ
സ്വാർത്ഥതാല്പര്യനേട്ടത്തിനായിട്ട്, ഈ നാറികൾ!

മഹാനാറികൾ പിന്നാലെ, വാലുമാട്ടിക്കൂടുവാൻ
വേറെയും ചില ജീവികൾ, എന്നും കണ്ടെന്നു വരാം!

സ്ഥാനമാനധനാഗമമാർഗ്ഗങ്ങൾ കൈവരിക്കാൻ
വിലപേശലിനുള്ളതല്ല, രാഷ്ട്രീയം എന്നോർക്ക!

ഇക്കൂട്ടരെ മുഴുവൻ, ഒന്നായിത്തന്നെന്നെന്നേക്കും
ഒറ്റപ്പെടുത്തൂ മാളോരെ, മനുഷ്യസ്നേഹികളേ!

അവർതൻ കയ്യിലെ, കൂർത്തതാം കഠാരയെക്കാളും
മൂർച്ഛ, സമ്മതിദാനമതിനുണ്ടെന്നത് ഓർക്ക!

ഇപ്പ്രലോഭനങ്ങൾക്കോ, ഭയപ്പെടുത്തലുകൾക്കോ
കീഴ്പ്പെടാതെന്നും, സധൈര്യം പോകുക നാം മുന്നോട്ട്!

സ്ഥാനാർത്ഥികളെ നന്നായ്പഠിച്ച്, വോട്ടു ചെയ്യുവിൻ
പാർട്ടിയും അവർ പ്രചരണവും, വൻ തട്ടിപ്പാകാം!

നല്ല മനുഷ്യരെ മാത്രം നാം, തിരഞ്ഞെടുക്കണം
മറ്റുള്ളവരെ എന്നെന്നേക്കുമായിട്ടോടുക്കണം!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്ക

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ......സ്നേഹം, അതുമാത്രം പവിത്രം!

((((((((((O))))))))))

കടം കഥ!

അന്തസ്സോ അതോ പൊങ്ങച്ചമോ, ഏതെന്നറിയില്ല,
എന്താകിലും, അതു പ്രകടമാക്കീടുവാൻ, അമ്പേ.......
ഉതകും, ഒരു ഉഗ്രസാധനം, അതുതാനിത്!

ഞങ്ങൾമടയരാണേ, അല്ല അഹംഭാവികളും,
എന്നുച്ചത്തിൽ സ്വയമേ വിളിച്ചു കൂവാതെ തന്നെ
വിളംബരം ചെയ്യും ഉഗ്രസാധനം, അതാണിത്!

കള്ളന്, കൊന്നിട്ട് കൊണ്ടങ്ങു കടക്കുവതിനും,
ഭാര്യാഭർത്താക്കന്മാരെ, രണ്ടും രണ്ടാക്കുവതിനും
ഉതകും, ഉഗ്രസാധനം ഏതോ, അതുതാനിത്!

ജീവനോടെതന്നെ ചുട്ടെരിക്കുവതിനവർക്ക്
ഒരു അസുലഭ സന്ദർഭം, പ്രദാനം ചെയ്യും, ആ
ഉഗ്രസാധനം, ഏതാണോ, അതുതന്നെയാണിത്!

മനുഷ്യനെപ്പറ്റിക്കുവാൻ, ഭഗവാന്മാരെപ്പോലും
നിർമ്മിച്ചൊരുക്കുന്നതും, അവർക്ക് വീടുവെച്ചങ്ങ്
കൊടുക്കുന്നതും, ഏതുകൊണ്ടാണോ, അതുതാനിത്!

ദിനംതോറും, പുതു 'ബ്രാഞ്ചു' കടകൾ തുറന്നിടാൻ
മുതലാളിക്കനായാസേന, സമ്പത്തുടനുടൻ-
തന്നെ നേടിക്കൊടുക്കുമവൻ, അവൻതന്നാണിവൻ!

കള്ളക്കടത്തുകാരനും, കരിഞ്ചന്തക്കാരനും,
കൈക്കൂലിക്കാരനും; കള്ളപ്പണം വെള്ളപ്പണമാ-
ക്കുവാനുപകരിക്കുവതേതോ, അതുതാനിത്!

ഇതിലല്ലാതേതു ലോഹത്തിൽ, വിവാഹത്തിനത്
തീർത്താലും, ദമ്പതികൾക്ക് സന്താനഭാഗ്യമത്,
ഉണ്ടാകില്ലയോ എന്നൊരു ചോദ്യം; വിഡ്ഢികളോട്?

വിവാഹത്തിൻറന്നതെല്ലാം കൂടി, കഴുത്തിൽ ചാർത്തി
ശ്വാസം മുട്ടി, വധുക്കൾ മരണപ്പെടും നാളുകൾ
അതി വിദൂരത്തിലൊന്നുമല്ലെന്നത് നിശ്ചയം!

ചില രാജ്യങ്ങളിൽ മാത്രം, ഇതിൻ അതിപ്രസരം;
സ്റ്റേറ്റുകളിൽ ചിലതിൽ, ഇതു ധരിച്ചു നടക്കാൻ
ഭയം, അതിനാൽ അവിടവർ ഒളിച്ചു ധരിക്കും!

ഇതണിയാത്തതാം സ്ത്രീകൾക്കും, മംഗല്യധാരണം
നടക്കാറുണ്ട്, സന്തതീഭാഗ്യവും ഇല്ലാതില്ല;
ലഭിക്കാറുണ്ട്, പരീക്ഷാവിജയവും ജോലിയും!

ദൈവവുമായുള്ളടുപ്പം വിളിച്ചറിയിക്കുവാൻ,
ഇതിലല്ലയോ, ഒരു കൂട്ടം പുരോഹിതർ, തങ്ങൾ-
തൻ കിരീടവും, മതചിഹ്നങ്ങളും തീർക്കുവത്!

ഇതിൽ എന്തെങ്കിലും പണിത്, ഭഗവാന് കാഴ്ച-
വയ്ക്കുകിൽ, ആ കൈക്കൂലി സസന്തോഷം സ്വീകരിച്ച്
നിങ്ങൾതൻ അഭിലാഷം, സഫലീകരിച്ചിടുമേ!

ലോകമെമ്പാടും ഈ മതത്തിൻ പേരിൽ, മരവിച്ചു
കിടക്കും, ആ സ്വർണ്ണം ഉപയോഗപ്രദമാക്കുകിൽ,
ഇവിടം തന്നൊരു, മഹാസ്വർഗ്ഗമായ്തീർന്നീടുമേ!

സ്വർണ്ണാഭരണങ്ങൾ ചുമ്മാ, വീട്ടിൽ വച്ചു പൂട്ടിടും,
വിവാഹാദി, ആൾ കൂടും വേളകളിൽ ധരിച്ചിടും,
എങ്കിൽ അത്, മറ്റുള്ളോരെ കാണിക്കാൻ തന്നല്ലയോ!

പട്ടിണി കിടന്നും, സ്വർണ്ണഭാണ്ഡം നേടും മനസ്സേ,
ഒരായിരം നമോവാകം; രോഗത്തിൻ ചകിത്സക്കും
പണം മുടക്കാതിരിക്കിൽ, ഭാണ്ഡം ശവത്തിലിടാം!

ഇതിനെന്തു പേര് നൽകിടും നാം, അല്പത്വം എന്നോ,
അഹംഭാവം എന്നോ, അഹങ്കാരം എന്നോ, അല്ലായ്കിൽ,
ഇത് വിവരക്കേടോ, ആവേശമോ, ഭ്രാന്തോ എന്തോ!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!

ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ......സ്നേഹം, അതുമാത്രം പവിത്രം!

((((((((((o))))))))))

ജാതകം!

ജാതകമെന്നത്, ഈ 'ഭാവീഭാവം' തന്നല്ലയോ?
ജ്യോതിശ്ശാസ്ത്രാൽ, ഗ്രഹങ്ങൾ എണ്ണം, ഒൻപതാണുപോലും!
സൂര്യ ചന്ദ്ര കുജ രാഹു ഗുരു ശനി, കൂടാതെ
ബുധ കേതു ശുക്രനും; പക്ഷേ, സൂര്യനൊരു ഗ്രഹം
അല്ലെന്നിന്നാർക്കറിഞ്ഞുകൂടാ, നക്ഷത്രം താനത്.

സൂര്യഗ്രഹണവും, ചന്ദ്രഗ്രഹണവും, അവയേ
രാഹു വിഴുങ്ങുവതാണെന്നു ധരിച്ചായിരുന്നു
കവിളമ്മടൽ, വാഴത്തടപ്രയോഗം കൊണ്ടാടൽ!
രാഹു, കേതു, വെറും സാങ്കല്പിക പാപഗ്രഹങ്ങൾ!
ഇല്ലാത്ത ഗ്രഹങ്ങൾക്കെങ്ങനൊക്കുമീമനുഷ്യൻെറ
ഭാഗ്യാരോഗ്യ വിവാഹ വിദ്യാഭ്യാസ, ധനസ്ഥിതി
ജനനമരണാദികാര്യങ്ങളെ, സ്വാധീനിക്കാ-
നാകും, വിശ്വാസികളാം ശുദ്ധഭോഷരേ ചൊല്ലുക.
യഥാർത്ഥത്തിലുള്ളതാകും, ഗ്രഹങ്ങൾക്കാകുകില്ല
പിന്നല്ലയോ, ഇല്ലാത്തവയ്ക്കതുമേലാധിപത്യം!?

സൂര്യഗ്രഹണസമയം സൂര്യനെ മറയ്ക്കതു
ചന്ദ്രനും, ചന്ദ്രഗ്രഹണസമയത്ത് ചന്ദ്രനെ
മറയ്ക്കുവത് ഭൂമിയും തന്നെയാണെന്നതിന്ന്
എല്ലാവർക്കും, നന്നായറിയാമെന്നിരിക്കുകിലും
കുലുക്കിക്കുത്തിയെണ്ണി ജാതകം പറയുവോർക്ക്
പണം കൊടുത്തില്ലെങ്കിലെന്തൊരങ്കലാപ്പാണെന്നോ!
ഭാവിയേക്കുറിച്ചാരായാൻ, കുഴപ്പത്തിൻ കാരണം
കണ്ടെത്തുവാൻ, പ്രശ്നം വയ്ക്കലിന്നും തുടരുന്നല്ലോ
ദേവപ്രശ്നം, ദൈവകോപകാരണം വെളിവാക്കും!
ചൊവ്വാദോഷത്തിൻപേരിലീദ്രോഹികളെത്രയെത്ര
യുവതീയുവാക്കൾജീവിതം, ദിനവും തകർക്കും,
സ്വന്തം കീശ, വീർപ്പിക്കുവാനെന്നതോർത്തുനോക്കണം!
മനുഷ്യദ്രോഹിതാനീജ്യോതിഷക്കാരെവിടെയും.

ജനനസമയം, കൃത്യമായിച്ചൊൽകിൽ അച്ചട്ട്,
അവർതൻ പ്രവചനങ്ങളെന്നവകാശവാദം!
അതുമൊരു വൻ കളിപ്പിക്കൽ, ആ കൃത്യസമയം
ശരിക്കാർക്കറിയാം, ശ്...എപ്പൊഴാണതെഥാർത്ഥത്തിൽ?
ശിശു, ഭൂവിതിൽ ജനിച്ചങ്ങുവീഴുമ്പോഴോ, അതോ
സ്ത്രീപുരുഷബീജസങ്കലനസമയമതോ!
പക്ഷേ, സ്ത്രീപുരുഷബീജങ്ങൾക്കും ജീവനുണ്ടല്ലോ!
ജീവനപായമുണ്ടെന്നുകണ്ടാലീഭിഷഗ്വർ
മരുന്നുനൽകി, ജനനസമയം മാറ്റാറുണ്ട്!

കണ്ടുപിടിക്കപ്പെട്ടതാം ഗ്രഹങ്ങൾ പതിമൂന്ന്,
എങ്കിലും, അവയിലാറെണ്ണത്തിനു മനുഷ്യന്മേൽ
ഒരു ചുക്കുമേ, ചെയ്യാനില്ല, ജ്യോതിഷപ്രകാരം!
സൂര്യൻ, ചന്ദ്രൻ, ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴവും

ശനിയുമേ, അവർക്കറിയാമായിരുന്നിരിക്കാം.
നമുക്കൂഹിക്കാം, 'യുറാനസ്', 'നെപ്ട്യൂൺ', 'പ്ലൂട്ടോ' ഇവ
ഗ്രഹങ്ങൾ, വേറേ ഉണ്ടെന്നീജാതകസൂത്രവീരർ
അറിഞ്ഞിരുന്നില്ല; തീർന്നില്ലവിടെയും, 'വരുണ',
'ക്വഓർ', 'ഹുയാ', '2003 വീ. ബീ. പന്ത്രണ്ടെന്നും
ഉള്ള ഗ്രഹങ്ങൾക്കും, മനുഷ്യജാതകവുമായി
യാതൊരു ബന്ധവുമില്ലെന്ന്; ഗുരുത്വാകർഷണ
ശക്തിക്കും, കാന്തശക്തിക്കും, മനുഷ്യാരോഗ്യത്തിനും
ബന്ധമുണ്ടെന്നുസമ്മതിച്ചാലും, ഭാഗ്യവിവാഹ-
ധനാദികാര്യങ്ങളിൽ, ഗ്രഹങ്ങൾതൻ പങ്കെന്തെന്ന്
സങ്കല്പിക്കപോലുമസാദ്ധ്യം തന്നല്ലയോ സഖേ!
ജ്യോതിശാസ്ത്രമെന്നുപറയുവത് തെറ്റല്ലയോ?
ഇത്, ശാസ്ത്രമേയല്ല, വെറും ജ്യോതിവിഷം മാത്രം,
ജ്യോതിസ്സുകളെ മാത്രം ആരാഞ്ഞിരുന്നതുമാറ്റി
ഭാഗ്യാരോഗ്യാദി കാര്യങ്ങളടിച്ചതിൽ കയറ്റും
മുൻപതൊരു, ശാസ്ത്രമായിരുന്നു; സൂത്രശാലികൾ
കളിപ്പീരുപണിയില്ക്കൂടി, ധനാഗമമാർഗ്ഗം
കണ്ടെത്താനുതകും, ജാതകമതിൽ കുത്തിക്കേറ്റി.

പ്രശ്നംവയ്ക്കുവോർ, ജാതകം കുറിക്കുവോർ, പറയും
അവരുടെ, പ്രവചനം അപ്പാടേ ഫലിച്ചെന്ന്;
എന്തിന്, ഭൂമികുലുക്കം, പ്രളയം, ഇവ പോലും
പ്രവചിച്ചുനടപ്പാക്കിടുമിക്കൂട്ടർ, എന്നുമേ!
രാഷ്ട്രനേതാക്കൾ, ശാസ്ത്രജ്ഞന്മാർ, പ്രശസ്തവ്യക്തികൾ,
എന്നിവർതൻ മരണം, സ്ഥാനലബ്ധി, ആദി അവ
മുൻകൂർ, പ്രസ്താവിച്ചതായിട്ടെടുത്തുകാട്ടുമവർ!
മടയന്മാരെ, കബളിപ്പിച്ച് ജീവിതമാർഗ്ഗം
ഊറ്റി എടുക്കുമവർ, പ്രവചിച്ചുഫലിക്കാതെ
പോയവകൾക്ക്, പ്രചാരം ലഭിക്കാതെ പോകുമ്പോൾ,
ഫലിച്ചവകൾക്ക്, പ്രചാരം ലഭിക്കുന്നെന്നതു-
താനവരുടെ, വിജയരഹസ്യം, എന്നോർക്കണം!
പത്തുപ്രവചനങ്ങൾ, നടത്തുമവയിൽ വെറും
ഒരെണ്ണം ശരിയാകുകിൽ, അതിനു വൻ പ്രചാരം!
നടക്കാത്തൊൻപതിൻ കാര്യം ആരുമേ അറിയാതെ
മറന്നുപോയിടും, 'മനുഷ്യന്മാർ' എന്നേക്കുമായി.

പട്ടണങ്ങളിലൊന്നു പരതി നോക്കൂ, അവിടെ-
ക്കാണാം, വൻ മാളികകളിലാണീക്കൂട്ടർ താമസം!
ദൈവത്തിനു കൈക്കൂലി നൽകി, ചൊവ്വാദോഷം ആദി
ദോഷങ്ങളെല്ലാം, മാറ്റിക്കൊടുക്കും ഈ ബുദ്ധിമാന്മാർ!
അതിനു സഹായകമാകും വകുപ്പുകൾ പോലും
ജ്യോതിഷത്തിലുണ്ടെന്നതല്ലേ, ഇവർതൻ വിജയം!
മണ്ടന്മാർ കൂടിക്കൂടി വരാനും, സാദ്ധ്യത കാണാം
ഈ പ്രശ്നംവയ്പുകാർതൻ, സ്വന്തമജ്ജാതകമതിൽ!
ഇവരുടെ മായാജാലത്തിൽ നിന്നും, രക്ഷപെടൂ
മനുഷ്യക്കോമരങ്ങളേ, അന്ധതയിൽ നിന്നെന്നും.

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-

നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ......സ്നേഹം, അതുമാത്രം പവിത്രം!

((((((((o))))))))

വിധി!

മനുഷ്യൻെറ മഹാ കണ്ടുപിടിത്തം, മഹാത്ഭുതം,
ഏതുരോഗത്തിനും പറ്റിയ ഒറ്റമൂലി അത്;
മരുന്നെന്നാ, മരുന്നിങ്ങനെതന്നെ ഇരിക്കണം!
ഈ മരുന്നാണ്, പണ്ടും, ഇന്നും, എന്നും മനുഷ്യന്
സാന്ത്വനം നൽകിയതും, നൽകിക്കൊണ്ടിരിക്കുവതും!
ഓരോരോ മനുഷ്യൻെറയും ജീവിതം, ഇന്നയിന്ന
രീതിയിൽ എന്ന്, മുൻകൂട്ടി നിശ്ചയിക്കുമാ ജോലി,
മഹാ കഷ്ടം പിടിച്ച ആ ജോലി, ദൈവത്തിനങ്ങു-
വിട്ടുകൊടുത്തൂ ബുദ്ധിരാക്ഷസർ, ഈ ദൈവത്തിനെ
സൃഷ്ടിച്ച, മതത്തേ സൃഷ്ടിച്ച, നിഷ്ടൂര മനുഷ്യർ!
നല്ലതാകിൽ ആർക്കും സന്തോഷിക്കാം, മറിച്ചെന്നാകിൽ
അതിനും സമാധാനം കണ്ടെത്താൻ ഉത്തമമാർഗ്ഗം!
'വിധി', എല്ലാം വിധി; എന്നുസമാധാനിക്കാമാർക്കും!
തോറ്റാൽ വിധി; അപകടമുണ്ടായാൽ വിധി; അംഗ-
വൈകല്യശിശു ജാതമായാൽ വിധി; ബന്ധമത്
എന്താകിലും, ദാമ്പത്യമാകിലും തെറ്റിപ്പിരിഞ്ഞാൽ
അതും വിധി; കാള കുത്തിയാൽ വിധി; തീ കത്തിയാൽ
വിധി; കുടിച്ചുമറിഞ്ഞാൽ വിധി; ഇടിയതങ്ങ്
വെട്ടിയാൽ വിധി; മദ്യപിച്ചു ചത്താൽ, അതും വിധി!

ഒരാളുടെ വിധി, മറ്റൊരുവൻെറ ഭാഗ്യമായി
മാറിടും, മതത്തിൻെറ മറവിൽ, അതും വിധിയോ?
ജ്യോത്സ്യൻെറ ഭാഗ്യം, പാപപരിഹാരമാർഗ്ഗം കാണും
അവറ്റകൾതൻ ഭാഗ്യം, പാപമകറ്റും പൂജാതി-
കർമ്മങ്ങൾക്കവശ്യസാധനവില്പനക്കാരവർ
ഭാഗ്യം, പുരോഹിതർ ഭാഗ്യം, മതാചാര്യന്മാർ ഭാഗ്യം,
പൂജാരികൾ ഭാഗ്യം, അങ്ങനെത്രയെത്ര ഭാഗ്യക്കാർ!

കർമ്മം ചെയ്യാത്തവനു കർമ്മഫലം ലഭിക്കായ്കിൽ
അതും വിധി, നന്മചെയ്യുമവർക്കു തിന്മയാണു
ലഭിക്കുവതെങ്കിൽ അതും വിധി, ദൈവനിശ്ചയം!
വിഷവാതകയറയിലിട്ടൊത്തിരി എണ്ണത്തെ

'ഹിറ്റ്ലർ' കൊന്നൊടുക്കിയെങ്കിൽ, ചത്തവർതൻ വിധി!
'ഹിരോഷിമയിലും', പിന്നെ 'നാഗസാക്കിയിലും' ആ
അണുബോംബുവീണ്, ഒത്തിരി എരിഞ്ഞുകരിഞ്ഞ്
ബലി ആയെങ്കിലതും, ചത്തവർതന്നുടെ വിധി!
'സുനാമി' അക്രമത്തിലൊത്തിരി വെള്ളത്തിലാണ്ടു
കുടിച്ചുമറിഞ്ഞുചത്തെങ്കിൽ, ചത്തവർതൻ വിധി!
ഹജ്ജ്, പെരുന്നാളുകൾ, കുംഭമേള മുതലായി
ആ തീർത്ഥാടനവേളകളിൽ, കരിഞ്ഞോ ഞെരിഞ്ഞോ
ഒത്തിരി ചത്തുതീർന്നെങ്കിൽ, അതും ചത്തവർ വിധി!
തീവ്രവാദിവെടിയേറ്റ്, ശിശുഭവനതിലെ
പിഞ്ചോമനകളോ, ചന്തയിൽ കൂടിയ അനേകം
നിർദ്ദോഷികളോ, പള്ളിയിൽ പ്രാർത്ഥനയിൽ മുഴുകി-
യതാം ഭക്തരോ, ചത്തുകിട്ടുകിലതവർ വിധി!
'യൂണിയൻകാർബൈഡ്' വിഷവാതകത്തിൻ വ്യാപനം
ഒത്തിരി എണ്ണത്തെ കൊന്നെന്നാകിൽ, ചത്തവർ വിധി!

പ്രകൃതിക്ഷോഭങ്ങളിൽ ഒട്ടനവധി ഒന്നിച്ച്
ഒരേസമയത്തൊരേസ്ഥലത്തൊരേ രീതിയിൽ ആ
മരണം സംഭവിക്കുന്നു എങ്കിൽ, കരുതിക്കൂട്ടി
മുൻകൂട്ടി, ഒരേ വിധി ഉള്ളോരെ, ദൈവം, തിരഞ്ഞു-
പിടിച്ചൊരേസ്ഥലത്തൊരേസമയത്തൊരുമിച്ച്
കൊണ്ടുവന്നതായിരിക്കാം, മേപ്പടി പോലെതന്നെ!
അപാരം തന്നല്ലയോ ദൈവത്തിൻ, പരിപാടികൾ-
ക്രമീകരണ വൈദഗ്ദ്ധ്യം, ആസൂത്രിതക്കൊലയ്ക്ക്!

നവജാതശിശുവിനെ, കഴുത്തുഞെരിച്ചൊരാൾ
കൊന്നെന്നാകിൽ, അതുപോലും ദൈവനിശ്ചിതവിധി!
ശൂന്യാകാശപേടകത്തിലൊരാൾ പോയി, അതങ്ങു
പൊട്ടിച്ചിതറി മരിക്കിലതും, ദൈവത്തിൻ വിധി!
മതമേതാകിലും, ദേവാലയങ്ങൾ നശിപ്പിക്ക-
പ്പെടുകിൽ, അത് ആ ദൈവത്തിൻെറ, സ്വന്തമാം വിധി!
ഏതെങ്കിലും വിധി, തെറ്റെന്നാർക്കെങ്കിലും തോന്നുകിൽ
അതു, മുൻജന്മപാപഫലമായിട്ടങ്ങുതട്ടാം!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ.....സ്നേഹം, അതുമാത്രം പവിത്രം!

((((((((((o))))))))))

ദൈവത്തിൻ ഇഷ്ടാനിഷ്ടങ്ങൾ!

ക്ഷേത്രാന്തരേ തുകൽ! അതന്നും ഇന്നും നിഷിദ്ധം താൻ!
ആ, ചത്ത ജീവിതൻ തൊലി, എന്നതാകാം കാരണം!
തുകലിൻ കാര്യത്തിലും, നികൃഷ്ടത കല്പിക്കലിൽ
പക്ഷപാതമുണ്ടല്ലോ ദൈവത്തിന്, അവിടെയും!
കൊട്ടുവാദ്യോപകരണങ്ങളിൽ എതിർപ്പില്ലതിൻ
ഉപയോഗം, ഈ താളമേളങ്ങൾ കേട്ടാസ്വദിക്കാൻ!
കുട്ടിപ്പുരോഹിതന് പൂണൂലിൻ സ്ഥാനത്ത് ഒരു
'ക്രോസ്സ്ബെൽറ്റു' പോൽ, കൃഷ്ണാജിനം(മാൻതോൽ)
ആകാം പോലും!
ശുദ്ധം ഒന്നായ നിന്നെ, രണ്ടെന്നുകണ്ടതിൽ ഖേദം!
പട്ടുനൂൽപുഴുക്കൾ കോടാനകോടികളെ കൊന്ന-
ല്ലയോ, പട്ടുവസ്ത്രനിർമ്മിതി നടത്തും, മാനവൻ!
മരിച്ചാൽ പുലയും, ജനിച്ചാൽ ബാലായ്മയും എല്ലാം
ആചരിക്കും ഭഗവാന്, ചത്തതിൻ നൂല് ആകാം;
പട്ടുനിർമ്മിത ഉടയാടകൾ ചാർത്തുവാൻ മോഹം!
നിർമ്മിച്ചില്ലാരുന്നീമനുഷ്യൻ, പട്ടുവസ്ത്രമെങ്കിൽ,
ഹോ! ചിന്തിക്കാനാകുന്നില്ല, പാവം ദൈവത്തിൻ കാര്യം!
ചത്ത ശംഖിൻ, ഇമ്പശബ്ദം തരും തോടും, ഇഷ്ടം താൻ!

ദൈവം, മനുഷ്യന് നന്ദി പറയേണ്ട കാര്യങ്ങൾ
വേറെയുമുണ്ട് പലതും; ചില മതദൈവങ്ങൾ
മെഴുകുതിരിദീപം ഇഷ്ടപ്പെടുന്നു, എന്നുമേ!
ദേവീദേവന്മാർ പലർക്കും, വെടിതൻ ശബ്ദം, അഹോ,
എന്തിഷ്ടമാണെന്നോ, അതാണ് വെടിവഴിപാട്
ദേവാലയങ്ങളിൽ പലേടത്തും, അതിവിശിഷ്ടം!
മഹാൻ ശാസ്ത്രജ്ഞൻ, ഈ വെടിമരുന്ന്, ഒരിക്കലും
കണ്ടുപിടിച്ചില്ലായിരുന്നെങ്കിൽ, ഈ ഈശ്വരന്മാർ
ഓ! ദുഃഖാധിക്യത്താൽ, നീറി നീറി, വെണ്ണീറായേനേം!

പണ്ടത്തെ, ഞൊട്ടയ്ക്കാ വെടിശബ്ദം, ഒന്നും തന്നിന്ന്,
ദൈവങ്ങൾക്കിഷ്ടമല്ലാതായിത്തീർന്നിരിയ്ക്കുന്നല്ലോ!
പുതു നല്ല വെടിശബ്ദങ്ങൾ, കേൾക്കുവാൻ വെമ്പലിൽ
ഭീകരർ കൈയ്യിൽ ദൈവം കൊടുത്തതാകാം, 'ഏ.കേ.47'!
അണുബോമ്പ് സ്പൊടനശബ്ദം, ഇഷ്ടമായിരിക്കാം!

ദൈവങ്ങൾ തന്നുടെ, സംഗീതാസ്വാദനക്കഴിവിൽ
വൻ മാറ്റങ്ങളല്ലയോ ഇന്നു വന്നിരിക്കുവത്!
സിനിമാഗാനഈണഭ്രാർത്ഥനാഗാനം, 'ഡ്രം ബീറ്റ്',
വിദേശസംഗീതോപകരണശബ്ദം, ഇതെല്ലാം
ദൈവങ്ങളെ, ഹഠാലാകർഷിക്കുന്നിന്നിവിടെയും!
'ടേപ്പോ സീ.ഡീ.യോ', എന്തെങ്കിലും വച്ചുകൊടുക്കുന്നു
ദേവാലയങ്ങളിൽ പലതിലുമിന്ന്, വെറുതേ

ദൈവത്തിനങ്ങുകേട്ടുകൊണ്ടിരിക്കാൻ; മറ്റാരുടേം
ശല്ല്യമേ ഇല്ലാതെ; എന്തെന്നാൽ, മനുഷ്യരാരുമേ
ആ അയൽപക്കത്തെങ്ങുമേതന്നുണ്ടായിരിക്കില്ല!

ഇതിൽ നിന്നെല്ലാം, ഈ നിർമ്മല മനുഷ്യൻ, എന്താണു-
മനസ്സിലാക്കേണ്ടത്, ദൈവത്തിന്നിഷ്ടാനിഷ്ടങ്ങൾ
തീരുമാനിക്കുവത്, ദൈവമല്ല; മനുഷ്യനെ
ദൈവത്തിൻ പേരിൽ, പറ്റിക്കും, പുരോഹിത-സന്ന്യാസി
വർഗ്ഗം, അവർ നിലനില്പിനും മുതലെടുപ്പിനും!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ......സ്നേഹം, അതുമാത്രം പവിത്രം!

((((((((((o))))))))))

ദിവ്യത്വവും മനുഷ്യത്വവും!

ഈ പ്രപഞ്ചം പോലും, സ്വയമേ സൃഷ്ടിക്കുവതിനു
കഴിവുള്ളതാം ദൈവത്തിന് മനുഷ്യൻ സഹായം
ആവശ്യമില്ലൊട്ടുമേ; മനഷ്യൻ കഴിവുകൾക്കും
കഴിവുകേടുകൾക്കും, ദൈവം സൃഷ്ടിച്ചുനൽകിയ
ആ തലച്ചോറാകയാൽ, ദൈവംതാനുത്തരവാദി
എന്നിരിക്കെ, സ്വസൃഷ്ടികൾതൻ എല്ലാ ഗുണത്തിനും
അവർ ഉന്നമനത്തിനും സന്തോഷത്തിനും, പിന്നെ
ആരോഗ്യാദി എല്ലാക്കാര്യങ്ങൾക്കും വേണ്ടതെല്ലാമേ
ചെയ്യേണ്ടത് ദൈവത്തിൻെറതന്നെ, കടമയല്ലേ!
നമ്മൾ സന്താനങ്ങൾക്ക് ജന്മം നൽകുമ്പോൾ, ഇതെല്ലാം
നമ്മൾ അവർക്കുവേണ്ടി, ചെയ്തുകൊണ്ടിരിക്കുന്നില്ലേ?
അപ്പോൾ, ദൈവം അങ്ങനെ ചെയ്യാതിരിക്കുന്നുവെങ്കിൽ
നമ്മൾ ദൈവത്തിൻ സൃഷ്ടികളല്ലെന്നത് നിശ്ചയം!
നാം, നമ്മുടെ കുഞ്ഞുങ്ങൾക്കായി, അറിഞ്ഞുകേട്ടല്ലെ
വേണ്ടതെല്ലാം കാലാകാലം, ചെയ്തുകൊണ്ടിരിക്കുന്നെ;

നമ്മുടെ കുഞ്ഞുങ്ങൾ, നമ്മളെ ആരാധിക്കുകയും
പുകഴ്ത്തുകയും എല്ലാമേ ചെയ്യുവതുകൊണ്ടാണോ;
അല്ലല്ലോ, അതുനമ്മുടെ കടമ എന്നുള്ളതാം,
ഉറ്റബോധം, നന്നായ് നമുക്കുള്ളതുകൊണ്ടല്ലയോ?
നമ്മുടെ കുഞ്ഞുങ്ങൾ പ്രായപൂർത്തി ആകിലും, അവർ
നമുക്കെന്നും കുഞ്ഞുങ്ങൾതന്നല്ലയോ; എന്നതുപോൽ
നമ്മളും, പ്രായമാകിലും, ദൈവത്തിനു കുഞ്ഞുങ്ങൾ!
നമുക്ക് കഴിവുകേടുകൾ ഉണ്ടെങ്കിലല്ലേ, നാം
കുഞ്ഞുങ്ങളിൽ നിന്നും, എന്തെങ്കിലും പ്രതീക്ഷിക്കുള്ളു;
ദൈവത്തിന് കഴിവില്ലാതൊരിക്കലും വരില്ല
ആകയാൽ, ദൈവം നമ്മിൽനിന്നൊന്നും പ്രതീക്ഷിക്കില്ല!

ആരാധനയും വഴിപാടും നേർച്ചയും, പുകഴ്ത്തി-
ക്കൊണ്ടുള്ള പാട്ടും, വീടും, ഒന്നുംതന്നെ ദൈവത്തിന്
വേണ്ടാ എന്നുള്ളതുതന്നാണ്, യഥാർത്ഥത്തിൽ സത്യം!
അപ്പോൾ പിന്നിതിനൊക്കെ ആവശ്യം, ആർക്കാണെന്നത്
വ്യക്തമല്ലേ; ദൈവത്തിൻ പേരിൽ, മനുഷ്യനെ എന്നും
പറ്റിച്ച് മുതലെടുത്ത്, കള്ളച്ചോറുതിന്നങ്ങ്
സൂത്രത്തിൽ, സുഖലോലുപരായി ജീവിക്കും ജന-
വഞ്ചകരാം, പുരോഹിത-സന്ന്യാസി വർഗ്ഗത്തിന്!
മുതലാളി-തൊഴിലാളി ബന്ധമൊന്നുമല്ലല്ലോ
ദൈവവും മനുഷ്യനുമായിട്ട്, പുകഴ്ത്തപ്പെടാൻ!
ആരാധനാദി ഒന്നും ആവശ്യമില്ലെന്നിരിക്കെ
പിന്നെന്തിന്, ദൈവകാര്യങ്ങൾക്കായൊ'രസിസ്റ്റൻറ്റ്'!
ആ'അസിസ്റ്റൻറ്റിനെ' ആരാധിക്കുവതിന് കുറേ
അന്ധവിശ്വാസികളുണ്ടെന്നതാണ് മഹാ കഷ്ടം!
ഇപ്പുരോഹിതവർഗ്ഗത്തിനെങ്ങനുണ്ടാകും, മഹാ-
ദിവ്യത്വം, അവരും വെറും മനുഷ്യർ, മഹാ നീചർ!
യജമാനനെ ഭയപ്പെടാം, വേലക്കാരനേയും
ഭയപ്പെടേണമോ; യജമാനൻഗുണമൊന്നുമേ
വാല്യക്കാരനുലഭിക്കില്ല, കക്കാൻ ശ്രമിക്കിലും!
ഒരുവഴിക്കീദിവ്യർ, മറ്റുള്ളവർ രോഗശാന്തി
വരുത്തും, വെറും പ്രാർത്ഥനകൊണ്ടുമാത്രം; പക്ഷേ, തൻ
കാര്യം വരുംനേരം, ആസ്പത്രിതാനെന്നുമഭയം!
ചിന്തിക്കാനതിലുണ്ട്, കത്തിക്കാനും അതിലുണ്ട്;
ഇന്നല്ലയോ, ഒരു ലോകമഹാമഹാദിവ്യനെ
ശസ്ത്രക്രിയപോലും നടത്തി, ആസന്നമരണം
തടഞ്ഞ്, ഭിഷഗ്വരന്മാർ രക്ഷിച്ചങ്ങെടുത്തത്!

'ഡോക്ടർ ജോബി'ൻെറ രക്തപ്രവാഹത്തടസം, വെറും
പ്രാർത്ഥന കേട്ട്, ദൈവം ചെറുധമനി വളർത്തി-
പ്പോലും, സുഖപ്പെടുത്തിയെങ്കിൽ, എന്തുകൊണ്ടാണിന്ന്,
ദൈവത്തിനു തൊട്ടടുത്താളാകുമിദ്ദേഹത്തിനെ
സുഖപ്പെടുത്താൻ, വൈമനസ്യം വന്നു; ആസ്പത്രിയിൽ
തന്നെത്തി, മനുഷ്യരാൽ ചികിത്സിക്കപ്പെട്ടീടുവാൻ!
ദിവ്യത്വമില്ലീയുലകിലാർക്കുമേ, ഉണ്ടെന്നങ്ങ്
പറയുവത്, ഒന്നുകിൽ പച്ചക്കള്ളം, അല്ലെങ്കിൽ
അഭിനയമോ, അന്ധവിശ്വാസമോ, വഞ്ചനയോ!
മനുഷ്യദൈവങ്ങൾ, ദൈവശക്തിയുള്ളോർ, ദിവ്യന്മാർ,
എന്നതെല്ലാമേ, നൂറുശതമാനവും തട്ടിപ്പ്;

എന്നതിന്നുപോലും ഈ മനുഷ്യൻ, അംഗീകരിക്ക-
വിസമ്മതിക്കുകിൽ, അവൻ കഷ്ടകാലം തന്നത്.
മനുഷ്യത്വത്തെ വെല്ല, ഈ ദിവ്യച്ചതിയർക്കൊന്നും
ഒരിക്കലും സാദ്ധ്യമല്ലെന്നത്, നാം ഓർക്കേണമേ.

ദിവ്യമനുഷ്യവേഴ്ചകളെക്കുറിച്ചും, അതുപോൽ
ദിവ്യക്കൊലകളേക്കുറിച്ചും, ലോകമെമ്പാടുമേ
വാർത്തകളിന്നനവധി; പണ്ടിവ, മനുഷ്യർക്ക്
അറിയുവാൻ പറ്റിയിരുന്നില്ല, മതത്തിൻെറ ആ
രഹസ്യ-ചട്ടക്കൂടുകൾ-ഭേദനം, അന്നസാദ്ധ്യം!
മനുഷ്യത്വം ഇല്ലാത്തവനെങ്ങനൊക്കും, ദിവ്യത്വം?
മതവ്യത്യാസമെന്നിയേ, ദിവ്യത്വക്കോമാളികൾ,
ഇന്ന് പിടിക്കപ്പെടുന്നു, കേസെടുക്കപ്പെടുന്നു;
കാര്യമായി ശരിക്കുള്ള തെളിവില്ലാതെ, മത-
ക്കോമരങ്ങളെ, തടവിലാക്കില്ലൊരുനാളുമേ!
പക്ഷെ, തെളിവുകളൊക്കെ തേച്ചുമാച്ചുകളയാൻ
വിദഗ്ദ്ധരായിരിക്കും, ഈ വക വേലകളെന്നും,
രഹസ്യം, പദവിദൂഷണം ചെയ്യുമവരെല്ലാം!

പുരോഹിത ആരാച്ചാരന്മാരും, വധ ആചാര്യ-
ന്മാരും, സ്ത്രീപീഡന പുരോഹിതരും ആചാര്യരും
വിലസും ഈ ഭൂവിൽ, നന്മ വളരില്ലൊരിക്കലും!

ഇപ്പുരോഹിത-ആചാര്യ-സന്ന്യാസി വർഗ്ഗം, എന്നീ
ലോകത്തില്ലാതാകുന്നുവോ, അന്നുമാത്രമേ ലോകം
ഗുണം പിടിക്കുള്ളു, മനുഷ്യർ രക്ഷപെടുകുള്ളു!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ.....സ്നേഹം, അതുമാത്രം പവിത്രം!

((((((((((o))))))))))

വെട്ടിത്തുറന്ന ഭാഷ്യം!

വെട്ടിത്തുറന്ന ഭാഷണം, അവർ തട്ടിത്തകർക്കും;
ഒട്ടും പിടിക്കില്ലീകൂട്ടർക്ക്, ആകയാൽ വെറുക്കും!
കുറ്റബോധച്ചെറ്റകൾ പറ്റും വറ്റ്, അവറ്റകൾ-
തൻ തെറ്റതിനെ പെറ്റിട്ട, ഉറ്റവർതൻ തോറ്റം താൻ!
തെറ്റൊരിക്കലും ഭഗവാനു പറ്റില്ലെന്ന കുറ്റ-
മറ്റ, ഉറ്റവിശ്വാസം, പറ്റിക്കലിൻ ശിഷ്ടമല്ലേ?
ദൈവത്തിനതുതെറ്റെന്ന്, അന്നൊരിക്കലും, ഒട്ടും
തോന്നിയിരുന്നില്ലെന്നതു നിശ്ചയം, ചിന്തിക്കുകിൽ!
മറ്റവൻ, ഈ മനുഷ്യൻതന്നെ, ഈ തെറ്റും ശരിയും,
പിന്നെ, കാര്യലാഭത്തിന് എന്തിനോ തട്ടിക്കൂട്ടി!
ഉള്ളകാര്യം ഉള്ളതുപോൽ പറഞ്ഞെന്നാകിൽ, അതും
ദൈവകാര്യമാകുകിൽ, ഉള്ളുനോവേണ്ടതില്ലാർക്കും!
വെറുപ്പിൽ അർത്ഥമില്ല, നടന്ന കാര്യമാകയാൽ!
ലിംഗപ്രകരണം, അല്പം കൈകാര്യം ചെയ്യാതൊട്ടും
പറ്റുകില്ല, വിശ്വാസികളെന്നു കരുതുമവർ
ശരിക്കും വിശ്വാസികളല്ല, അന്ധവിശ്വാസികൾ
സത്യത്തിൽ, എന്നത് അവരിലെത്തിക്കുവതിന് !

ഒരാണും ഒരു പെണ്ണും മാത്രമാണ്, അന്ന്, ആദ്യം
ഉണ്ടായിരുന്നത്, അല്ല, ഉണ്ടാക്കപ്പെട്ടതെങ്കിൽ,
ഇന്നീ മനുഷ്യപ്രളയത്തിന്, തെറ്റെന്നിന്നു നാം
കരുതും, പലതും തന്നായിരിക്കണം കാരണം!

"ഫലഭൂയിഷ്ടരായിരിക്കയും, പെരുകുകയും
ചെയ്യുക നിങ്ങൾ...", താൻ സൃഷ്ടിച്ച ജീവികളോടെല്ലാം
ആജ്ഞാപിച്ചു ദൈവം, അക്കൂട്ടത്തിൽ മനുഷ്യനോടും!
ആണും പെണ്ണും, ഓരോന്നുമാത്രമായിരുന്നൂ അവർ
എങ്കിലും, ആജ്ഞ ശിരസാവഹിച്ചൂ അവരെല്ലാം!
ആജ്ഞ, അവരിൽ മാത്രം ഒതുങ്ങി നിന്നിരുന്നെങ്കിൽ,
ഒരു തലമുറകൊണ്ട്, പെരുക്കം നിന്നുപോയി
ജീവൻ തൻ പിൻതുടർച്ച, നിലച്ചുപോയിരുന്നേനേം!
അതിന്നും തുടരുന്നെങ്കിൽ, രണ്ടാം തലമുറയും,
ആജ്ഞ അനുസരിച്ചെന്നും, അങ്ങനെ അനുസ്യൂതം
അത്, തുടർന്നുപോരുന്നെന്നും ഉള്ള സത്യം തന്നെ!

നെറ്റി ചുളിക്കരുതാരും, തെറി പറയരുത്
എന്നെ ആരും, ദൈവാജ്ഞപ്രകാരം നടന്നതാകും
സത്യം മാത്രംതാൻ, ഞാനിവിടിപ്പോൾ തുടരുവത്!
ആ, ആദിമനുഷ്യനും മനുഷ്യീക്കും, കുറഞ്ഞത്
ഒരാൺകുഞ്ഞും ഒരു പെൺകുഞ്ഞും, ഉണ്ടായി എന്നങ്ങ്
സങ്കല്പിക്കിൽ, തൊട്ടടുത്ത തലമുറ, പിന്നുടൽ-
എടുക്കുവതിന്, മൂന്നേ മൂന്നു മാർഗ്ഗങ്ങൾ മാത്രം!
മാതാപുത്ര, പിതാപുത്രി, ആങ്ങളപെങ്ങൾ ബന്ധം
ലൈംഗികം; അതു താൻ, ഇന്നും, ഈ വംശപരമ്പര!

ഒരാണിനേയും ഒരു പെണ്ണിനേയും, നേരിട്ടങ്ങു
സൃഷ്ടിക്കാൻ, കഴിവേറിയ ദൈവത്തിനു വേണേങ്കിൽ,
ഒട്ടനവധി ആണിനേയും പെണ്ണിനേയും, ഒറ്റ-
അടിക്കങ്ങ്, സൃഷ്ടിക്കാമായിരുന്നില്ലേ; എന്നിട്ടും
അതുചെയ്യാതിരുന്നത്, ഒരേ ഒരു ജോടിയിൽ
നിന്നാപെരുക്കം, ശരി, അതുമതി എന്നതല്ലേ?
ഇതിന്, നാമിന്ന് ഭ്രഷ്ട് കല്പിക്കിൽ, അതിനർത്ഥം,
ദൈവം തെറ്റു ചെയ്തു എന്നത്, സ്പഷ്ടമാണെന്നല്ലേ?
പക്ഷേ, ദൈവത്തിനു തെറ്റു പറ്റാൻ പറ്റുകില്ലല്ലോ;
മതഗ്രന്ഥങ്ങൾ ഉദ്ഘോഷിക്കുവത്, അങ്ങനല്ലേ?
അപ്പോൾ, പിന്നെ തെറ്റെവിടേ, പറ്റിയിരിക്കുവത്?
മതഗ്രന്ധങ്ങൾ, വെറും ഭാവനാസൃഷ്ടികൾ മാത്രം;
ശരിയാണതിലേതെല്ലാം, എന്ന്, അന്ധമായിട്ട്
ധരിച്ചതാം, മനുഷ്യർക്കാണ്, തെറ്റുപറ്റിയത്!

വെട്ടിപ്പിനായി, തട്ടിക്കൂട്ടിയ കട്ടിഗ്ഗ്രന്ഥങ്ങൾ,
കെട്ടിപ്പിടിച്ചീ വിഡ്ഢികൾ, കെട്ടിൽ പെട്ടുപോയല്ലോ!

പ്രകൃതി സാഹചര്യങ്ങൾ, ജീവ-ഉല്പത്തിക്കനു-
കൂലമായപ്പോൾ, ആ സാഹചര്യം, എവിടെയൊക്കെ
ഭൂമിയിൽ ഉണ്ടായിരുന്നുവോ, അവിടെല്ലാം തന്നെ
ഏകകോശ ജീവനുടലെടുക്കുകയും, പിന്നെ
കോടാനകോടി വർഷപരിണാമത്തിലൂടെ, ഈ
രൂപത്തിലതെത്തി, എന്നതാണ്, ശരിക്കും സത്യം!

അല്ലാതെ, കുറെ കളിമണ്ണെടുത്ത്, മനുഷ്യരാം
പുരുഷനേയും സ്ത്രീയേയും, സ്വരൂപത്തിലുണ്ടാക്കി,
അതിൽ ഊതി, ദൈവം, ജീവൻ കൊടുത്തതൊന്നുമല്ല!
സ്വയംഭൂ താൻ, മനുഷ്യനെന്ന, ആ ഗ്രന്ഥങ്ങളിലെ
ഭാവനയും ശരിയല്ല; എന്തെന്നാകിൽ, ആദിയിൽ
ഏകകോശ ജീവിയിൽ തുടങ്ങി, പരിണാമത്തിൽ-
കൂടി, കുരങ്ങു-മനുഷ്യനിൽ എത്തി, അതിൽ നിന്നു-
മാണ്, മനുഷ്യനുണ്ടായത്; അല്ലാതൊരു സുപ്ര-
ഭാതേ, സ്വയം, ശൂന്യതയീന്നു ചാടി വീണതല്ല!

ചാറ്റമഴയ്ക്കാ കുമിളുകളങ്ങുകിളിർക്കും പോൽ,
ഒരേ സാഹചര്യത്തിൽ, അനേകമനേകമവർ,
ആണും പെണ്ണും, രൂപം പ്രാപിച്ചിരിക്കാം; ഒന്നുവീതം-
അല്ല, പെട്ടെന്നല്ല, ഒത്തിരി വർഷങ്ങളിലൂടെ!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറിച്ചുമുതലെടുക്കും, എന്നും ഇവർ!
ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ......സ്നേഹം, അതുമാത്രം പവിത്രം!

((((((((((o))))))))))

നേർച്ചകൾ!

പണ്ടു പണ്ട്, പ്രാചീന ശിലായുഗത്തിനും മുൻപ്,
വനാന്തരങ്ങളിൽ അലഞ്ഞു തിരിഞ്ഞ് മനുഷ്യൻ
നടന്നിരുന്നപ്പോൾ, വലിച്ചെറിഞ്ഞിരുന്നൂ അവൻ,
അവിടെയും ഇവിടെയും, ആഹാര ഉച്ഛിഷ്ടങ്ങൾ!
ഭക്ഷിച്ചിരുന്നൂ ആ ഉച്ഛിഷ്ടങ്ങൾ, പക്ഷികളും ആ
മൃഗങ്ങളും; പക്ഷേ, വ്യത്യസ്തമായിട്ടാ ശുനകൻ
വാലാട്ടിക്കാട്ടി, ഒട്ടിനിന്നുരുമ്മീ, കാൽ വണ്ണയിൽ!

നന്ദിപ്രകടനം, അതുകണ്ടമ്പരന്നു നിന്നൂ
മനുഷ്യർ; പിന്നെയും പിന്നെയും നന്ദിപ്രകടനം
നീണ്ടു നീണ്ട്, വേട്ടയാടും വേളയിൽ, മാനവന്
എന്നും, ശ്വാനൻ നൽകീ തുണ, പ്രത്യുപകാരമായി!

ദൈവത്തിനെക്കുറിച്ചന്ധവിശ്വാസം, മനുഷ്യനെ
കടന്നാക്രമിച്ചപ്പോൾ, "ദവ്വത്താനും എന്തെങ്കിലും
കൊടുത്തെന്നാകി നമ്മ ദുരുതങ്ങക്കു ചമനം
കിട്ടിടും", എന്നു നിരൂപിച്ചവൻ, "ആ തെയ്യങ്ങക്കും
തിന്നാൻ തീറ്റ", നൽകുവാൻ തുടങ്ങീ, വൻപ്രതീക്ഷയിൽ!

തങ്ങളിലൊരാളാവനത്തീജ്വാലയിൽ വെന്തതോ;
ജലക്ഷോഭത്തിൽ മുങ്ങിക്കുടിച്ചുമറിഞ്ഞ്, എങ്ങോ
അപ്രത്യക്ഷമായതോ; കൊടുങ്കാറ്റിൽ പെട്ടൊരുവൻ,
തലതല്ലിച്ചത്തവർമുന്നിൽ വന്നങ്ങുവീണതോ;
വീഴും വൃക്ഷത്തടിക്കീഴിലമർന്നങ്ങുഞെരിഞ്ഞ്
കൈകാലുകളിട്ടടിച്ചലറി, അവർ കൺമുൻപിൽ
പിടഞ്ഞു പിടഞ്ഞ്, കരഞ്ഞു കരഞ്ഞ്, ചത്തതോ;
ഏതോ നേടിക്കൊടുത്തു, ആ കാട്ടുമനുഷ്യർക്കന്ന്;
"ജീവന്താൻ ദവ്വത്താനിട്ടം, കൊടുക്കും തീറ്റയെക്കാ;
ഒരാളെക്കൊന്നങ്ങുജീവൻ, നമ്മ കൊടുക്കിണെങ്കി
ഇട്ടപ്പെടും ദവ്വത്താനത്, നന്നി കാട്ടുമത്,
നന്നായി, തുണയും നമുക്കു ദവ്വം തന്തീടുമേ!"
മനകൈമാറ്റം, കൈക്രിയയിലായിരുന്നിരിക്കാം!

ഭഗവാന്, നരബലി നേർച്ചക്കാരംഭം, അന്ന-
ങ്ങനെ, കുറിക്കുകയായി; ആദ്യം, എതിരാളികൾ,
പിന്നെ, കടത്തിക്കൊണ്ടുവരപ്പെട്ടവർ, അങ്ങനെ
നീണ്ടു നീണ്ടു പോയീ, ആ പട്ടിക, കാലാനുകാലം!

പരിഷ്കൃതമനുഷ്യന്, എന്തൊക്കെയോ ചിലത്
തെറ്റെന്നുതോന്നിത്തുടങ്ങിയപ്പോൾ, കൊണ്ടുവന്നൂ
നരബലിനിരോധനം; ചിലരെങ്കിലും, അവർ
എതിർപ്പിന്നും രേഖപ്പെടുത്തുന്നൂ; രഹസ്യമായി
അങ്ങിങ്ങിന്നും, നരബലി, നടത്താറുണ്ട്; ദൈവ-
പ്രീതിക്കായി, അവിവേകികൾ, മുതലെടുപ്പുകാർ!

ശിക്ഷഭയന്നാദ്യം, മറ്റു പക്ഷിമൃഗാദികളെ-
കൊന്നീശ്വരപ്രീതി നേടി സംതൃപ്തനായീ, അവൻ!
അതും നിരോധിക്കപ്പെട്ടപ്പോൾ, അഭയമൊന്നവൻ
കണ്ടെത്തി, ആ ആർത്തിദൈവത്തെ, കബളിപ്പിക്കുവാൻ!
മാർഗ്ഗമത്, അതിവിദഗ്ദ്ധം, പാവം കുമ്പളങ്ങ-
യുടെ കഷ്ടകാലം; സസ്യഫലങ്ങൾതൻ കുരുതി
ശിക്ഷാവൈതരണിയിൽ നിന്നുരക്ഷിക്കുമെന്നുമേ!

അക്കുമ്പളങ്ങക്കുള്ളിൽ, കുങ്കുമം കുത്തിത്തിരുകി-
പൊട്ടിച്ചിടുകിൽ, കുടൽ ചാടി, ചോര വാർക്കും, ഒരു
പ്രതീതി, പ്രതിഫലിപ്പിക്കില്ലേ; മടയദൈവം,
അത്, വിശ്വസിച്ചു സംതൃപ്തനായി, പ്രസാദിച്ച്
വരങ്ങൾ നൽകിയങ്ങനുഗ്രഹിക്കില്ലേ, നമ്മളെ!
നാരങ്ങ മുറിച്ച് ചുണ്ണാമ്പും മഞ്ഞളും പുരട്ടി,
ചോര വാർന്നും ദൈവത്തെ പറ്റിക്കാമെന്നവൻ കണ്ടു!
നാരങ്ങമേൽ, വാഹനം കയറ്റിച്ചതച്ചരച്ചും
ഭഗവൽ പ്രസാദം നേടിടാം; ആർക്കെന്നറിയില്ല!

മനുഷ്യ ആഹാരമായി ഉതകും, ഈ വകകൾ
നശിപ്പിക്കും മനുഷ്യനെത്തന്നെ വേണം, കുരുതി!
പുഷ്പങ്ങൾ, പഴങ്ങൾ, അങ്ങനെ നേർച്ചകൾ വേറെയും
ഒട്ടനവധി ഉണ്ട്.... ഈ ഈശ്വരന്മാർക്കായിട്ട്!
ഈ വിധ നേർച്ചകൾ, എങ്ങനെ, നേർമ്മയുള്ളതാകും
നേരില്ലാത്തവർ, ദൈവത്തിനതു കാഴ്ച വയ്ക്കുകിൽ!

ഈ പ്രപഞ്ചേ, സർവ്വവും, ദൈവസൃഷ്ടിതന്നെയെങ്കിൽ
അവൻ സൃഷ്ടിച്ചതാം, അവൻേറതുതന്നാകുമിവ,
എന്തിനു, നാമെടുത്തവനു തന്നെ നൽകിടുന്നു;
അവനെ പറ്റിക്കുവാൻ, എല്ലാം നമ്മുടേതെന്നപോൽ
ഇക്കാട്ടും വേലകൾ, മനുഷ്യനെ പറ്റിക്കാനല്ലേ?
നേർച്ച വയ്ക്കാനും, ആരാധനയതു നടത്താനും
പടച്ചങ്ങുണ്ടാക്കീ നിയമങ്ങൾ ഒട്ടനവധി;
ബുദ്ധി ഉപയോഗിച്ചാ പുരോഹിത-സന്ന്യാസികൾ
തൻ വർഗ്ഗം; ദേഹമനങ്ങി ജോലി ചെയ്യാതവർക്കും
സിൽബന്ധികൾക്കും; മറ്റാളുകളെ, അമ്പേ.....പറ്റിച്ചു
തങ്ങൾതൻ ജീവിതം, വൻ ആഡംബരമാക്കീടുവാൻ!

തെറ്റുചെയ്യുമവൻ, ബുദ്ധിപൂർവ്വം, തനിയേ അതു-
നിർത്തുകില്ലെങ്കിൽ, രക്തരഹിത വിപ്ലവമതോ
രക്തവിപ്ലവമോ, അവരെ തുടച്ചുമാറ്റിടും-
നിശ്ചയം; ഈ ഉലകിൻ, ചരിത്രസത്യം താനത്!

പ്രവർത്തിക്കും മുൻപ്, ചിന്തിക്കില്ലീമനുഷ്യനെങ്കിൽ
അവനെ, പറ്റിച്ചുമുതലെടുക്കും, എന്നും ഇവർ!

ഇക്കൂട്ടർ കാട്ടിക്കൂട്ടും, അർത്ഥമില്ലാ വേലകളിൽ
പൊതിഞ്ഞു വച്ചിരിക്കും, പൊള്ളത്തരങ്ങൾ പൊളിക്കൂ!

അന്നുമിന്നും മടയർതന്നെ നാം; അത് ചരിത്രം!
മനുഷ്യനെ മടയനാക്കാൻ, പടച്ചോളൂ സൂത്രം;
പക്ഷേ, പാവങ്ങൾതൻ ബലി, അതുഘോരം, കുചിത്രം!
അന്ധത വെടിഞ്ഞാ......സ്നേഹം, അതുമാത്രം പവിത്രം!

((((((((((ഠ))))))))))

ഭാവീഭാവം!

ചരീ [illegible]

<u>സൃഷ്ടിച്ചുപോലുമവളെയുമവനെയും ദൈവം</u>
കഷ്ടിച്ചുപോലുമവർതൻ രൂപഭാവമൊന്നുമേ
സ്പർശിക്കില്ലൊരുമതവുമിന്നോളമുലകിതിൽ!
ശ്രദ്ധിക്കിലൊന്നുവ്യക്തം, ശിശുക്കളെങ്കിലെങ്ങനെ
വളർന്നവരാരുമേ വളർത്തുവാനായില്ലാതെ;
മുതിർന്നവരെങ്കിലെങ്ങനവർക്കുവശമായാ-
ഭാഷ; ദൈവമവരോടുരിയാടിയൊരാഭാഷ;
ഭാഷ ഒന്നുമേ അന്നില്ലെന്നിരിക്കെ, യുഗായുഗ-
ങ്ങളെടുത്തല്ലയൊ ഭാഷാരൂപമുടലെടുത്തു!

<u>മതങ്ങളെല്ലാമുരുവിടുന്നു, സകല ചരാ-</u>
<u>ചരങ്ങളുമവൻ സൃഷ്ടി...</u>യാണെന്നെങ്കിലുമതി-
ലെല്ലാം, നാസ്തി താൻ വിശദാംശ വിശദീകരണം!
അനന്തമജ്ഞാതമന്ധകാരമതിൽ മുങ്ങി നാം
തപ്പിത്തടഞ്ഞുത്തരമേ ലഭിക്കാതുഴലുന്നു.
ദൈവ്വോൽപ്പത്തി എങ്ങനെന്നതോ, അതിലും സങ്കീർണ്ണം.
ആരു ദൈവത്തെ സൃഷ്ടിച്ചെന്നതതിലുമജ്ഞാതം!
ദൈവമങ്ങനെതന്നുണ്ടായിരുന്നെന്നു വിശ്വസി-
ക്കുവാൻ നിർബന്ധിതരല്ലേ നമ്മളെല്ലാവരുമേ?

പെട്ടെന്നെന്തുനമ്മേത്തടഞ്ഞീപുരോഹിതരതി-
രുദ്രതാണ്ഡവമതാടി, പാപികളെന്നു നമ്മേ
മുദ്ര കുത്തുന്നെന്നതറിയില്ലേ, വിശ്വസിക്കത്ത-
ക്കുത്തരമവർക്കു കണ്ടെത്തുക വയ്യതുതന്നെ.

ആദി മുതൽ തന്നെ ദൈവമുണ്ടായിരുന്നതായി
നാമങ്ങംഗീകരിക്കുകിൽ, ആദിമുതലേ മറ്റു-
ള്ളവകളും മുഴുവൻ ഉണ്ടായിരുന്നതായുള്ള
ചിന്താഗതിയെന്തുകൊണ്ടങ്ങംഗീകരിക്കുന്നില്ല?

നിങ്ങൾതൻ ജീവിതമാർഗ്ഗം നേടിയെടുക്കാനായി
ദൈവം ജീവിച്ചിരിക്കേണ്ടതു നിങ്ങളുടാവശ്യം.
തികച്ചും വിശ്വാസയോഗ്യമായുള്ള ഉത്തരങ്ങൾ

നിങ്ങൾ നൽകാതിടത്തോളം, അന്വേഷണമനസ്സൊ-
രിക്കലും അടങ്ങിയിരിക്കില്ലെന്നതു നിശ്ചയം,
വഞ്ചന പ്രക്രിയ ശാശ്വതമാവില്ലൊരിക്കലും,
തീർച്ച, താമസംവിനാ തുറന്നു കാട്ടപ്പെടുമേ
നിങ്ങൾതൻ തൽസ്വരൂപം; എന്തിനു നെറ്റി ചുളിപ്പൂ?
പ്രപഞ്ചേ സർവ്വവും ദൈവസൃഷ്ടി..യെങ്കിൽ, ***സൂര്യനും,***
ചന്ദ്രനും, താരാപഥങ്ങളും, ഭൂമിയും അതുപോൽ
ഇതര ഗ്രഹങ്ങളും, ജന്തുക്കളും, സസ്യങ്ങളും,
രഹസ്യമല്ലവിടെ നടക്കും സകലവിധ-
കാര്യങ്ങൾക്കും, സൽ, ദുഷ്പ്രവൃത്തികൾ ഭേദമെന്നിയേ
സൃഷ്ടികർത്താവല്ലാതാരുത്തരവാദിയായിടാം?

നേർവഴി വിട്ട് നിയന്ത്രണമെന്നിയേ, മാനവ-
വികാരോം ചിന്തകളും പോകുവതല്ലേ കാരണം
ഈ മാനവൻ, വിശ്വാസവഞ്ചനക്കുറ്റവാളിയോ
കള്ളനോ കൊലപാതബലാൽസംഗലമ്പടനോ
ആയിത്തീരുവതെന്നു നല്ലവണ്ണം നാം ഓർക്കണം!

അതപ്രകാരമായതോ, ആ ദിശക്കു തിരിഞ്ഞ്
പ്രവർത്തിക്കുമൊരുമസ്തിഷ്ക്കമവർക്കതേ ദൈവം
പരിധിനിയന്ത്രണരഹിതമായി നൽകയാ-
ലല്ലയോ? പിന്നെന്തവകാശമാണാദൈവത്തിനു
സ്വന്തം തെറ്റിൻെറതന്നിരയെ പരീക്ഷിക്കുവാനോ
ശിക്ഷിക്കുവാനോ കരിതേച്ചു കാണിക്കുവതിനോ?

ശവത്തിൻെറയും ദൈവത്തിൻെറയും മുൻപിൽ, എന്തെല്ലാം
'കോക്കാം പീച്ചികള'ാണോ അവർ കാട്ടിക്കൂട്ടുവത്!
ജലം, ക്ഷീരം, നെയ്യ്.....എന്തെല്ലാം കൊണ്ടുള്ള കുളികൾ
ആണോ ഈ നൽകുന്നത്; ദൈവത്തിൽ അഴുക്കോ? ഭേഷ്!
ആരിൽ അഴുക്ക് കേന്ദ്രീകരിക്കുന്നുവോ അവർക്കു
മാത്രമേ സ്നാനം ആവശ്യമുള്ളെന്നതല്ലേ നിജം.
സ്വർണ്ണസ്നാനമെടുക്കുന്നു.......സർവവും സ്വർണ്ണമയം,
പരിപാവനമാം ദേവാലയങ്ങൾ, വിഗ്രഹങ്ങൾ,
ചന്ദ്രക്കലകൾ, കുരിശുകൾ........മനുഷ്യച്ചതിക്ക-
ല്ലാതെ, മറ്റെന്തുപയോഗമീപ്രഹസനങ്ങൾക്ക്!

പുഷ്പങ്ങൾ, പഴങ്ങൾ.....എല്ലാമവൻതൻ സൃഷ്ടിയെന്ന്
ഓതുന്നു നിങ്ങൾ, എന്തിന്നവൻേറതുതന്നവനു
നൽകുന്നു, അവൻതന്നെ സൃഷ്ടിച്ചതാം പൊരുളുകൾ,
നിങ്ങളാണവയ്ക്കുടമയെന്നപോൽ, ആദൈവത്തേ
പറ്റിക്കാൻ ശ്രമം, പണ്ടെങ്ങോ അവൻതന്നെ നിങ്ങൾക്ക്
തന്നതെടുത്തവനുതന്നെ നൽകിക്കൊണ്ടീവേല!

ദൈവം, അപാരകഴിവുകൾക്കുടമയാണെങ്കിൽ,
ഓരോരോ വ്യക്തിയുമായി തീർച്ചയായും നേരിട്ട്
കാര്യങ്ങൾ ഏകകാലത്തുതന്നെ കൈകാര്യം ചെയ്യാൻ
കഴിവുള്ളവനായിരിക്കെ, ദൈവത്തിനും മനു-
ഷ്യനുമിടക്ക്, വാർത്താവിനിമയത്തിനായൊരു
ദല്ലാലിൻ സാന്നിദ്ധ്യം കാണിക്കുവത്, വ്യക്തമായും
ദൈവത്തിൻെറ കഴിവുകേടല്ലാതെ മറ്റെന്താണ്!
ദൈവനിയന്ത്രണത്തിനതീതമായി, മാനവൻ

കൈവിട്ടു പോയെങ്കിൽ, ദൈവപാപ്പരത്വം തന്നാണു-
പരമദ്രോഹി! ദൈവങ്ങൾ സത്യത്തിൽ ദൈവമല്ല.

(ഏതെങ്കിലുമൊരു മതത്തിൽ നിന്നാരെങ്കിലുമൊ-
രുവന്, മതത്തിൻെറ സർവ്വ മണ്ഡലങ്ങളിലും
സർവ്വത്ര വ്യാപിച്ചുകിടക്കുന്ന ഈ സംശയങ്ങൾ
മാറ്റി വ്യക്തമാക്കിത്തരുവാൻ സാധിക്കുമോ, ചൊൽക?)

അപ്പോൾ, എല്ലാ വികലാംഗരും, ചിത്തരോഗികളും
അസുഖം ബാധിച്ചവരും, ദൈവം സ്വയം പകിട
കളിക്കുന്നതിൻ ഫലം തന്നല്ലയോ, പറഞ്ഞാലും.
മനുഷ്യസൃഷ്ടിയിൽ, ദൈവം പകിടകളിക്കുക-
തന്നായിരുന്നുവോ; പകിടകളി ദൈവത്തിനു
യോജിച്ചതോ; പലവട്ടം നിങ്ങൾ ചിന്തിച്ചുനോക്കു;
ബുദ്ധിജീവികൾ, തത്വജ്ഞാനികൾ, മഹാചിന്തകർ,
ശുദ്ധർ, മതഐന്ദ്രജാലക്കാർ, ദൈവവ്യാപാരികൾ.

കൂടുതൽ ചിന്തിക്കുന്തോറും, കൂടുതൽ സംശയങ്ങൾ
നാം നേരിടേണ്ടതായി വരുന്നു; വിശ്വാസങ്ങളിൽ
ചങ്ങാത്തം കണ്ടെത്തുക, എളുപ്പവഴിയായിട്ടീ-
അന്ധർ സ്വീകരിക്കുന്നു; തെളിവില്ലാവിശ്വാസങ്ങൾ
അന്ധമായി വിശ്വസിക്കുന്നവരാലോ, വൻതരം
ചതിയന്മാരാലോ പ്രചുര പ്രചാരതാ പൂർണ്ണം.

ഇപ്പ്രപഞ്ചം, ദൈവസൃഷ്ടിയെന്നവർ പറയുന്നു,
ദൈവോൽപ്പത്തി എങ്ങനെന്നു നാം കേൾക്കിൽ, അവർ നമ്മേ
നിശബ്ദരാക്കാൻ ശ്രമിക്കുന്നു, പാപം കാരണമായ്
ആരോപിക്കുന്നു, ഉത്തരമവർക്കൊന്നുമേ ഇല്ല.
ദൈവം പണ്ടേ ഉണ്ടായിരുന്നതായ് ചിലർ പറയും,
അതേ മനോവികാരത്തിൽതന്നെ, വിശ്വവ്യൂഹവും
പണ്ടേ ഉണ്ടായിരുന്നെന്ന് അംഗീകരിക്കാൻ മടി-
യാണവർക്ക്, എതിർക്കാൻ മാത്രമെന്തിനു ദൈവത്തെ
വൃഥാ, വലിച്ചിഴക്കുന്നവർ അതിനിടയ്ക്കേക്ക്?

ഒന്നാന്തരം ചതിയന്മാർ, അഥവാ അന്ധവിശ്വാ-
സികളാണവർ, കൊച്ചു ദൈവമായ് നടിക്കുന്നവർ.
പാവംദൈവത്തിൻെറ പേരിൽ, ജീവിതമാർഗ്ഗം നേടും
അവർ, ദൈവത്തെ വലിച്ചിഴച്ചീമനുഷ്യസമൂ-
ഹത്തിൽ, ഭയം സൃഷ്ടിച്ചവർക്കാവശ്യമുള്ള പണ-
മീചതിയന്മാർ ഊറ്റിയൂറ്റിയെടുക്കുന്നു എന്നും.
ദൈവത്തിലെത്തിച്ചേരുവാനുള്ള വഴി അധികം
കല്ലും മുള്ളും നിറഞ്ഞതെന്നു വിശദീകരിക്കും.
ദൈവത്തിനും മനുഷ്യനുമിടക്ക് ഒരു സ്ഥാനം
ബലാൽക്കാരമായിട്ട്, അപഹരിച്ചെടുക്കുന്നു,
ദൈവാനുഗ്രഹം നമുക്കെല്ലാം ശുപാർശ ചെയ്യുവാൻ
സ്വയം സൃഷ്ടിച്ചുണ്ടാക്കിയെടുത്തൊരു ഉഗ്ര സ്ഥാനം.
തൻ സ്വന്ത ദൈവത്തിൽ വിശ്വസിക്കു, ഓ വിശ്വാസത്തി-
ൻറടിമകളേ, പക്ഷേ, ഒളിച്ചതിൻെറ ഇടക്ക്
എന്തിനിടനില നിന്നു ലാഭം എടുക്കാനൊരാൾ?

കഴിവുകൾതൻ മൂർത്തിമത്ഭാവമാണ്, ഈ ദൈവം.

എല്ലാവരുടെയും പ്രാർത്ഥനകൾ ഒരേ സമയം
കേൾക്കുവാൻ കഴിവുള്ളവൻ, നേരിട്ടാ ദൈവത്തോട്
പ്രാർത്ഥിക്കാൻ അറിഞ്ഞുകൂടേ നിങ്ങൾക്കിന്നുവരെയും?
എന്താണാവശ്യം ഏതാനും ഇടനിലക്കാരുടെ,
നിർദ്ദയകപടഉണ്ടിയൽവ്യാപാരികളുടെ!

*മുഖസ്തുതി പാടൽ, മഹാത്ഭുതങ്ങൾ സൃഷ്ടിക്കുന്നു
എന്തിനാണോ ഈ ഭഗവാൻ പുകഴ്ത്തപ്പെടുവത്.*
നമ്മുടാവശ്യങ്ങളും, കഷ്ടപ്പാടുകൾ ഉയർത്തും
വേദനകളും, ദൈവത്തിനു നന്നേതന്നറിയാം.
പിന്നെന്തിനു നിങ്ങൾ ദൈവത്തോടവ പറയുന്നു,
അയാടെ മുഖത്തു നോക്കിത്തന്നെ പ്രകീർത്തിക്കുന്നു
മുഖസ്തുതിപോലെ, മുഖസ്തുതിക്കടിമയാണോ
ഈ സ്വർഗ്ഗസ്ഥനായ ദൈവം, എന്തൊരു അവമതി!
അനുകമ്പക്കു രൂപം നൽകുവാൻ പുകഴ്ത്തലിനു
മാത്രമേ സാധിക്കു എന്ന് വിശ്വസിക്കുന്നു നിങ്ങൾ.
ഒരിക്കലീച്ചവറുകൾക്കു ദൈവം ജന്മം നൽകി-
യശേഷം സ്വന്ത സൃഷ്ടികളെ സംരക്ഷിക്കേണ്ടത്
ദൈവത്തിൻെറതന്നെ ചുമതലയല്ലേ മനുഷ്യാ?
*(കുഞ്ഞുങ്ങൾക്കു ജന്മം നൽകിയ ശേഷം ഈ മനുഷ്യൻ
അവറ്റകളെ കാട്ടിലേക്കു വലിച്ചെറിഞ്ഞെന്നാൽ
അതിജീവനം എങ്ങനെ സാദ്ധ്യമാകും ഭഗവാൻ!)*

ഇച്ചതിയന്മാരും അന്ധന്മാരും പറയും, ***ദൈവം
പരീക്ഷിക്കയാണെന്ന്.*** സ്വന്ത സൃഷ്ടികളെത്തന്നെ
പരീക്ഷിക്കേണ്ടതാം ആവശ്യം, എന്തുകൊണ്ടുണ്ടായി?
സ്വസൃഷ്ടികളായ ഇതര ജീവികളിലേക്ക്
രോഗങ്ങൾ പരത്തുവാനായി അണുകങ്ങളേയും
സാംക്രമിക രോഗവിഷാണുക്കളേയും എന്തിനു-
ദൈവം സൃഷ്ടിച്ചു. അയ്യോ മറന്നുപോയി ദൈവത്തിൻ
അഭിവാഞ്ചകൾ, അതിപൈശാചികക്രൂരതയിൽ
ആനന്ദമടയുന്നവനല്ലേ; ഈ ലോകത്തിന്
ദൈവംതന്നെ സംഭാവന ചെയ്ത, ജീവികളുടെ
കുരുതിപോലും, ഇഷ്ടപ്പെടുന്നവനല്ലേ അങ്ങ്!
കഴിവുകളുടെ കേന്ദ്രീകരണമാണു ദൈവം.
ജീവികളെ കൊന്നുകിട്ടാൻ, എന്തിനു മനുഷ്യൻെറ
സഹായം; **മതവ്യത്യാസമെന്നിയേ, ഭക്തന്മാർതൻ
രക്തച്ചൊരിച്ചിൽ ഇഷ്ടപ്പെടുന്നു ദൈവങ്ങളെല്ലാം.**
സസ്യഭുക്കുകളായ ദൈവങ്ങൾപോലും, ഈ രക്തം
ഇഷ്ടപ്പെടുന്നു; (പാൽ സസ്യമെങ്കിൽ, പാൽപോലെതന്നെ
ജീവിയെക്കൊല്ലാതെ, ഒരു 'സിറിഞ്ച്'കൊണ്ട് അതിൻ
രക്തവും വലിച്ചുകുടിക്കുവാൻ കഴിയുമല്ലോ.)

പുകഴ്ത്തൽ എവിടെല്ലാം പരാജയപ്പെടുന്നുവോ
അവിടെല്ലാം തപശ്ചര്യതൻവിൽപ്പന, വിജയം
കൈവരിക്കുന്നു; ***ഭഗവാൻ മനുഷ്യനെ സൃഷ്ടിച്ചു,
മനുഷ്യൻ ദൈവത്തെ ധിക്കരിച്ചു,*** നിർബന്ധിപ്പിച്ച്
ഉരുവിടീക്കുംമാതിരിതോന്നുമീവചനങ്ങൾ!

ഭാവിയിൽ മനുഷ്യൻ എങ്ങനെ പെരുമാറുമെന്ന്
ദൈവത്തിനൊരിക്കലും അറിഞ്ഞുകൂടായിരുന്നു,
മനുഷ്യന്റെ സവിശേഷതാരൂപീകരണത്തിൽ
ദൈവത്തിനുതെറ്റുപറ്റി, എന്നല്ലേ അതിനർത്ഥം,
എന്തുകൊണ്ടെന്നാൽ അവന്റെ മസ്തിഷ്കം നിർമ്മിച്ചത്
ദൈവമാണ്, അവന് ചിന്താശക്തി നൽകിയതും.
മനുഷ്യന്റെ പെരുമാറ്റത്തിന് ഉത്തരവാദി
ആരാണ്; ഈ ഭഗവാന്റെ ദീർഘദൃഷ്ടി ഇല്ലായ്മാ-
സിദ്ധാന്തം സങ്കൽപ്പിക്കാമെങ്കിൽ, ദൈവസൃഷ്ടിയുടെ
പരിപൂർണ്ണതയില്ലായ്മ വെളിച്ചത്താകുന്നല്ലോ.
അല്ലെങ്കിൽ, ദൈവം, അന്യരുടെ വേദനാസ്വാദകൻ
ഏന്നും, ചതിയനെന്നും മറ്റും അംഗീകരിക്കുക.
അറിഞ്ഞുകൊണ്ടേ ഈ മനഷ്യനെ അനുസരണ-
ശീലമില്ലാത്തവനായി സൃഷ്ടിച്ച്, അന്നുവരെ
നിലവിലില്ലാതിരുന്ന ദുഷ്ടത ഉണ്ടാക്കീട്ട്
മനുഷ്യനെ അതിലേയ്ക്ക് പ്രലോഭിപ്പിക്കുകയും,
ശിക്ഷിക്കയും ചെയ്ത്, മനുഷ്യൻ അനുഭവിക്കുന്ന
ശമിക്കാതെ തുടരും കഠിന വേദന കണ്ട്
സന്തോഷിക്കയും, ആസ്വദിക്കയും ചെയ്യുന്നൂ ദൈവം!

<u>അനുസരണക്കേടു കാണിച്ചതിന്,</u> ആവശ്യ-
ത്തിലധികം ദുരിതം, ഇത്രനാളായിട്ടും അവൻ
അനുഭവിച്ചുകഴിഞ്ഞിട്ടില്ലെന്നുണ്ടോ, ഈ ഭൂവിൽ?
അനന്തമത്തലമുറകൾ ദുരിതമനുഭ-
വിച്ചനുഭവിച്ച് കടന്നുപോയിട്ടും, ദൈവത്തിൻ
പ്രതികാരദാഹം അടുത്തെങ്ങും അടങ്ങും ഒരു
ലക്ഷണവും ദൃശ്യമല്ലഹോ; മനുഷ്യൻതൻ പക
ഒടുങ്ങാതെ അനവരതം തുടരുന്നതായി
മാത്രമേ കേട്ടിട്ടുള്ളു, ദൈവവും അങ്ങനെ തന്നെ-
യാണോ, അതിനീച മനസ്സിന്നുടമയായൊരു
ശക്തി; ആദ്യത്തെ രണ്ടു പേരെ മാത്രം ശിക്ഷിച്ചിരു-
ന്നെങ്കിൽ, അതിനൊരു അർത്ഥവും നീതീകരണവും
ഉണ്ടായിരുന്നതായ്ത്തന്നെ, കരുതാമായിരുന്നു.
അച്ഛനമ്മമാരുടെ തെറ്റിനു നിഷ്കളങ്കരാം
കുഞ്ഞുങ്ങളെ എന്തിനാണോ കുരിശ്ശിലേറ്റുന്നത്?
കാലഗണനത്തെറ്റ്, എന്നല്ലാതെ മറ്റെന്താണ്
പറയുക; *(കഷ്ടം. ഇന്നേവരെ ആരും ദൈവത്തിൻ
അഹന്ത ഒട്ടും മനസ്സിലാക്കിയിരുന്നില്ലല്ലോ)*
അതും, ആ രണ്ടുപേരുടെയും തെറ്റുകൊണ്ടല്ലല്ലോ,
പിന്നെയോ, തെറ്റുകുറ്റങ്ങൾക്ക് പ്രസിദ്ധിയാർജ്ജിച്ച
സ്വന്തം സൃഷ്ടികൾതൻകുറ്റംതന്നെ, അല്ലാതാരുടെ?

പകരം, ദൈവത്തിന് സ്വന്തം തെറ്റ് തിരുത്താമാ-
യിരുന്നു, **<u>(മനുഷ്യന്റെ ദുഷിച്ച ചിന്തകൾ അപ്ര-
ത്യക്ഷമാകട്ടേ, ഉണരൂ.......)</u>** അത്ഭുതങ്ങൾ തൻ ഒരു,
മായാപ്രപഞ്ചം സൃഷ്ടിച്ചേനേം; എന്തായിരുന്നേനേം
ഈ ലോകം, ഒരു മതം, ഒരു മനുഷ്യൻ, എന്തൊരു
സ്നേഹം, എങ്ങും സ്നേഹം മാത്രം, വെറുപ്പെന്നൊന്നേഇല്ല,
സങ്കല്പിക്കു,......അക്രമരഹിത......കൊലയില്ലാത്ത.................
പക്ഷേ എന്തു ചെയ്യാം എവിടെ ആ ദൈവം......അനന്ത.................

മനുഷ്യൻെറ പ്രവൃത്തികളെല്ലാം നിയന്ത്രിക്കപ്പെ-
ടുവത്, ദൈവം അവന് നൽകിയ മസ്തിഷ്കത്താൽ
എന്നിരിക്കെ, എന്തിനീമതങ്ങൾ, കുറ്റസമ്മതം
നടത്തി മാപ്പിരക്കൽ ആശയം ഈ മനുഷ്യനിൽ
അടിച്ചേൽപ്പിക്കുവാൻ ഇത്രയധികം ക്ലേശിക്കുന്നു?
ഇവയെല്ലാം മനുഷ്യനെ മടയനാക്കാനുള്ള
ഏതാനും സൂത്രങ്ങൾ മാത്രമാണെന്നോർക്കണം നമ്മൾ.
ദൈവത്തോട്, എന്തിനീമനുഷ്യൻ മാപ്പിരക്കണം;
തന്നേക്കൊണ്ട് തീർച്ചയായും ഒക്കുന്ന ഒരു കാര്യം,
തൻെറ തലച്ചോറുപോലൊന്ന്, മനുഷ്യന് രൂപം
നൽകിയപ്പോൾ, സ്വന്ത ഇഷ്ടാനിഷ്ടങ്ങൾ മനഷ്യൻേറ-
തുമായി, ഏകോപിപ്പിക്കുന്നതിൽ വിജയം കൈവ-
രിക്കുവാൻ ദൈവത്തിന് ഒട്ടുമേ കഴിഞ്ഞില്ലെങ്കിൽ!

***<u>സമുദ്രത്തിനടിയിൽ ഹിരണ്യാക്ഷൻ, ഈ ഭൂമിയെ
ഒളിച്ചങ്ങുവച്ചു. വിഷ്ണു ഒരു പന്നിയായിട്ട്
അവതാരമെടുത്ത്, ആ ഹിരണ്യാക്ഷനെ കൊന്ന്
ഭൂമിയെ വീണ്ടെടുത്ത....</u>*** തായിട്ട്, പവിത്രമായ
ആ പുസ്തകത്തിൽ, ഗ്രന്ഥകർത്താവ് എഴുതിവച്ചു!
പക്ഷെ, സമുദ്രമെന്നത് ഈ ഭൂലോകത്തിൻേറതാം
ഒരു ഭാഗംതന്നാകയാൽ, എങ്ങനെ സമുദ്രത്തി-
ന്നടിയിൽ മുഴുവനാം ഭൂലോകം വയ്ക്കുവാൻ പറ്റും?!
ഹാ.....ഹൊ ഹ ഹോ! നിങ്ങളേ മുഴുവനും നിങ്ങളുടെ
വായ വിഴുങ്ങുന്നു! ഒരു മുഴുവൻ വസ്തു, അതിൻ
ഒരു ഭാഗത്തിൽതന്നെ മുങ്ങുന്നതാം മഹാത്ഭുതം!!!

***<u>നേടിയെടുത്തു മഹാബലിയിൽനിന്നും വാമനൻ
മൂന്നു ചുവട്ടടി ഭൂമി ദാനമായ്, പക്ഷെ, ചതി,
വാമനൻ വളർന്നുവളർന്നു വലുതായീലോകം
മുഴുവനും ഒരു ചുവട്ടടികൊണ്ടും, രണ്ടാമ-
ത്തേതുകൊണ്ട് സ്വർഗ്ഗവും അളന്നു....</u>***തീർന്നപ്പോളാണ്
വെളിച്ചത്തായത്; ***<u>മൂന്നാമത്തെ കാൽച്ചുവട്ടടി
വയ്ക്കുവാൻ ഇടം കാണായ്കയാൽ, മഹാബലി, തല
കുനിച്ചുകൊടുത്തു, മൂന്നാമത്തെ ചുവടുവയ്ക്കാൻ.
മഹാബലിയെ അങ്ങനെ</u>*** കൊടും ചതിയിൽക്കൂടി
<u>പാതാളത്തിലേയ്ക്ക് ദൈവം ചവട്ടിത്താഴ്ത്തി.....</u>യില്ലേ?

ഇപ്പറഞ്ഞ കഥയിൽനിന്നൊരു വലിയ ചോദ്യം
ഉത്ഭവിക്കുന്നു! മഹാബലി എവിടായിരുന്നു?
സ്വർഗ്ഗത്തിലോ, പാതാളത്തിലോ, അതോ ഭൂമിയിലോ?
സ്വർഗ്ഗത്തിലോ ഭൂമിയിലോ ആയിരുന്നെങ്കിൽ ഒന്നു
വ്യക്തമല്ലേ, മൂന്നാമത്തെ കാൽച്ചുവടുവയ്പിനു
മുൻപുതന്നെ, വാമനൻ മാവേലിയുടെ തലയിൽ
ചവുട്ടിക്കഴിഞ്ഞില്ലേ, പിന്നെവിടെയിരിക്കുന്നു
മാവേലിത്തല, അടുത്ത ചുവടുവയ്പിനായി?
പാതാളത്തിലായിരുന്നു ആ മഹാബലിയെങ്കിൽ
പിന്നെങ്ങനെ ചവുട്ടിത്താഴ്തും പാതാളത്തിലേക്ക്?

ദൈവം, എല്ലാം കേൾക്കുന്നവനും, എല്ലാം അറിയാവുന്നവനും ആകുന്നു, നിങ്ങൾ വെളിവാക്കുന്നവയും നിങ്ങൾ ഒളിച്ചുവയ്ക്കുന്നവയും, ദൈവത്തിലേക്ക് ഒഴുകുന്നു, നമ്മുടെ ഉള്ളിലുള്ളത് എന്തെന്ന് നല്ലവണ്ണം അവനറിയുന്നു...... പക്ഷേ, അറിവ് അത്, തുരുമ്പിച്ചുപോകുന്നതായി നാം കാണുന്നു!

വിവേചനമെന്നിയേയല്ലെ വെടിയാൽ, ഭീകരർ നിർദോഷികളെയും, നിഷ്കളങ്കരായ കൊച്ചുകുഞ്ഞുങ്ങളേയും അതിപൈശാചികമായ്ക്കൊല്ലുവത്! എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുൻകൂട്ടി, അറിയാമായിരുന്നിട്ടും, രക്ഷകൻ, വെടിവയ്പു തടഞ്ഞില്ല, എല്ലാക്കാര്യങ്ങളിലും നിയന്ത്രണശക്തി ഉണ്ടെന്നിരിക്കെ എന്തുകൊണ്ടൊന്നും ചെയ്തില്ല?

ദൈവം, എല്ലാം പരിപൂർണ്ണതയിൽതന്നെ നിർമ്മിച്ചു....... പച്ചക്കള്ളം. ശരിയായിരുന്നെങ്കിൽ ഈ മനുഷ്യൻ പരിപൂർണ്ണത ഉള്ളവനായിരുന്നേനേം, കുറ്റക്കുറവുകൾ ഒന്നുമേ ഇല്ലാതെ; മനുഷ്യസൃഷ്ടി പരിപൂർണ്ണത ഉറ്റതായിരുന്നെങ്കിൽ, മാനുഷജീവിയെ, പ്രബുദ്ധരാക്കി രക്ഷപെടുത്താനായി, സന്ദേശവാഹകരെയോ, പ്രവാചകന്മാരെയോ, മിശിഹാമാരെയോ അയയ്ക്കുകയോ, ദൈവംതന്നെ അവതാരമെടുക്കുകയോ ചെയ്യേണ്ട ആവശ്യം ഒരിക്കലും ഉണ്ടാകുമായിരുന്നില്ലെന്നോർക്കണം.

തൻെറ അച്ഛനെ ഒരു രാജാവിൻെറ മക്കൾ കൊലപ്പെടുത്തി എന്ന ഒരേ ഒരു കാരണത്തിൻ പേരിൽ, ക്ഷത്രിയർ എന്ന ജാതിയെ മുഴുവൻ, രാഷ്ട്രത്തിലുടനീളം ഇരുപത്തൊന്നു പ്രാവശ്യം സഞ്ചരിച്ച് കൊന്നു വംശനാശം വരുത്താൻ ദൈവം അവതാരം എടുത്തെ....ങ്കിൽ, *'ഹിറ്റ്ലറും'* അവതാരപുരുഷന്മാരിൽ ഒരുവൻ തന്നായിരുന്നിരിക്കണം, അല്ലേ? മനുഷ്യൻെറ നിഷ്കരുണ പ്രതികാരവാഞ്ചയെപ്പറ്റി കേട്ടിട്ടുണ്ട് നമ്മൾ, പക്ഷെ, അത് ദൈവത്തിന്നനുയോജ്യമായൊരു ഗുണമാണോന്നറിയില്ല!

നാലാം ദിവസം മാത്രമേ ***ദൈവം, സൂര്യനെ സൃഷ്ടിച്ചുള്ളൂ*** എങ്കിൽ, ***ഒന്നാം ദിവസം*** മുതൽ തന്നെങ്ങനെ ***പ്രഭാതവും, സായാഹ്നവും*** ഉണ്ടായിരിക്കാനാകും; രാവും പകലും, സൂര്യപ്രകാശത്തിൽ ഭൂമിയുടെ ചലനഫലമായുണ്ടാകുന്നതാണെന്നിരിക്കെ? ***സൂര്യൻെറ സൃഷ്ടിക്കു*** മുൻപുതന്നെ, ***പുല്ലും, പഴങ്ങൾ നൽകും വൃക്ഷങ്ങളും ദൈവം സൃഷ്ടിച്ചെ***...ങ്കിലാശ്ചര്യം. സൂര്യനില്ലാതെതന്നെ സസ്യജീവൻ! ദൈവത്തിനു സ്തോത്രം! ആദ്യം ദൈവത്തെ ആര് സൃഷ്ടിച്ചു........ഷ്.......പാപം....

(ദൈവത്തിൻ കുറുക്കുവഴി ശസ്ത്രക്രിയ), സകല

മാദ്ധ്യമങ്ങളിലും പരസ്യം ധാരാളം വന്നല്ലോ.
അതോടൊപ്പം വഞ്ചനയും ശരിക്കും വെളിച്ചത്ത്.
രോഗപ്രതിരോധത്തിനുപകരം, ആദ്യം ദൈവം,
ആ ഡോക്ടർ ***'ജോബിൽ,'*** രക്തപ്രവാഹത്തടസ്സം വരു-
ത്തുകയും, പിന്നീടതങ്ങുതരണം ചെയ്യുകയും
ചെയ്യുന്നു; വൻ ഗൂഢതന്ത്രം, തടസ്സം ചുറ്റി രക്തം
കൊണ്ടുപോകുംവിധം, ചെറുധമനികൾ വളർത്തി!
പ്രകൃത്യധിഷ്ഠിതം! എന്തൊരു വൻ ചതിയാണിത്?

വിവേകമുള്ളവർ മനുഷ്യജീവികൾക്കിടയിൽ
വേർതിരിക്കൽ വെറുക്കുന്നു. വളരെക്കാലമായി
സ്ത്രീകളോടു കാണിച്ചുവന്നൊരു പക്ഷപാതം.
പുരുഷൻെറ അധീശാധികാരം, ഘോരപാതകം
ആംഗ്ലേയഭാഷയിൽ പദങ്ങളിൽപ്പോലും, കടന്നു-
കൂടിയതുപോൽ, മറ്റുഭാഷകളിലുമുണ്ടെങ്കിൽ
അവ മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.
പുരുഷൻെറ വാരിയെല്ലൊന്നെടുത്തതുകൊണ്ടാണ്
സ്ത്രീയെ ദൈവം സൃഷ്ടിച്ചതെ...ന്നൊരു മതസിദ്ധാന്തം!
സ്വാഭാവികമായിത്തന്നെ ക്ഷണിക്കുന്നിതുനമ്മേ,
മനുഷ്യജീവികൾതൻ നെഞ്ചിലെന്താണുള്ളതെന്ന്
നല്ലവണ്ണമൊന്ന് പരിശോധിക്കുന്നതിനായി.
ഇരു ലിംഗകർക്കും ഒരുപോൽതാൻ അവയവങ്ങൾ.
'സ്റ്റേർണം' മുൻപിൽ, പന്ത്രണ്ട് 'കശേരുകകൾ' പിൻപിലും,
പന്ത്രണ്ടുജോഡി വാരിയെല്ലുകൾ, വശങ്ങളിലും
കുറവൊന്നുമില്ല, രണ്ടുമൊരുപോലുള്ളവതാൻ;
ഒടുവിൽ രണ്ടുജോഡിക്ക്, മുൻപിൽ ബന്ധമേയില്ല.

പുരുഷവാരിയെല്ലൊന്നന്നെടുത്തിരുന്നുവെങ്കിൽ
തീർച്ച, സ്ത്രീയേക്കാൾ എല്ലൊന്ന് കുറവായിരുന്നേനേം
വാരിയെല്ലുകൾതന്നെണ്ണം, ഒരു വശത്തൊറ്റയും
മറുവശത്തിരട്ടയും, മാറ്റിയതാം എല്ലിനു
പകരം പുതുതൊന്നുവച്ചുകൊടുത്തില്ല ദൈവം!
പക്ഷെ, ***അതിനുപകരം, മാംസംകൊണ്ടങ്ങുമൂടി.***

കടംകഥപോലില്ലേ! ആദിമനുഷ്യനെ, നേരേ
സൃഷ്ടിക്കുവാൻ കഴിവ് ദൈവത്തിനുണ്ടെന്നിരിക്കെ,
സ്ത്രീയേ സൃഷ്ടിക്കുവാൻ, പുരുഷൻെറല്ലൊന്നെടുക്കേണ്ട
ആവശ്യമുണ്ടായിരുന്നുവോ; പുരുഷനിൽനിന്ന്
സ്ത്രീ, തരംതാഴ്ന്നതായി കാണിക്കുവാനാണോ ഇത്?

ലോകമെമ്പാടുമുള്ള സ്ത്രീകളേ, സംഘടിക്കുവിൻ-
വേഗം, സകല മതഗ്രന്ഥങ്ങളും, അതിശീഘ്രം
നിങ്ങൾ തിരുത്തിയെഴുതൂ, എല്ലാഗ്രന്ഥങ്ങളിലും
അന്തർലീനമായിക്കാണുമാകാപട്യം വെളിയേ
കൊണ്ടുവരൂ, കരുതിക്കൂട്ടിരൂപപ്പെടുത്തിയ,
'ക്രിമിനൽ' ദ്രോഹത്തിനു, ഗൂഢാലോചന നടത്തൽ!
അപമാനത്തിന്നിരയാക്കപ്പെട്ടിട്ടുള്ള നിങ്ങൾ
ലിംഗവിവേചനത്തിന്നെതിരെ ശബ്ദമുയർത്തൂ.
മതമൗലികവാദം അതിൻേറതാം വളർച്ചയിൽ

നിങ്ങൾതൻ സംരംഭങ്ങളെ നിർവ്വീര്യമാക്കാൻ, തീർച്ച,

ശ്രമം നടത്തുമെന്നതോർത്തിരിക്കണമെപ്പോഴും.

തിരിഞ്ഞൊന്നുനോക്കു ഇക്കഥയ്ക്കുപിൻപിൽ ഒളിഞ്ഞു
കിടക്കും അതിനീചലക്ഷ്യം, സ്ഫടികംപോൽ സ്പഷ്ടം!
പുരുഷനിൽനിന്നും തരംതാഴ്ന്നവളായി സ്ത്രീയെ
ദയനീയ അവസ്ഥയിൽ വരച്ചുകാണിക്കുവാൻ!
എന്തിനതിശയിക്കുന്നു, ഇന്നുമിവിടെ അവൻ
തന്നെയാണാമുന്തിയസ്ഥാനത്ത് വിലസുവത്!

അങ്ങകലത്തൊന്നുനോക്കു, ആ പരമപവിത്ര
സ്ഥാനപ്രവേശനനിരോധനമവൾക്ക് നേരി-
ടണം, തൻെറ വീട്ടിനുളളിൽതന്നെ, തൻെറ പ്രാർത്ഥന
ഒതുക്കിനിർത്താൻ വിധിക്കപ്പെട്ടവരാണു നിങ്ങൾ;
മതഗ്രന്ഥകർത്താക്കൾ, നിങ്ങൾതൻ സ്വാതന്ത്ര്യസംഹാ-
രികൾ; ബഹുഭാര്യത്വമതാകാം, തലാക്കാണെങ്കിൽ
അവരുടിഷ്ടാനുസരണം, നഷ്ടപരിഹാരം
മിക്കവാറും ശൂന്യം, ബഹുഭാര്യത്വമാകാമെങ്കിൽ
ബഹുഭർത്തൃത്വമെന്തുകൊണ്ട് നിഷിദ്ധം; ദൈവത്തിൻ,
പക്ഷപാതരഹിതഭരണം. വിരുദ്ധമല്ല!

മുഖം മുടും പർദ ധരിക്കാൻ നിർബന്ധിതരല്ലേ
നിങ്ങൾ; ദൈവം പക്ഷപാതിയാകുകില്ലൊരിക്കലും
എന്തെന്നാൽ, **വിവേചനപരമാം കാര്യങ്ങളെല്ലാം
ഒന്നായുടലെടുത്തതാണവൻ, അധർമ്മമാകെ
അപ്പാടേ വെറുക്കുന്നവൻ....** എന്തുകൊണ്ടാണവരെ,
ഈ പുരുഷവർഗ്ഗത്തെ, ഇങ്ങനുള്ള നീചമായ
നിർബന്ധങ്ങൾക്ക് വിധേയരാക്കപ്പെടുവതില്ല?
താണതരം അടിമകളായി സ്ത്രീകളെ നില-
നിർത്താൻ കഴിയുമെന്നവർ കണക്കാക്കിയിരിക്കാം!
എന്നെങ്കിലും, ഒരു പുരുഷനെ, തൻ ഭാര്യയുടെ
ചിതയിലേക്ക്, വലിച്ചെറിഞ്ഞിട്ടുണ്ടൊ? ഇല്ലല്ലോ!
ഒരു ചുക്കും, നിങ്ങൾക്കവരോട് ചെയ്യാൻ പറ്റില്ല.

ഒരു മതത്തിൻെറയും, ഒരു ദൈവവും, ഇന്നോളം
ഒരു **പ്രവാചകയേയും,** ഇങ്ങോട്ടയച്ചിട്ടില്ല;
ഒരു മതത്തിൻേറം, ഒരു വിശുദ്ധഗ്രന്ഥത്തിലും
ദൈവം, തൻെറ **മകളെ,** ഭൂമിയിലേക്കൊരിക്കലും
അയച്ചതായി, രേഖപ്പെടുത്തിയിട്ടില്ലെന്നത്,
സകല പ്രധാന പവിത്രഗ്രന്ഥങ്ങളുടെയും
ഗ്രന്ഥകർത്താക്കൾ, പുരുഷന്മാർ തന്നെയാണെന്നത്
സ്ഥിരീകരിക്കുന്നില്ലേ, സംശയലേശമെന്നിയേ?!
എന്നെങ്കിലും, ഒരു പുരുഷൻെറ തല, നന്നായി
വടിച്ചിറക്കി, വെള്ളവസ്ത്രം ധരിപ്പിച്ചിട്ടുണ്ടോ,
പുനർ വിവാഹം നിരസിച്ചിട്ടുണ്ടോ, നിർബന്ധമായ്!

കന്യാസ്ത്രീകൾക്കവരുടെ ജീവിതം, മഠത്തിൻെറ
നാലു ഭിത്തികൾക്കുള്ളിൽ ഒതുക്കി നിർത്തണം, എന്നും;
പള്ളികളിൽ, അവർക്ക് സ്ഥാനമില്ല, പുരുഷൻതൻ
കുത്തകയാണത്, ഏതെങ്കിലും ഒരു പൊതു-
പള്ളിയിൽ, ഈ സ്തീകളിൽ നിന്ന് ഒരു പുരോഹിത,

ആരാധനച്ചടങ്ങുകൾ നിർവഹിക്കുന്നതായി
നിങ്ങൾ, എന്നെങ്കിലും കണ്ടിട്ടുണ്ടോ; ഭയങ്കരമാം
അപമാനം; ഹിന്ദുക്ഷേത്രത്തിലോ, മുഹമ്മദീയ-
ദേവാലയങ്ങളതിലോ, ഒന്നുമേ പ്രവേശനം
അവർക്കില്ലഹോ; ലിംഗവിവേചനച്ചൂതുകളി!

വിവാഹിതനായ അയൽക്കാരനുമായി ഗൂഢാ-
ലോചന നടത്തി, വ്യഭിചാരത്തിൽക്കൂടി, ഒരു
കുഞ്ഞിനെ ഗർഭം ധരിച്ചതിന്, മണ്ണിൽ കുഴിച്ചു
നിർത്തി, കല്ലെറിഞ്ഞുകൊല്ലുവാൻ വിധിക്കപ്പെട്ടവൾ
അതിഭീകരമാം മരണം നേരിടേണ്ടിവന്നു.

(അയ്യോ നീതിന്യായം. താങ്കൾ ആട്ടിൻതോലി ധരിച്ച ചെന്നായാണ്.) പക്ഷെ, തുല്യപങ്കാളി അനുഗ്രഹി-
ക്കപ്പെടുന്നല്ലോ, ദൈവത്തിനാലല്ല, ആ പണിയാ-
യുധങ്ങൾ ഉപയോഗിച്ച് സ്ത്രീകളെ അടിപ്പെടു-
ത്തുവാൻ നിയമങ്ങൾ പുതുത് കണ്ടെത്തിയവരാൽ,
ഒളിച്ചവൻ രക്ഷപെടുന്നു; വ്യഭിചാരത്തിന്,
പുരുഷൻ, കല്ലെറിയപ്പെട്ടു കൊല്ലപ്പെടുവത്
വളരെവളരെ അപൂർവ്വമല്ലേ ഉലകിതിൽ?
അനുവദിക്കപ്പെട്ടതാം എല്ലാക്കാര്യങ്ങളിലും വച്ച്, ദൈവത്തിനാൽ ഏറ്റവും കൂടുതൽ വെറുക്ക-പ്പെടുവത്, വിവാഹബന്ധം വേർപെടുത്തലാണ്.
സ്ത്രീജനങ്ങളേ, ആ ബന്ധത്തിൽ നിങ്ങൾക്കും മടുപ്പ്
തോന്നുമ്പോൾ, അതേവാക്കുകൾതന്നെ മൂന്നുപ്രാവശ്യം
നിങ്ങളും ഉച്ചരിച്ച്, പങ്കാളിയുമായി ബന്ധം
വേർപെടുത്തൂ; പക്ഷെ, എന്തുചെയ്യാം, അടിമയല്ലേ
അവന് നിങ്ങൾ; പ്രവർത്തിക്കൂ, ധൈര്യമായിത്തന്നെ,
അവരേ പൊളിച്ചുകാണിക്കൂ, വെട്ടിനിയന്ത്രിക്കൂ
അങ്ങേയറ്റം; വെട്ടി, ചെടികളെ വളർത്തുംപോലെ.

പക്ഷപാതമനോഭാവം, അതിനു കുറവില്ല.
ദൈവത്തിന്, പക്ഷപാതിയായിരിക്കാൻ പറ്റുമോ?
ന്യായത്തിൻെറ മരണം, എന്നല്ലാതെന്തുപറയാൻ!
പക്ഷപാതിയായിരിക്കാൻ പറ്റുകിൽ, ദൈവമല്ല
അത്, നന്ദിയില്ലാത്ത ഏതോ ജന്തുവായിരിക്കാം.
(പരിപാവന ഗ്രന്ഥങ്ങൾ), അവർ, അവർക്കുവേണ്ടി-
ത്തന്നെഴുതിയുണ്ടാക്കി, അവരുടെ സ്വന്തംതന്നെ-
യായൊരു, മേൽക്കോയ്മയ്ക്കായി, അവരാൽത്തന്നെ, എന്നും
ഭരണം നടത്താൻ, ഉപയുക്തമായിരിക്കാനായ്.

അയ്യോ! ദയനീയം. ജീവിതത്തിൻേറതാകുന്ന ആ
തുറകളിലെല്ലാംതന്നെ നിലനിൽക്കുന്നൂ, ഇന്നും
തല ഉയർത്തിപ്പിടിച്ച്, പുരുഷമേധാവിത്വം!
സ്ത്രീകൾ രൂപാന്തരം പ്രാപിച്ചുണ്ടായിട്ടുള്ളതായ
മനുഷ്യദൈവങ്ങളും വളരെച്ചുരുക്കംതന്നെ.
എന്നാൽ, പുരുഷ മനുഷ്യദൈവങ്ങളോ, ധാരാളം!

സ്ത്രീകൾ എന്നെങ്കിലും, ഒരു മതം സ്ഥാപിച്ചിട്ടുണ്ടോ?

അയ്യോ ഇല്ലല്ലോ; ഇപ്പോൾ തന്നെ ഒന്ന് പുതുതായി
എല്ലാസ്ത്രീകളും സഹകരിച്ച് തുടങ്ങിയാലും.
പരിപാവനഗ്രന്ഥങ്ങളുടെ ഗ്രന്ഥകർത്താക്കൾ
മതങ്ങളുടെ സ്ഥാപകപൂർവികന്മാർ, കുഴിച്ച-
സൂത്രങ്ങളാണവ; പുണ്യഗ്രന്ഥകാരന്മാരവർ
എഴുതീ കഥകൾ, മാതൃകകളായി തോന്നുന്ന
കഥാപാത്രങ്ങളെ പടച്ചുവച്ചു; ഹൃദയത്തിൽ
തട്ടിനിൽക്കും കോട്ടകൾ, വിജയിച്ചൂ അവരെല്ലാം!
നിങ്ങൾ നിങ്ങളുടേതാം മതഗ്രന്ഥങ്ങൾ എഴുതൂ,
നിങ്ങളുടെ ആധിപത്യത്തിനായി ഊന്നൽ നൽകൂ,.
സ്ത്രീകൾക്കും പുരുഷന്മാരെ തലാക്ക് ചൊല്ലാമെന്നും
ബന്ധം വേർപെടുത്തിപിരിയാമെന്നും അതിൽ ചേർക്കൂ.
എല്ലാ സ്ത്രീകളെയും സംഘടിപ്പിച്ച് ഒന്നാകുക.

<u>ഫലപ്രാപ്തരായിരിക്കുകയും, അങ്ങനെ നിങ്ങൾ</u>
<u>എണ്ണം പെരുക്കുകയും ചെയ്യുക....</u> ദൈവമങ്ങനെ
ജീവിക്കുമെല്ലാജീവികളെയും അനുഗ്രഹിച്ചു.
പക്ഷേ, ഈ പുരോഹിതകളും പുരോഹിതന്മാരും
ദൈവത്തെ ധിക്കരിക്കുന്നു! കഷ്ടം! ***<u>ദൈവത്തിൻ മകൻ</u>***
പോലും, ദൈവത്തെ ധിക്കരിച്ചതു നമ്മൾ കണ്ടില്ലേ?

<u>ദൈവസൃഷ്ടികളെല്ലാമേ പരിപൂർണ്ണതാപൂരം......</u>
എന്നുപ്രകീർത്തിക്കുന്നെങ്കിലും, ലിംഗാവയവങ്ങൾ
പാപം ചെയ്യുന്നെന്ന ദൂഷ്യം കണ്ടുപിടിക്കപ്പെടു-
കയാൽ, ലിംഗഭാഗങ്ങൾ അവർ വെട്ടിമാറ്റുന്നല്ലോ;
ദൈവനിർമ്മിതത്തൊലിപ്പിശാചിനെന്തൊരു ഗതി!
സുന്നത്തുകർമ്മത്തിൻശേഷം, പെൺകുട്ടികളുടെയും
ആൺകുട്ടികളുടെയും മരണം, ജാതിപ്പിരിവിൻ
ചിലവയിൽ, നിലനിൽക്കുന്നിന്നും. (പരമോന്നത
ദൈവങ്ങൾ) മഹാപുരോഹിതർ, ഇവർതൻ കയ്യിലെ
പാവം പാവകൾ മാത്രമാണീജാതിവിശ്വാസികൾ.
ശരിയായ ദൈവങ്ങൾക്ക് സ്വഭാവങ്ങൾ കല്പിച്ചു
സ്ഥിരപ്പെടുത്തുന്നവരാണീപുരോഹിതവർഗ്ഗം.
അവരുടെ പിടിമുറുക്കി ശാശ്വതീകരിക്കാൻ
ഇതുപോലുള്ളന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു!
വിശ്വാസങ്ങൾ അധഃപതിക്കുന്നു. ദൈവസൃഷ്ടികൾ
വാസ്തവത്തിൽ പരിപൂർണ്ണതാപൂരിതമല്ലെന്ന
വസ്തുത, ഈ വെട്ടിമാറ്റൽപ്രക്രിയ സ്വയംതന്നെ
വിളിച്ചുപറയുന്നില്ലയോ നല്ല വ്യക്തമായി?

ബുക്കുകൾ എന്തുപറയുന്നുവോ, അവയിൽ, ഇവ
ഏതാനും മാത്രം. ഗ്രന്ഥകാരന്മാർക്ക് ഈ അബദ്ധം
സാധാരണം. എങ്കിലും, നിങ്ങൾ സൃഷ്ടിപരമായി
അവതരിപ്പിക്കും, സാംസ്കാരികവും ചിത്രലക്ഷ-
ണദ്യോതവും ഭാവനാപരവുമാം വർണ്ണനക്കു
മുൻപിൽ, അല്ലയോ എല്ലാ പുണ്യഗ്രന്ഥങ്ങളുടെയും
ഗ്രന്ഥകർത്താക്കളേ; ആദരപൂർവ്വം വന്ദിക്കുന്നു.
പരിപൂർണ്ണതപ്രതീക്ഷ ബുദ്ധിമോശം, അറിയാം.

ശൂലം നിഷ്കരുണം കുത്തിയിറക്കിയതാം നാക്കും
കവിൾത്തടങ്ങളുമായി അവരേ നാം കാണുന്നു!

അങ്ങിങ്ങ് തൊലിയിൽക്കൂടി ചൂരൽ കുത്തിയിറക്കി
നീറ്റൽ സഹിക്കുന്നോരായി അവരെ നാം കാണുന്നു!
പരമപവിത്രസ്ഥലങ്ങൾക്കുചുറ്റും ഉരുണ്ട്
ചോരവാർക്കുന്നവരായി അവരെ നാം കാണുന്നു!
സ്വയം വിവിധതരങ്ങളിൽ കായികദണ്ഡനം
നടത്തുന്നവരായിട്ട് അവരെ നാം കാണുന്നു!
സ്വന്തം നെഞ്ചത്തിരുകൈകളാൽ ആഞ്ഞടിച്ചടിച്ച്
രക്തമൊലിച്ചവരായി അവരെ നാം കാണുന്നു!
കൈകാലുകൾ കുരിശിൽവച്ചാണിഅടിച്ച് പുന-
രഭിനയിക്കുന്നതായി അവരെ നാം കാണുന്നു!
സ്വയം ദേഹദണ്ഡനത്തിൽക്കൂടി ബോധക്ഷയത്തിൽ
എത്തിച്ചേരുന്നവരായി അവരെ നാം കാണുന്നു!
നിരാഹാരവ്രതം നടത്തി മരണത്തിൽ കലാ-
ശിക്കുന്നവരായിപ്പോലും അവരെ നാം കാണുന്നു!

ഈ ദുരാചാരങ്ങളെല്ലാം ഭവാൻ മതിക്കുന്നുവോ,
സാമാന്യജനങ്ങൾതൻകഷ്ടത കാണാനിഷ്ടമോ.
സന്തുഷ്ടനാണോ ഭവാൻ, അഭിമാനം കൊള്ളുന്നുവോ;
അല്ല, ദുരഭിമാനം, എന്തൊരു മഹാനുഭാവം!
അന്യർതൻവേദനയിലാഹ്ലാദിക്കുന്നുവോ അങ്ങ്?
രക്തദാഹിയോ ഭവാൻ, ***മനുഷ്യൻെറ ശിശുവിനെ***
ബലിയായിവേണമെന്ന് ആവശ്യപ്പെട്ട...തായി-
കേട്ടിട്ടുണ്ട്; എല്ലവരുടെയും തീവ്രവേദന
വേണ്ടുവോളോം കണ്ടാനന്ദിച്ചപിൻ, വീണിടം വിദ്യ-
യാക്കി, ***ശിശുവിനെ വീണ്ടെടുത്തു തിരികെ നൽകി,***
പറ്റിയ അവമാനം, ഗോപനം ചെയ്തില്ലേ താങ്കൾ?
വൈവിധ്യം നിറഞ്ഞവൻ നീ, എങ്കിലും ഒരേ കഥ
രൂപം പ്രാപിക്കുന്നു; ഏതുപേരിൽ അവർ നിങ്ങളെ
വിളിച്ചാലും, ഒരുകാര്യം പൊതുവിലതിലുണ്ട്,
നിനക്ക്, മനുഷ്യൻെറ കഷ്ടപ്പാടുകളെല്ലാമേ
വെറും കളിപ്പാട്ടം; മനുഷ്യരക്ഷകൻ എന്നങ്ങു-
വിളിക്കപ്പെടുന്നവനേ, നിന്നെ, ഹോ, ഒരു രക്ത-
ദാഹിയായിക്കാണുന്നത്, അമ്പരപ്പിക്കുന്നല്ലോ!

പൈശാചികക്രൂരതയിൽ ആനന്ദമടയുന്ന
പ്രകൃതക്കാരൻ, ചതിയൻ, ആഭാസൻ, അസൂയാലു,
നീചൻ, പക്ഷപാതക്കാരൻ, വൻമഹാരക്തദാഹി,
മുഖസ്തുതിക്കടിമയുമൊക്കെയാണീഭഗവാൻ
എന്നു വിശ്വസിക്കുവാൻ, മടയന്മാരാണോ നമ്മൾ;
മതങ്ങളങ്ങനൊക്കെ ഉപദേശിക്കുന്നെങ്കിലും!

സൗദിഅറേബ്യയിലെ, മിനാമൈതാനത്ത്, വെള്ള-
ക്കൂടാരങ്ങൾ എഴുപതിനായിരം ആളിക്കത്തി.
നരകഭീകരതയിൽ ഇരുനൂറ് ആളുകൾ
ചത്തവിടെക്കിടന്നു, ആയിരത്തിഇരുനൂറ്
ഹാനിപറ്റിയും, ഇസ്ലാമിൻെറ മെക്കയിലുള്ളതാം
പരിപാവനമായവയിൽവച്ചുപരിപാവ-
നമായ സമാധിയിലെത്തിച്ചേരാൻ സാധിച്ചില്ല.
പ്രാർത്ഥന ശുദ്ധഅബദ്ധമെന്നല്ലേ ഇതിനർത്ഥം?

സമീപവർഷങ്ങളിൽ, ഇതഞ്ചാം തവണയാണ്
ഹജ്ജ്തീർത്ഥാടനവേളയിൽ ബലിയാകുവത്!

വൻക്ഷേത്രമതുകാഴ്ച്ചവെച്ചു, ഉത്സവപ്രതീതി,
<u>*മഹാകുംഭാഭിഷേകമാം*</u> അച്ചതിയനുവേണ്ടി;
എന്തെന്നാൽ, ദുഃഖത്തിൻ ഞരക്കങ്ങൾ അന്തരീക്ഷത്തെ
തകർത്താക്ഷേത്രത്തെ, ശീഘ്രം ശ്മശാനജ്വാലയാക്കി.
മതസമ്മേളനങ്ങളിൽ, അഗ്നിപ്രളയങ്ങളാൽ
മനുഷ്യരനവധി നശിക്കുവത് സഹജം.

<u>അതോ, അവരെല്ലാം പാപം ചെയ്തവരായിരുന്നോ,</u>
<u>ഒരുമിച്ചുശിക്ഷിക്കുവാനായി ഒരേയിടത്ത്,</u>
<u>ഒരേസമയത്ത് ഒരുമിച്ചുകൊണ്ടുവന്നതോ?</u>
തീർത്ഥാടനം നടത്തി, തന്നരികിലെത്തി ആത്മാർ-
ത്ഥതയോടെ പ്രാർത്ഥന നടത്തുവോരെ ഇരപോൽ
കൊല്ലുന്നൊരു ദൈവമതിവിചിത്രം തന്നല്ലയോ!

കരിഞ്ചന്തക്കാരും, കള്ളക്കടത്തുകാരും, ലാഭം
ദൈവവുമായി പങ്കിടുമവരതിജീവിക്കു-
മൊരുലോകത്തിൽ, മതത്തിനെന്തുണ്ടഹോ പ്രസക്തി?
കൊലയാളികൾ, പരിതാപകരപ്രവൃത്തികൾ
ചെയ്തതിൻ കാരണം വിശദീകരിച്ച് മാപ്പിന്,
കൈക്കൂലിയും നൽകി, പ്രാർത്ഥനയും നടത്തുന്നതാ-
മൊരുലോകത്തിൽ, മതത്തിന്നെന്തുണ്ടൊരുപ്രസക്തി?
ദൈവഭയമുള്ളൊരു ജന്തു, ഈ മനുഷ്യൻ, അതി-
ദാരുണമാം പ്രവൃത്തിപദ്ധതി, രൂപകല്പന
നടത്തുവതിൻമുൻതന്നെ, കോഴ നൽകി, പ്രാർത്ഥിച്ച്,
അല്പനേരം കണ്ണടയ്ക്കുവാൻ, ദൈവത്തോടിരക്കു-
മൊരുലോകത്തിൽ, മതത്തിന്നെന്തുണ്ടൊരു പ്രസക്തി?
ധനവും, സ്വർണ്ണവും, രത്നങ്ങളും, അഭിജ്ഞാതനാം
ദൈവത്തിനഭയസ്ഥാനങ്ങളും, വിഗ്രഹങ്ങളു-
മനേകം, പണികഴിപ്പിക്കുവാനായ് ധൂർത്തടിക്കു-
മൊരുലോകത്തിൽ, മതത്തിനെന്തുണ്ടഹോ പ്രസക്തി?

സ്വർണ്ണമകുടങ്ങൾ, രത്നഖചിതകിരീടങ്ങൾ
വെറുമാകർഷണത്തിനുവേണ്ടിമാത്രമായിട്ടും;
ദരിദ്രവാസികളവരും, സാധാരണക്കാരും
പട്ടിണിക്കിരയായിട്ടും; ആസ്പത്രിക്കായിക്കേഴും
ആരോഗ്യക്കുറവുള്ളവർ, ചാകാനിടയായിട്ടും;
കൂടുതലായി നമുക്ക് പ്രതീക്ഷിക്കുവാനെന്ത്?
ചിലവധികരിക്കും നിർമ്മാണപ്രവർത്തനങ്ങൾ
നിർത്തുവാൻ കൂട്ടാക്കുന്നില്ല ദൈവത്തിൻ മനോഭാവം!
പ്രതീക്ഷ ഒട്ടുമേയില്ല, നല്ലകാര്യങ്ങൾക്കായി,
ഈ ലോകത്ത്, പണം തിരിച്ചുവിട്ടേക്കുമെന്നതിൽ!
നിഷ്കളങ്കരെ ബലാൽസംഗം നടത്തി, കൊല്ലുവാൻ
സ്വപദവി, ദുരുപയോഗപ്പെടുത്തും ഏതാനും
ദൈവസഹായക്കാരെങ്കിലും, എന്നുമുള്ളതാകു-
മൊരുലോകത്തിൽ, മതംകൊണ്ടെന്തൊരു പ്രയോജനം?
ഈ ദൈവത്തിൻപേരിൽ, മനുഷ്യൻ മനുഷ്യനെ കൊല്ലു-
മൊരുലോകത്തിൽ, മനുഷ്യനെ നന്നാക്കുന്നതിന്

എന്തുസംഭാവനയാണീമതങ്ങൾ നൽകുവത്?

മതങ്ങൾ മനുഷ്യന്, നന്മചെയ്തകാലം തീർന്നു,
പരസ്പരം സ്നേഹിക്കയും, സഹകരിക്കുകയും
മാത്രമേ, എന്നെന്നത്തേക്കും നിലനിൽക്കുകയുള്ളൂ.
മതം ഒരന്ധഭ്രമം മാത്രം, മതവിശ്വാസിയോ
അവിശ്വാസിയോ, എല്ലാടത്തുമുണ്ട് നല്ലവരും
നല്ലതല്ലാത്തവരുമായ മനുഷ്യ ജീവികൾ.

മതത്തിൽ അവിശ്വസനീയമായവയെ നേരേ
വിമർശിക്കും ഗ്രന്ഥങ്ങൾ വായിക്കുവതിൽനിന്നല്ലേ
നിങ്ങൾ നിരോധിക്കപ്പെട്ടിരിക്കുവത്; അതാണ്
'മേച്ചിലിൻെറ' നിഗൂഢ നയതന്ത്രം; അറിവത്
കൂടുതൽ നേടുവത്, ഈ ദൈവസഹായികൾ തൻ
നിലനിൽപ്പിനു, വളരെവളരെ ഹാനികരം.
അല്ലയോ ദൈവസഹായികളേ, ദൈവത്തിൻപേരിൽ
ജീവിതമാർഗ്ഗം നേടുവോരേ, നിങ്ങൾ മറ്റു ചതി-
മാർഗ്ഗങ്ങൾ തിരഞ്ഞുകണ്ടെത്തുക, അഥവാ വേഗം
അനുയോജ്യമാമെല്ലാമാറ്റങ്ങളും വരുത്തുക;
വഞ്ചിക്കാവുന്നോരെ, വിഡ്ഢികളാക്കുവാൻ വേണ്ടതാം
തിരുത്തലുകൾ, വിശുദ്ധഗ്രന്ഥങ്ങളിൽ വരുത്തൂ.

ഈ, പുരോഹിതരും, ഭീകരപ്രവർത്തകരല്ലേ;
അവർ, ഈ മനുഷ്യരെ ഭയാക്രാന്തരാക്കുന്നില്ലേ;
ദൈവം, പകവീട്ടുമെന്നുപറഞ്ഞ് പേടിപ്പിച്ചാ-
പാവങ്ങളെ, വിശ്വസിപ്പിച്ചു നശിപ്പിക്കുന്നില്ലേ?

ഇന്ധനക്ഷാമമൊട്ടുമേയില്ല, ഭാഗങ്ങളെല്ലാം
കുറ്റമറ്റതും, അവയുടെ സമന്വയിപ്പിക്കൽ
ശ്രമരഹിതവും, ആ ഭാഗങ്ങൾതൻശ്രേണി, മൊത്തം
പൊതുവേ, നല്ലവണ്ണം പ്രവർത്തിക്കതന്നെചെയ്യും.
അതാണ് ജീവൻ, രാസജൈവശാസ്ത്രപരമത്.

നിർമ്മിക്കാനുമാവില്ല, നശിപ്പിക്കാനുമാവില്ല
ദ്രവ്യവും ഊർജ്ജവും, എന്നോതുന്നാമഹാനിയമം,
'ദ്രവ്യ, ഊർജ്ജ സംരക്ഷണനിയമം'; രൂപമാറ്റം
മാത്രമേ സാദ്ധ്യമാകൂ; ഒന്ന് മറ്റതിലേക്കായി.
ജീവസംരക്ഷണമെന്തിനുനമ്മേ അലട്ടണം;
സസ്യങ്ങളും, മറ്റു ജീവജാലങ്ങളും, ശോഭിക്കു-
ന്നീമാനവൻതൻകണ്ടുപിടിത്ത 'ക്ലോണിങ്ങ'ിൽ കൂടി!
മരണാനന്തര ജനനമൊന്നില്ലുലകിതിൽ.
ഭൂജന്മം, പുതുജന്മമത്. പുനർജന്മമല്ല.

ഒരു, ജീവന്മരണപ്രശ്നംതാൻ പുരോഹിതർക്കീ-
മതമതിൻ നിലനിൽപ്പ്; എന്തെന്നാൽ, അവരുടെ
ആഹാരമേ വരുവത്, നിഷ്കളങ്കരാകുമീ-
മാനവനെ, അന്ധവിശ്വാസികളും, പൊള്ളയാകും
സ്വയംശ്രേഷ്ഠത്വഭാവത്തിൻെറ അടിമയും, ആക്കി-
മാറ്റുന്നതിലൂടെയാണെന്നതല്ലാതെ മറ്റെന്ത്!

എന്തൊരു, സുഖദായകജീവിതം, കഠിനമാം

അദ്ധ്വാനമൊട്ടുമേതന്നെ ആവശ്യമില്ലതിന്;
ഭൂമി കിളക്കേണ്ട, 'ഗിയർ' വലിക്കേണ്ട, സകല
ശാരീരിക ആയാസങ്ങളും ഒഴിവാക്കാനാകും;
വിശുദ്ധമാം ഗ്രന്ഥങ്ങളുടെ വെറും വായനയും,
അല്പം, അംഗവിക്ഷേപങ്ങളും മാത്രം മതിയല്ലോ
അഹാരവും, ബഹുമതിയും നേടിയെടുക്കുവാൻ!
ആകയാൽ മതത്തെ, ജീവനോടെ നിലനിർത്തുവാൻ
മതാചാര്യന്മാർ, മാർഗ്ഗങ്ങൾ വിവിധം കണ്ടെത്തുന്നു.

നൽകുന്നൂ വൻപരസ്യങ്ങൾ, ദൈവം കാട്ടിക്കൂട്ടിയ
മഹാ അത്ഭുതങ്ങളെയെല്ലാം, പ്രകീർത്തിച്ചുകൊണ്ട്;
നിരീശ്വരമതക്കാരെ തോല്പിക്കാൻ, മാദ്ധ്യമങ്ങൾ
എല്ലാംതന്നെ ചൂഷണം ചെയ്യുന്നവർ; ശാസ്ത്രജ്ഞർക്ക്
കൈക്കൂലി നൽകുന്നു, ചതിക്കായി; ശാസ്ത്രസത്യങ്ങൾ,
ആ, സ്ഥിരീകരിക്കപ്പെട്ടവകൾ, വളച്ചൊടിച്ച്,
വഞ്ചിക്കപ്പെട്ടതാം മനസാക്ഷിയോടുകൂടിയ
സാധാരണക്കാരെ വാർത്തെടുക്കുവാൻ; മതങ്ങളേ
മനപ്പൂർവ്വം, ശാസ്ത്രത്തിൽക്കൂടി ദുർവ്യാഖ്യാനം ചെയ്ത്
കരുതിക്കൂട്ടിത്തന്നെ വിശദീകരണം നൽകി
മാസികകൾ, പ്രകാശനം ചെയ്യപ്പെടുന്നുവല്ലോ.
എന്തൊരു, സമാധാനത്തിൻേറം, സ്വസ്ഥതയുടെയും
സുഖഭോജ്യങ്ങളുടെയും, സുഖദായകങ്ങളാം
വൈദ്യുതസാമഗ്രികളുടെയും, ആ സമാഗമം
ഒത്തുചേർന്നുനൽകുമൊരു, മഹാ ജീവിതമത്;
കടബാദ്ധ്യതകൾ കൂടാതാസ്വദിക്കാനസാദ്ധ്യം
ഒരുവനുലകിതിലിങ്ങനുള്ളൊരു ജീവിതം!

ഇപ്പൊതുജനപ്രചരണസമ്മേളനങ്ങളിൽ
ഊമയെ, സംസാരിക്കവെക്കുന്നു; പൊട്ടൻ സംസാരം
കേൾക്കുന്നു; മുടന്തനെ നല്ലവണ്ണം നടത്തുന്നു;
രോഗി, ഇന്ദ്രജാലത്താൽപോലെ സുഖം പ്രാപിക്കുന്നു;
എല്ലാം നാടകീയമായി, നല്ലവണ്ണം ഒപ്പിച്ച്
കുർമ്മബുദ്ധിയോടുകൂടിത്തന്നരങ്ങേറ്റുന്നവർ;
ദൈവപരാക്രമങ്ങളേപ്പറ്റി, നിഷ്കളങ്കമാം
ഹൃദയങ്ങളിൽ, മതിപ്പുണ്ടാക്കുന്നതിനുവേണ്ടി.

<u>വെറുമൊരു പ്രാർത്ഥന പര്യാപ്തമെങ്കിൽ ഓ, കൊള്ളാം,</u>
<u>രോഗം ഭേദപ്പെടുത്താനെങ്കിൽ, എന്തുകൊണ്ട് ദൈവ-</u>
<u>സഹായികൾ, പുരോഹിതർ, യോഗികൾ, സന്യാസിമാർ,</u>
<u>ദൈവത്തിൻ വലംകൈസഹായികൾ, പുല്ലിൻ പാമ്പുകൾ,</u>
<u>എന്നിവർ, ആസന്നമരണഭീഷണി മൂടവേ,</u>
<u>എന്തിനേറ്റവും നല്ല ചികിത്സാസൗകര്യമുള്ളി-</u>
<u>ടത്തേക്ക്, ധൃതിയിൽ എത്തിക്കപ്പെട്ടെന്നുപറയൂ!</u>
ഇമ്മാതിരിപ്രവൃത്തികൾ, ഇപ്പുരോഹിതരുടെ
ശിക്ഷാർഹത തെളിയിക്കുന്നില്ലേ, ഈ വഞ്ചകർതൻ?

ഹൃദയസ്പന്ദനം നിലച്ചതാം, മനഷ്യനവൻ-
ഹൃദയസ്പന്ദനം, ഭിഷഗ്വരൻ തൻെറ കൃത്രിമ-
ശ്വാസോശ്ചാസത്താൽ വീണ്ടെടുത്ത്, ജീവൻ നൽകിടുന്നു.
ദേഹം വെടിഞ്ഞുപോയൊരാ ആത്മാവ് ആ ദേഹത്തിൽ

തിരികെ, വീണ്ടും പ്രവേശിച്ചെന്നാണോ ധരിക്കേണ്ടു?
ഭിഷഗ്വരനവൻ, ആത്മാവ് വീണ്ടെടുക്കുന്നെങ്കിൽ,
ഭീകരരാൽ, പ്രശ്നരഹിതം ആത്മാക്കൾ പുറത്ത്!

ഭാഗ്യമുള്ളവരാണുനാം, എന്തെന്നാകിൽ, നമ്മുടെ
അമ്മുമ്മേടമ്മൂമ്മേടെ.....അത്യന്താധുനിക അമ്മൂ-
മ്മക്കഥാസഞ്ചയം, വളരെക്കൂടുതലാകയാൽ;
ഹനുമാൻതൻവാലുപോലതു നീണ്ടുനീണ്ടു പോകും;
ഒരിക്കലും കെട്ടഴിക്കാൻ പറ്റാത്ത, നൂലാമാല.
(ഹിന്ദുക്ഷേത്രം നിന്നിടത്തന്ന്, മുസ്ലീം ക്ഷേത്രം നിന്നു
എവിടെ ക്രിസ്തീയ ദേവാലയം നിന്നൂ, അവിടെ
ബുദ്ധമതക്ഷേത്രം നിന്നു....., എവിടെ ജൂതപ്പള്ളി
നിന്നു, ക്രിസ്ത്യാനിപ്പള്ളിയും....എവിടയോ അവിടെ
സർവ്വദേവക്ഷേത്രം നിന്നു.....ആദിവാസിമതത്തിൻ
കുടിൽ നിന്നു,.....നിന്നൂ....ന്നൂൂൂ...ചരിത്രാതീത പ്രാർത്ഥനാ-
മൈതാനം നിന്നിരുന്നിരിക്കാം.....), കൂടെ അന്ധാളിച്ച്
പൂർണ്ണ രാഷ്ട്രം നിന്നൂ, അല്ലല്ല, ലോകം മുഴുവനും.........

ത്രിശൂലവിതരണം, ഇന്നും പ്രയോജനപ്പെടും;
ചതികൾ, എല്ലാം നല്ലവണ്ണം ആസൂത്രണം ചെയ്ത
സൂത്രവേലകൾ; പാമ്പുകളും ബിംബങ്ങളും പാല്
കുടിക്കുവതും, തീക്ഷ്ണമാം മതഉത്സവങ്ങളും
എല്ലാം, ദൈവത്തെ ജീവനോടെ നിലനിർത്താൻ തന്നെ.

ദൈവപ്രീതിക്കായെന്തുമ്മാത്രമാണ് ചിലവാക്കൽ,
നല്ലവണ്ണമിഷ്ടപ്പെടുമൊരു അഭിനന്ദനം,
ഈഭ്രാന്തന്മാർക്കൊട്ടുലഭിച്ചതുമില്ലിന്നുവരെ.

ക്രിസ്തീയപ്പള്ളികൾ, ഹിന്ദുക്ഷേത്രങ്ങൾ, മുസ്ലീം ദേവാ-
ലയങ്ങൾ, *സൈനഗോഗുകൾ, പാന്തിയോണുകൾ, പഗോ-*
*ഡകൾ, കിർക്കുകൾ......***നമുക്കിവകൾ, ധാരാളം മതി.**
നമുക്കവ, നമ്മുടെ ഭാവിതലമുറയ്ക്കായി
സംരക്ഷിക്കാം, അവരുടെ ജിജ്ഞാസ ശമിപ്പിക്കാൻ.
പാപകർമ്മങ്ങൾ ചെയ്യാതിരിക്കൂ, അവ തകർത്തു-
തരിപ്പണമാക്കാതിരിക്കൂ, കഠിനാദ്ധ്വാനത്താൽ
നേടിയെടുത്തതാം ധനം, നമുക്കിനിയെങ്കിലും
ദൈവപ്രാർത്ഥനയ്ക്കായി സ്ഥാനങ്ങൾ സൃഷ്ടിക്കാനായി
നശിപ്പിച്ചുകളയാതിരിക്കാൻ ശ്രമിച്ചു നോക്കാം.

നിങ്ങളുടെ വീട്, അല്ലെങ്കിൽ ഒരു വീഥിപോലും
ദൈവങ്ങൾ ഇഷ്ടപ്പെടുന്നെന്നതറിക ഏവരും.
പ്രാർത്ഥനാമന്ദിരനിർമ്മിതി; പരാന്നഭോജികൾ,
മറ്റുള്ളവരുടെ ചെലവിൽ, കഠിന അധ്വാന-
മൊട്ടുമേകുടാതെ, സുഖകരമാകും ജീവിതോ-
ന്നതികൾ, നേടിയെടുക്കുവതിനേ സഹായിക്കൂ.

ഈ, വിഡ്ഢിത്ത നിർമ്മിതിക്കു, ചിലവഴിച്ച പണ-
മെല്ലാം, നമ്മൾ, ആസ്പത്രികളുടെയും, വിദ്യാഭ്യാസ-
സ്ഥാപനങ്ങളുടെയും, വൃദ്ധഭവനങ്ങടെയും
അനാഥാലയങ്ങടെയും പണിക്കായി ഉപയോ-

ഗപ്പെടുത്തിയിരുന്നെങ്കിൽ, ഇന്നീ ലോകം തികച്ചും
ഒരത്ഭുതസ്വർഗ്ഗമായി തീർന്നിരുന്നേനേമല്ലോ.
ദൈവനാമത്തിൽ, അഭയമന്ദിരങ്ങൾ നിർമ്മാണം
ഇനിയെങ്കിലും നമുക്കു കർശനം, നിരോധിക്കാം.
കർമ്മമനസ്ഥിതരാകൂ, നമുക്കതു സാധിക്കും.
പരസ്പരം നമുക്ക് സ്നേഹിച്ചിടാം, പരസ്പരം
നമുക്ക് സഹായിച്ചിടാം, ഇടുങ്ങിയതാമെല്ലാ
പരിഗണനകളും, എന്തിനലട്ടണം നമ്മേ?
ശരിക്കും, മനുഷ്യരാണു നമ്മൾ. സിക്കുകാരനോ,
ജൂതനോ, ക്രിസ്ത്യാനിയോ, മുസൽമാനോ, ഷാമനിനോ,
ഹിന്ദുവോ, ജൈനനോ, ബുദ്ധഭിക്ഷുവോ.....ഒന്നുമല്ല.

ശൂന്യതയിൽ നിന്നും, വിഭൂതി കൊണ്ടങ്ങുവരുന്നു,
ദൈവമനുഷ്യരെന്നപേരിലറിയപ്പെടുന്ന
അവർ നിങ്ങളെ അന്ധാളിപ്പിച്ചങ്ങനെ നിർത്തിടും.
ശൂന്യതയിൽ നിന്നൊരു, കസേര പിടിച്ചെടുക്കാൻ,
നിങ്ങളീകബളിപ്പിക്കൽകാരോടൊന്നു പറയൂ.
(കൈപ്പത്തികളിലൊതുങ്ങുമാ വസ്തുക്കൾ മാത്രമേ
അവർക്കിപ്രകാരമൊരുവിധമൊപ്പിക്കാനാകൂ.)
ഇതുപോലുള്ള വേലകൾ, സാക്ഷിയൊരാൾ, കോടതിൽ
ചെയ്തുകാണിച്ചു തെളിയിച്ചു, അവകളെല്ലാമേ
വെറും, അമ്പരപ്പിക്കും, സൂത്രപ്പണികളാണെന്ന്,
അഥവാ, കൈയടക്കങ്ങളാണെന്ന്, അതലാതെ
അവയ്ക്ക്, പ്രകൃത്യതീത ശക്തികൾ ചെയ്യുമെന്ന്
വിശ്വസിക്കപ്പെടുന്നവയുമായി ബന്ധമില്ല.
ചിലർ, കഷ്ടം! എന്നിട്ടും വിശ്വസിക്കുന്നു, ഈ അന്ധ-
മതവിശ്വാസികൾ, അവരുടേതാം തലച്ചോറ്
ശരിക്കുമുപയാഗിക്കുന്നതിൽ, ശ്രദ്ധ അധിക-
മൊന്നുമേ ചെലുത്താറില്ല, കഠിനാന്വേഷണവും.

മുൻകൂട്ടിയങ്ങറിഞ്ഞുകൂടായിരുന്നുവോ, ദൈവ-
മായിട്ടുമങ്ങേർക്ക്, തന്നേ മനുഷ്യരനുസരി-
ക്കാതിരിക്കുമെന്നും, കനിയതുഭക്ഷിക്കുമെന്നും?
ദൈവമാണു മനുഷ്യനെ സൃഷ്ടിച്ചതെങ്കിൽ, തന്നെ
അനുസരിക്കാതിരിക്കത്തക്കവിധത്തിലൊരു
ചിന്തയുണ്ടാകുന്ന രീതിയിലുള്ളതാം ദുഷിച്ച
തലച്ചോറൊരിക്കലുമവൻ, മനുഷ്യന്, നൽകു-
മായിരുന്നില്ലെന്നതല്ലേ പരമമാം ആ സത്യം.

നിഷ്കളങ്കരാമീമനുഷ്യർമേൽ, അസാദ്ധ്യതകൾ
അനുസ്യൂതമടിച്ചേൽപിക്കപ്പെടുന്നു, എന്നുമേ.
അനവധിയുണ്ടല്ലോ, അതിനുദാഹരണങ്ങൾ!
അവ വെറും, ചാക്ഷുഷീകരണം മാത്രമാണെന്ന-
സാക്ഷാത്കാരത്തിലേക്കീതെറ്റുകൾ നയിക്കുകില്ലേ?
ഈ, 'ഹിമാലയ' മടയത്തരങ്ങൾ വെറുമൊരു-
തരം ഭാവനകൾ മാത്രമാണെന്ന് തുറന്നങ്ങ്
കാണിക്കുന്നില്ലേ; സൂര്യൻ, ഭൂമി, ആദി ആ വംശമേ
സ്വയംഭൂവാണല്ലാതെ, ഈ മൂലപ്രമാണങ്ങളിൽ
പറഞ്ഞിരിക്കുംപോലെ, സൃഷ്ടിക്കപ്പെട്ടവയല്ല.

ആദ്യം, മതങ്ങളുണ്ടായപ്പോൾ, ആ ഉദ്ദേശ്യങ്ങളിൽ
ആത്മാർത്ഥത തുളുമ്പിനിന്നിരുന്നു, ഉള്ളടക്കം,

അസ്പഷ്ടവും, മുൻവിധികളുമായിരുന്നെങ്കിലും.
ക്രൂരമാം കാലം, കരണ്ടുള്ളിൽ കടന്നപ്പോൾ, മാറി,
കുപ്രസിദ്ധി നേടി, പുണ്യാളത്തനാട്യക്കാരുടെ
ജീവിതമാർഗ്ഗമായി, അതു രൂപാന്തരപ്പെട്ടു.

യു. കെ. യിലൊരു മുഹമ്മദീയനാം, പുരോഹിതൻ
ശിക്ഷിക്കപ്പെട്ടു. ഹിന്ദുക്കളുൾപ്പെടെ എല്ലാവിധ
അവിശ്വാസികൾക്കും, എതിരായി, കൊടും വെറുപ്പ്,
മതപ്രസംഗത്തിൽ കൂടി പ്രചരിപ്പിച്ചതിന്;
ഏത്, ഹിന്ദുക്കളും കൃസ്ത്യാനികളും, മറ്റ് എല്ലാ
മതക്കാരും, പാടുന്നുവോ, അതുതന്നെയാണിതും!

ഏറ്റുമുട്ടലിനായി, മണി മുഴങ്ങുന്നു വേഗം!
അതിക്രമിച്ചു കടന്നവൻ, ശരിക്കാരെന്നത്
ഒരിക്കലും അറിയപ്പെടുകയില്ല, എന്തെന്നാൽ
ഭൂമി തെന്നിമാറൽ, ഭൂകമ്പം, ആസൂത്രിത ഗൂഢ
പദ്ധതികൾ, വൻ പ്രളയങ്ങൾ, ഇവ, ചരക്കുകൾ
വേണ്ടുവോളം, സ്ഥലം മാറ്റി പ്രതിഷ്ഠിച്ചിട്ടുണ്ടാകും
ഉൽഖനനത്തിനായി; ഏതുൽഖനനത്തിനാണോ
ഭ്രാന്തരും, അന്ധരും, സ്വാർത്ഥതക്കാരും, ക്രൂരന്മാരും,
പ്രതികാരദാഹികളുമാം മനുഷ്യരെ, നേർപാ-
തവെടിഞ്ഞ് നയിക്കാനാകുമോ, ഖനനമത്!

ദൈവത്തിൻറാളുകളവകാശപ്പെടുവതുപോൽ
ദൈവത്തിൻററിവുകൂടാതൊന്നുംതന്നെ എങ്ങുമേ
സംഭവിക്കില്ലെങ്കിൽ, നിഷ്കളങ്കരതിക്രൂരമായ്
വെടിവെച്ചുകൊല്ലപ്പെടുവതും, ദൈവാനുവാദ-
ത്തോടുകൂടിത്തന്നാണോ! എങ്കിലതെന്തുദൈവമോ?
അത്ഭുതം, ഭയങ്കരരവർ, അവർതൻ ഗുഹയിൽ
സുരക്ഷിതർ, ശിക്ഷാരഹിതരായ്‌വസിച്ചിടുന്നു.
മരിച്ച, അവരെല്ലാം, പാപികളായിരുന്നെന്നോ;
ഭീകരന്മാർ, നല്ല നടത്തയ്ക്കു, പേരുകേട്ടവർ
ആയിരുന്നെന്നോ, വാദിക്കുവാനാകുമോ നിങ്ങൾക്ക്;
*ശിശുവിഹാറി...*ലവർ, കശാപ്പുചെയ്ത ശിശുക്കൾ,
നിഷ്കളങ്കരല്ലായിരുന്നുവോ; അവർ, അവർതൻ
പൂർവ്വജന്മത്തിൽ, മഹാപാപികളായിരുന്നുവോ?

ശനിയാഴ്ച രാത്രിയിലെ ആ ജനനം, എന്തിത്ര
സംഭ്രമമുണ്ടാക്കി! ആ ശിശുവിൻെറ ലക്ഷണങ്ങൾ
ഒന്നൊഴിച്ചെല്ലാമേ, ഒത്തിണങ്ങിയതായിരുന്നു,
തികച്ചും സാധാരണം; ഇരട്ടത്തലകൾ, ഒന്ന്
ഒന്നിനോട് കൂടിഒട്ടിച്ചേർന്നിരുന്നതൊഴിച്ചാൽ,
മറ്റു ശിശുക്കളിൽ നിന്ന്, പൂർണ്ണമായും വേറിട്ട-
തുനിൽക്കുവാൻ, കാരണവുമതുതന്നായിരിക്കാം!
ചില, അപഥയാനികൾ അതു പരിപാവനം
ആയി കണക്കാക്കി, ചിലർ ഭയാവിഹ്വലരായി,
അവർക്കതു ദുശകുനമായിട്ടു തോന്നുകയാൽ;
ശരീരമൊന്നിൽ, ശിരസ്സു രണ്ട്; മനുഷ്യനല്ല;
സകലതുമേ ദൈവസൃഷ്ടിയെങ്കിലിതും, തീർച്ച,
ദൈവത്താൽതന്നെ സൃഷ്ടിക്കപ്പെട്ടതാകുമെന്നോർക്ക;
മനുഷ്യനെ, ഭയാകുലരാക്കുവാനോ ഈ സൃഷ്ടി?

മനുഷ്യനെ, പരിപൂർണ്ണിതനായിട്ടാണു ദൈവം
സൃഷ്ടിച്ചിരുന്നതെങ്കിലെങ്ങനുണ്ടായി, അവനെ
മരണത്താൽ, ഭയപ്പെടുത്തേണ്ടൊരു സാഹചര്യം?

പരിതാപകരം. സൃഷ്ടിവൈകൃതം, സ്വവ്യാമോഹ-
ത്തിന്നനുരൂപമായ്ത്തന്നെ! '*സയാമീസ്*' ഇരട്ടകൾ-
മേൽ, ഭിഷഗ്വരരവർ, കൈ വയ്ക്കുമ്പോൾ പ്രത്യേകമാം
രണ്ടുവ്യക്തികളായിമാറുന്നവർ, പൂർണ്ണരായി;
അവരൊന്നായിരുന്നപ്പോഴാണോ, ഏക സംയുക്ത
ജീവനവർക്കുണ്ടായിരുന്നത്; അതോ, അവർക്ക്
ജീവനും, രണ്ടുണ്ടായിരുന്നുവോ; അതോ, നിങ്ങളും
പറയുമോ, അവർ രണ്ട് അർദ്ധഭാഗങ്ങളായി
പിരിഞ്ഞപ്പോൾ, ജീവനും രണ്ടുകഷണങ്ങളായി,
ഓരോന്നും, അർദ്ധജീവനോടുകൂടി; കഷണങ്ങൾ.
അത്ഭുതകരമായ രണ്ടു കഷണങ്ങളത്!

മനുഷ്യമനസ്സനവധി പേരെ, അലട്ടുന്നൂ
ഇന്നും; ദുരിതമനുഭവിക്കൽ, മാനവൻ, തൻെറ
പൂർവ്വകാലകർമ്മഫലങ്ങളെന്നാരോപിക്കന്നു
വിശുദ്ധഗ്രന്ഥങ്ങളനവധി; ദൈവസഹായി-
കളായി സ്വയം അവരോധിക്കപ്പെട്ട, തിരിഞ്ഞ
തലക്കാർ, മനുഷ്യൻെറ, അരുചികരകഠോര-
വ്യഥക്ക്, ഉചിതമാം വിശദീകരണം നൽകാൻ
ഇല്ലായ്കയാൽ, കണ്ടുപിടിക്കപ്പെട്ട ഗൂഢതന്ത്രം.
അധികം നീണ്ടുനിലനിൽക്കില്ല, അതിവേഗമേ
അതവസാനിക്കും, കൃത്രിമനിർമ്മിതവ്യഗ്രത.

ചരിത്രമുദ്ഘോഷിക്കുന്നു, ആ, ***ബുദ്ധനും, ക്രിസ്തുവും,***
കൺഫ്യൂഷ്യസും, മുഹമ്മദും, മിക്കാഡോയും, മോസ്സസും,
മഹാവീരനും, നാനാക്കും, രാമനും ആ ***കൃഷ്ണനും,***
കേരളത്തിലെ, പുതു ***നാരായണനും,*** എല്ലാരും
ഉന്നതാദർശവക്താക്കളാം മനുഷ്യജീവികൾ
മാത്രമായിരുന്നെന്ന്; ഇപ്പുരോഹിതരവരേ
ദൈവഅന്തസ്സിലേക്ക് നേരിട്ടങ്ങുയർത്തുന്നെന്നും.

കൊലയ്ക്കനുമതിനൽകുമുഗ്രവൈരം ഉജ്ജ്വലി-
പ്പിച്ചുകൊണ്ട്, മതത്തെ വിവിധ, ജനവർഗ്ഗങ്ങ-
ളുടെയും, വർഗ്ഗീയതയുടെയും സംഘങ്ങളായി
വിഭജിക്കാനേതുമതത്തിന്നേതു ദൈവമാണ
അധികാരം നൽകിയതെന്നോതുകതന്നെവേണം.
കൃസ്തുമതത്തെ, ആ റോമൻകത്തോലിക്കുകളെന്നും
പ്രോട്ടസ്റ്റൻറ്റുകളെന്നും മറ്റും വികലമാക്കാനും,
ബുദ്ധമതത്തെ, ഹീനയാനം മഹായാനമെന്നും,
ഇസ്ലാംമതത്തെ, ഷിയാ, സുന്നിയെന്നും, ഹിന്ദുമതം
അനേകം, വിചിത്ര ജാതിവിഭാഗങ്ങളാക്കാനും
വിശ്വാസികളോടു ദൈവം, എപ്പോളാവശ്യപ്പെട്ടു?

മതങ്ങൾ, രണ്ടുതരമിന്നുനിലവിലുണ്ടല്ലൊ;
മനുഷ്യനിർമ്മിതവും, ഭയനിർമ്മിതവുമവ.
പുരോഹിതരപഹരിച്ചുകൊണ്ടുപോകുംവരെ,
അവകൾതൻ ലക്ഷ്യങ്ങൾ, നല്ലവതന്നായിരുന്നു.

അവരതിനെ, ജീവിതമാർഗ്ഗം നേടിയെടുക്കു-
മൊരു, വ്യാപാരമായങ്ങുരൂപാന്തരപ്പെടുത്തി,
ആദായകരാഷ്ട്രീയം, ഫലപ്രദവ്യഭിചാരം!
മനുഷ്യനെ, അധികനാൾ ചതിക്കാൻ പറ്റുകില്ല.
പുരോഹിതസ്വേഛാധിപത്യത്തോടു, നമുക്കുള്ള
അടിമത്തശൃംഖലാബന്ധം മാറ്റി ശരിയാക്കാൻ,
മതങ്ങളുടെ ഭരണയന്ത്രത്തിൻെറ ഘടന
പ്രത്യേക ക്രമീകരണത്തിലാകയാൽ, വൻകാല
പോരാട്ടത്തിനൊന്നുമാത്രമേ, സാദ്ധ്യമാകയുള്ളൂ.

<u>ദൈവം ഭരിക്കുന്നു, യാദൃച്ഛരികമല്ല;</u> വർഷിക്ക-
പ്പെടുന്നണുബോംബുകൾ, ഒട്ടും യാദൃച്ഛരികമല്ല;
ദൈവം, മനുഷ്യനു നൽകിയതാം ചിന്തപ്രക്രിയ
വർദ്ധിപ്പിക്കുന്നു; '***റവാൻഡ.***'..യിലെ, ആ കൂട്ടക്കൊല
എട്ടുലക്ഷം; '*കൊസോവ*'....യിലെ അഭയാർത്ഥികൾമേൽ
ബോംബിട്ടു; ദൈവം ഭരിക്കുന്നു, സമാധാനമില്ല!
<u>ഞാൻ ജീവൻ മാത്രമേ നൽകിയുള്ളു.....,</u> എന്നുപറഞ്ഞ്,
ദൈവത്തിന് രക്ഷപെട്ടുകളയാൻ സാധിക്കുമോ?
എങ്കിൽ, അതിശയിക്കാനൊന്നുമേയില്ല, ദൈവത്തിൻ
അവസാനം, അടുത്തിരിക്കുന്നു, രക്ഷ ഇല്ലിനി!

*(മനുഷ്യൻ, സൃഷ്ടിക്കപ്പെട്ടതല്ല, പരിണാമത്താൽ
ഉടലെടുത്തതാണ്. മനുഷ്യനെ അലട്ടിയി-
രുന്ന, വൻപ്രശ്നപരിഹാരം, കണ്ടെത്തി ഇന്നു നാം.*
***<u>'ജാതികൾ തൻ ഉല്പത്തിയും, മനുഷ്യവംശക്രമ-
സിദ്ധാന്തവും,'</u>*** *ഒരു സാധാരണക്കാരനാൽ അല്ല
പരിഗണനയ്ക്കായി സമർപ്പിതമന്നായത്.*
'***ഡാർവ്വിൻ***' *ഈ ഈശ്വരശാസ്ത്രത്തിൽ ബിരുദധാരിയും
പള്ളിക്കാര്യങ്ങളിൽ, വൻ പരിചയസമ്പന്നനും.)*

മനുഷ്യനെ, ഇനി വിശ്വസിക്കാനേ പറ്റുകില്ല;
മുരടിച്ചിട്ടില്ലവൻെറ, തലച്ചോറിൻ വളർച്ച;
കാലാന്തരത്തിൽ പരാജയപ്പെട്ടിടുമേ നിങ്ങൾ,
അല്ലയോ ദൈവത്തിൻെറ സഹായികളേ, ദൈവത്തിൻ
പേരിൽ, തൻജീവിതമാഗ്ഗം നേടിയെടുക്കുന്നോരേ,
മനുഷ്യനെ വഞ്ചിക്കാൻ പറ്റിയ മറ്റുമാഗ്ഗങ്ങൾ
തിരക്കുക, അഥവാ അനുയോജ്യമാം മാറ്റങ്ങൾ
വരുത്തുക, വഞ്ചിക്കപ്പെടാവുന്നവരെ വെറും
മടയന്മാരാക്കുവാൻ, പുണ്യഗ്രന്ഥങ്ങളിലെല്ലാം
മാറ്റങ്ങൾ വരുത്തൂ; കബളിപ്പിക്കൽ മാത്രം സ്വന്ത
തൊഴിലായിട്ടുള്ളവർ, വ്യാഖ്യാനം പുതുതതുടൻ
കണ്ടുപിടിക്കും; അവർ, തൊഴിച്ചു വെളിയിലാക്ക-
പ്പെടാതിരിക്കുവാൻ; മരണത്തിൽ നിന്നു ദൈവത്തെ
രക്ഷിക്കുവാൻ, മതത്തിൻ വ്യഭിചാരികൾ, പുറത്തു
കൊണ്ടുവരും, അനവധി പുതുഅംശങ്ങൾ, അതിൽ
കുത്തിത്തിരുകിക്കയറ്റിയതാം പുണ്യഗ്രന്ഥങ്ങൾ!

'***റൻബീർ***' *സേന*, പതിനൊന്നുപേരെ, കൊയ്തങ്ങുതള്ളി;
രണോത്സുകർ *ശിശുവിഹാര*ത്തിലെ ശിശുക്കളെ
കശാപ്പുചെയ്തു; ഒന്നും, ഒട്ടും യാദൃച്ഛരികമല്ല,

കരുതിക്കൂട്ടി ദൈവം, മനുഷ്യനെ സാഹസികൻ
ആക്കയാണ്, ജനസംഖ്യാസ്ഫോടനപ്രശ്നപരി-
ഹാരം, ഞൊടിക്കിടയിൽ കണ്ടെത്തുവാനുഗ്രശ്രമം!
പാപികളുടെ മാത്രം, രക്ഷകനാണ് ഈ ദൈവം
എന്നുതോന്നുന്നില്ലേ, എന്തെന്നാൽ, നിർബാധമല്ലയോ
പിടിക്കപ്പെടാതവർ, വിഹരിക്കുമെവിടെയും!

ദൈവമല്ലാതെ മറ്റാരു സൃഷ്ടിച്ചു, ഈ ***സാത്താനെ,***
ദൈവമാണിവിടെ എല്ലാത്തിനേയും, ഭ്രാന്തരായി
സൃഷ്ടിച്ചതെങ്കിൽ; രണോത്സുകരെപ്പോലെതന്നെ ഈ
ദൈവവും, പെരുമാറുകയാണെങ്കിൽ, ഈ ദൈവവും
ഭയങ്കരന്മാരും തമ്മിൽ, എന്തുണ്ടഹോ വ്യത്യാസം?

ദൈവസൃഷ്ടികൾ, കുറ്റമറ്റതെങ്കിൽ എന്തുകൊണ്ട്
ഈ മാനസവികാസശൂന്യരും, നിഷ്ക്രിയരുമാം
ശിശുക്കൾ ജന്മമെടുക്കുന്നു; എന്തുകൊണ്ടാണഹോ,
ജന്തുക്കളിൽ, വികലാംഗർ രൂപം പ്രാപിക്കുവത്;
എന്തുകൊണ്ടെന്നാൽ, അത് പരിണാമത്തിലുള്ളതാം
'ഉൽപരിവർത്തനം' കാരണം മാത്രമാണല്ലാതെ
മനുജവിപ്ലവത്തിൻ നേരെ ദൈവകോപമല്ല.

അന്ധനേയും ബധിരനേയും, സുഖപ്പെടുത്താനും
ഉപമാർഗ്ഗശസ്ത്രക്രിയ, അതിവിദഗ്ദ്ധമായി
നിർവ്വഹിക്കുവാനും കഴിവുള്ളതായിട്ട്, അമ്പേ
ചിത്രീകരിക്കപ്പെടുന്ന ദൈവത്തിനെന്തേ, തന്റെ
ഈ, സൃഷ്ടികർമ്മത്തിൽ ഇപ്പിഴസംഭവിക്കുന്നഹോ?!
അപമാനമൊഴിവാക്കി, പാവം ദൈവത്തെ തടി-
തപ്പിക്കുവാൻ, പുണ്യപുരാണങ്ങളിൽ, കുത്തിക്കേറ്റൂ
മാറ്റങ്ങൾ, **ആദ്യസൃഷ്ടികൾതൻ കാര്യത്തിൽ മാത്രമേ**
എനിക്കു ചുമതലയുള്ളു........., ഏതെങ്കിലും നല്ല
ഭാഗത്തിൽ, ആധികാരികം ദൈവം പ്രസ്താവിക്കട്ടെ!

ആദ്യത്തേതിൽപോലും, മസ്തിഷ്കനിർമ്മിതിയിൽ തെറ്റു
പറ്റി, അദ്ദേഹത്തിന്; മാനവനാശത്തിലേക്ക്
അതുനയിക്കുകയും ചെയ്തതാണേ സത്യാവസ്ഥ!
ഉഭയലിംഗികൾസൃഷ്ടി, സർവ്വതോവിചക്ഷണൻ
എന്ന ദൈവപ്രകീർത്തിക്കേറ്റൊരു കളങ്കം തന്നെ.
'സയാമീസ്സിരട്ടകൾ', നേടിക്കൊടുക്കുന്നങ്ങേർക്ക്
വളരെ ചീത്തപ്പേര്; ***'എയിൻസ്റ്റയിൻ'*** പരത്തിയോ-
രഭിപ്രായത്തിനു വിരുദ്ധമായി; തീർച്ചയായും
ദൈവം, പകിട കളിക്കുന്നെന്നതല്ലയോ നിജം?
വിഷയംതിരിച്ചു നോക്കിൽ, ഒരുവനെല്ലാത്തിലും
പ്രതിഭാസമ്പന്നനായിരിക്കുമെന്നില്ലെന്നോർക്ക!

ഉത്തരരഹിതചോദ്യങ്ങളനവധി, എന്നും
മാനവൻ നേരിടുമ്പോൾ, അടിയറവുപറഞ്ഞ്
ദൈവത്തിലഭയം പ്രാപിക്കുക, സൗകര്യമായി-
ക്കാണുന്നതിലതിശയിത്തിന്നവകാശമില്ല!

അണുബോംബുകളുടെയും, ഉദ്ദിഷ്ടസ്ഥാനത്തതെ-

ത്തിക്കലുപകരണങ്ങടെയും മാതൃകകളും,
യന്ത്രത്തോക്കുകളും, കൊല്ലാനുപകരിക്കുന്നതാം
വിഷവസ്തുക്കളതും, ദൈവസന്നിധിയിൽ കാഴ്ച
വയ്ക്കും ശാസ്ത്രജ്ഞന്മാരും, ഒട്ടുംതന്നെകുറവല്ല!
സാധാരണക്കാരൻ വാഹനത്തിനു ഹാരാർപ്പണം
നടത്തുവത് സഹിക്കാം, നമുക്കെങ്ങനെങ്കിലും.

ദൈവം ഭരിക്കുമിടത്ത്, സയാമീസ്സിരട്ടകൾ
ജനനം, ഒരു വെറും യാദൃച്ഛികം തന്നല്ലയോ?
അതോ, അതും ദൈവപ്രഭാവം കാണിക്കുമൊന്നാണോ!
മനുഷ്യമനസ്സിൻെറ ചുറുചുറുപ്പ് വെളിവാ-
ക്കുവാൻ, <u>സൽചിന്തകൾക്കുള്ളകഴിവുമാത്രം നൽകു-</u>
<u>ന്നതിൽ, ദൈവം പരാജയപ്പെട്ടതും വെറുമൊരു</u>
<u>യാദൃച്ഛികസംഭവംതന്നല്ലയോ ചിന്തകരേ?</u>
<u>അല്ലെങ്കിൽ, തൻറാരാധകർ ശിക്ഷിക്കപ്പെട്ടുകാണാൻ</u>
<u>മനപ്പൂർവ്വം ദൈവം മനുഷ്യനെ, അനുസരണ-</u>
<u>ശീലമില്ലാത്തവനായിട്ടു സൃഷ്ടിച്ചിരിക്കണം!</u>

ദൈവമാണു മനുഷ്യസൃഷ്ടികർത്താവെങ്കിൽ, അവർ-
തൻ, സ്ത്രീ പുരുഷലിംഗാവയവങ്ങളും, തൻസ്വന്ത-
സൃഷ്ടിതന്നല്ലയോ; ദൈവസൃഷ്ടി കുറ്റമറ്റതെ-
ങ്കിലീലിംഗാവയവങ്ങളുടെ സുന്നത്തു കർമ്മം
പരസ്പര വൈരുദ്ധ്യം നിറഞ്ഞതുതന്നല്ലയോ;
സാങ്കല്പികമെങ്കിലും, സ്രഷ്ടാവിനെ പുച്ഛരിക്കുന്നു
ദൈവത്തെ മടയനാക്കിക്കൊണ്ട് ഈ കൊള്ളക്കാരൻ!

ദൈവത്തിൻപേരിൽ പരസ്പരം കൊന്നൊടുക്കിക്കൊണ്ട്
മനുഷ്യൻ മനുഷ്യനോട്, യുദ്ധംചെയ്യുന്നതിലർ-
ത്ഥമെന്തെങ്കിലുമുണ്ടോ; സങ്കല്പത്തിൽ മാത്രമായി
ഒതുങ്ങിനില്കും ദൈവത്തിൻെറയും മതത്തിൻെറയും
പേരിലിതു ചെയ്യുവതാണു തികച്ചുമേ പാപം.
<u>*ദൈവനാമധേയത്തിൽ പരസ്പരം കൊന്നൊടുക്കാൻ*</u>
<u>*ഏതുദൈവമാണാവശ്യപ്പെട്ടതെന്നാർക്കെങ്കിലും*</u>
<u>*ദയവുചെയ്ത് ഒന്നു വെളിവാക്കാമോ മൂർഖരേ?!*</u>

എന്തിനാണു ദൈവം, മനുഷ്യനെ മറ്റൊരുവനാൽ
കൊല്ലപ്പെടാവും വിധം സൃഷ്ടിച്ചത്; പ്രയോജന-
മുള്ളൊരു കഴിവ് മനുഷ്യനോട് പകപോക്ക-
ണമെന്നു തനിക്കു തോന്നും നേരം, സ്വന്തമായിട്ടു-
പയോഗിക്കാനെന്തുകൊണ്ടാണ് വയ്ക്കാഞ്ഞതു ദൈവം?

നൂറ്റാണ്ടുകളിലൂടെ ദൈവത്തിൻ നാമധേയത്തിൽ
എത്രയെത്ര യുദ്ധങ്ങൾ ചെയ്ത്, നാം നാശനഷ്ടങ്ങൾ
വരുത്തി; മനുഷ്യബുദ്ധി മാത്രംതാൻ, വികസിച്ചു!
അവൻെറ സാമാന്യബോധമിപ്പൊഴും, ഹോ നിഷ്ക്രിയം!
തനിക്കെതിരെയുള്ളവരെ ശിക്ഷിക്കുവതിനു
ദൈവത്തിനുള്ള കഴിവുകേടാണോ, മനുഷ്യനെ
ക്കൊല്ലാനനുമതി നൽകും, ധർമ്മയുദ്ധം, കുരിശു-
യുദ്ധം, ആദിയിൽക്കൂടി ദൈവത്തിനായിട്ടത്, നാം
നേടിയെടുക്കാൻ, മനുഷ്യനെ പ്രേരിപ്പിക്കുവത്!

വിവേകമില്ലായ്മയാണെന്നും, മനുഷ്യൻ പോരായ്മ.
ദൈവം സ്വയം തന്നെ, മാപ്പിനെ അനുകൂലിക്കുമ്പോൾ
തിരസ്കാരത്തിൻേറം ചുമതലപെടുത്തപ്പെട്ട
കാര്യത്തിൻേറയും പേരിൽ, മനുഷ്യനെന്തിനലട്ടൽ?

<u>മതരഹിതസമൂഹം, ഇന്നത്തെ രൂക്ഷമായ</u>
<u>മതഭക്തിയേക്കാൾ, വളരെ നല്ലതുതന്നാണ്.</u>
മതങ്ങളനവധിതൻ, സാന്നിദ്ധ്യമതുതന്നെ
തെളിയിക്കുവത്, മതങ്ങൾതൻ ശബ്ദത്തിനിന്നും
വെറും മുഴക്കം, മാത്രമേയുള്ളു എന്നതുതന്നെ.
മതങ്ങളെല്ലാമേ, അതുതാൻ ശരിയായ മതം
എന്നവകാശപ്പെട്ട് മതപരിവർത്തനത്തിൻ
'സിൻഡ്രോം' സ്വരത്തിൽ, മതമ്മാറ്റസാദ്ധ്യതയുള്ളതാം
അന്ധപിൻഗാമികളുടെണ്ണം, വർദ്ധിപ്പിച്ചെടുക്കാൻ
മത്സരിക്കുന്നതിനാലാണ്; മനുഷ്യൻ സ്വയമേ
പൈശാചികം, കീറിക്കീറിയങ്ങനേപോകുവത്.

കാര്യങ്ങൾ ഇന്നു നീങ്ങുവത്, ഭാവിയുടെ ഒരു
സൂചനയെങ്കിൽ, എല്ലാവിധ തടസ്സങ്ങളെയും
അഭിമുഖീകരിച്ചുകൊണ്ടെല്ലാ മതങ്ങളുടേം
നിലവിലുള്ള ദൈവങ്ങളുടെ, ഉന്മൂലനാശം
വരുത്തുവാൻ, ഭീകരദൈവമൊന്നവതരിക്കും
അതിശീഘ്രം; ആ പ്രക്രിയയിൽ ഭീകരദൈവ്വവും
മരിച്ചുവീഴും, യുദ്ധത്തിൽ ഈ മാനവൻ ജയിക്കും.

ഏതെങ്കിലും മതത്തിന്, അവകാശപ്പെടാമോ
അതമിതമതഭ്രാന്ത്, ഇല്ലാത്ത ഒന്നാണെന്ന്?
അന്ധവിശ്വാസങ്ങൾ, യുക്തിവാദം ഒഴിവാക്കുന്നു.
മഹാവഞ്ചനപ്പരിപൂർണ്ണതയുള്ളതായൊരി-
ക്കൽ കരുതിയിരുന്ന, യുക്തിരഹിതവികൃത-
ഭാവന, ഇന്നു നിർദോഷ മനുഷ്യാധഃപതന-
ത്തിനായി, മഹാമോശമാം ഭീകരപ്രസ്ഥാനത്തിൽ
കൂടിനയിക്കുന്നു, സമാധാനത്തടസ്സമായി.

ഘോരമാം കുറ്റങ്ങൾ, ദൈവത്തിൻപേരിൽ ചെയ്തുകൊണ്ടീ-
ഭീകരവാദികൾ, ദൈവദുഷണം നടത്തുന്നു,
പാദം മുതൽ ഉച്ചിവരെയും, ആയുധമണിഞ്ഞ
അവർ, പിന്നെയും പിന്നെയും, ശിശുക്കളെപ്പോലുമേ
കശാപ്പാക്കുന്നു, ഭീകരവാദം ദൈവദൂഷണം.

വിചിത്രഭാവനയിൽ രൂപം പൂണ്ടതാം, സകല
ദൈവങ്ങൾതൻപേരിൽ, സ്വയംപോഷിപ്പിക്കലിനായി
ഇന്ത്യക്കൾ ചിലർ, കിറുക്കന്മാർ, സന്നദ്ധസംഘങ്ങൾ,
ആത്മഹത്യക്കായിട്ടുള്ളതിനു, രൂപം നൽകുന്നു;
ദൈവരക്ഷക്കായ് ജീവത്യാഗം നടത്തുന്നവർക്കു
മോക്ഷം ലഭിക്കുമെന്നതാം അന്ധവിശ്വാസത്തിനു
ചായ്വുള്ള നിഷ്കളങ്കരെ, നേതാക്കളനവധി,
ബലിയാടുകളാക്കി, മുതലെടുക്കാറുണ്ടല്ലോ.
പക്ഷെ, ഇപ്രകാരമുള്ള പ്രവൃത്തികൾക്കാഹ്വാനം
നൽകുവോർ, എന്തുകൊണ്ടാദ്യം സ്വയം സന്നദ്ധരായി
മുൻപോട്ടങ്ങുവന്ന്, മറ്റുള്ളവരനവധിക്കൊ-
രുത്തമ മാത്രകയായി, ചത്തുകാണിക്കുന്നില്ല?

ഹോ. മടയത്തരം. അവർ ജീവിച്ചിരുന്നില്ലെങ്കിൽ
നിഷ്കളങ്കരെ, മരണക്കെണിക്കാരു നയിക്കും!
പെൺകിടാങ്ങളനവധിയോടൊത്ത്, അന്തസ്സിൻേറം,
അധികാരത്തിൻേറം, ധാരാളിത്തത്തിൻേറം ആകർഷ-
ജീവിതാസ്വാദനാഗ്രഹമുള്ള നേതാക്കൾ, തങ്ങ-
ളുടെ ജീവിക്കാനുള്ള ദാഹം, ഒളിച്ചുവെയ്ക്കുന്നു.
(കൈ നനയാതെ മീൻ പിടിക്കുക; മതരാഷ്ട്രീയം
ഈ ഭൂമിയിൽ, വളരെയധികം നിലവിലുണ്ട്.)

വൻതോതിലുള്ളന്ധക്കുലയെണ്ണത്തിനു തടസ്സം
ദൈവഭീതിയേ അല്ല; നിയമത്തെയൊ, മറ്റുള്ള
മനുഷ്യരെയോ ഉള്ള, ഭയമൊന്നുമാത്രമത്.
അവരുടേതല്ലാത്ത ദൈവങ്ങളിൽ, വിശ്വസിക്കും
മനുഷ്യരെക്കൊല്ലാനുള്ള, അവരുടെ ദൈവത്തിൻ
കഴിവുകേടാണോ, ദൈവത്തിൻെറ വിശ്വസ്തരാകും
സഹായികൾ, ഭീകരന്മാരാൽ ആരാച്ചാരുടേതാം
ഒഴിവുനികത്താനായി, ദൈവം കണ്ടുപിടിച്ചു!
ഭയങ്കരവാദമാണുശരിക്കുമീ *'ബ്ലാസ്ഫമി,'*
ഈ ഭങ്കരവാദികൾക്കു, മതമൊന്നുമേയില്ല
അന്യർതൻവേദനയിലാനന്ദിക്കും, ഈ നിഷ്ഠുരർ!
അവർ നേരില്തന്നെ, ദൈവദൂഷണം ചെയ്തുകൊണ്ട്
കൊള്ളക്കും, ബലാൽസംഗത്തിനുമായിത്തന്നെ, ഒരു
ഭീകരാവസ്ത, സൃഷ്ടിക്കുമുലകിതിലെന്നുമേ!
എല്ലാ *'ക്രമചയവും, സഞ്ചയവും',* ലിംഗസംയോ-
ഗത്തിൽ, ദൈവം അനുവദിച്ചു; മനുഷ്യരുടെതാം
പ്രതികൂലതതന്നർത്ഥം, സൃഷ്ടികർത്താവ് വെറും
അപരിഷ്കൃതനെന്നല്ലയോ; നന്നിയുള്ളവനാം
പുരോഹിതൻെറ അഭിനന്ദനം, നല്ലവണ്ണമേ-
മനസ്സിൽ, ചിത്രീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ!

മഹാബലിയുടെ അറിയപ്പെടും, ശക്തമായ
ആത്മാർത്ഥതയിലും ആ മഹാമനസ്കതയിലും
അദ്ദേഹം, അല്പം കൂടുതൽ അഹങ്കരിച്ചുപോലും!
പ്രലോഭിപ്പിക്കപ്പെട്ട ആദാം, വിലക്കപ്പെട്ടതാം
കനി ഭക്ഷിച്ച് ദൈവാജ്ഞ ലംഘിച്ചു, അതിലൊളി-
ച്ചിരുന്നതാം ചതിയറിഞ്ഞില്ലൊരിക്കലും പാവം!
മെക്കാ, ശബരിമല......തുടങ്ങി പുണ്യസ്ഥലങ്ങൾ
സന്ദർശിക്കുമാതീർത്ഥാടകർക്കിടയിൽ, മരണം
വർഷംന്തോറും നടക്കുന്നു, തടയാനൊക്കുന്നില്ല!

പറയുന്നു നിങ്ങൾ, തെറ്റുകൾ ചെയ്തതിനാണവർ
ശിക്ഷിക്കപ്പെട്ടതെന്ന്, പക്ഷേ, എന്തുകൊണ്ടാണ് ഈ
ജീവികളാൽ, ഇങ്ങനെ തെറ്റുചെയ്യപ്പെടുവത്?
അത്തരമൊരു മസ്തിഷ്കം ദൈവമവർക്കുനൽകി-
യതുകൊണ്ടല്ലാതെ, മറ്റുകാരണം ഒന്നുമില്ല!
കുറ്റമറ്റതല്ലാത്തസൃഷ്ടികൾ നിർമ്മിച്ച, സ്വന്തം
തെറ്റിന്, ദൈവത്തിനെന്തവകാശം, സ്വന്ത തോക്ക്,
സ്വന്തസൃഷ്ടികൾക്കുനേരെ തിരിക്കാൻ? വൻ കയ്യേറ്റം!
പൈശാചികക്രൂരതയിലാനന്ദമടയുന്ന
മഹാനാം ദൈവത്തെ, പ്രാർത്ഥിക്കിലെന്തുപ്രയോജനം?

മഹാഭ്രാന്തൻഭാവനയിൽ മാത്രമൊതുങ്ങിനില്കു-
മൊരുദൈവത്തെ, നേരിട്ടാരാധനക്കുവേണ്ടി, നാം
സ്ഥലങ്ങൾ പണിയുകവഴി, പാപം ചെയ്യുന്നല്ലൊ!
മഹാകഴിവുള്ളതാം, ദൈവങ്ങൾക്കും, മനുഷ്യനു-
മിടയ്ക്ക്, ദൈവിക പരാന്നഭോജികളുടെ ആ-
വശ്യമെന്തെങ്കിലും, കാര്യത്തിനെഥാർത്ഥത്തിലുണ്ടോ?
സ്വകാര്യമായി വെറുപ്പ്, ഉപദേശിക്കുകയും,
സമാധാനം, സാഹോദര്യം, സഹായം, സ്നേഹം ഇവ
പരസ്യമായും ധർമ്മോപദേശം നടത്തുകയും,
നിലനില്പിനും ജീവിതമാർഗ്ഗം നേടാനുമായി
പുണ്യഗ്രന്ഥങ്ങൾ പാടുകയും ചെയ്യുകവഴി, ഈ
പുരോഹിതർ, ആത്മാർത്ഥ മനുഷ്യരെ ചതിക്കുന്നു.
ആട്ടിൻതോൽധാരികളാം, കാടൻരാഷ്ട്രീയക്കാർ മത-
ഭ്രാന്തന്മാർതൻ, വക്താക്കളായി രൂപം പ്രാപിക്കുന്നു.
അങ്ങനെ ജനങ്ങളെ കലക്കി, സ്വന്തതാല്പര്യ-
സംരക്ഷണത്തിൽ, വിജയംവരിക്കുന്നു, സൂത്രത്തിൽ!
<u>സിനിമായീണങ്ങൾ, ദൈവങ്ങളെ വശീകരിച്ചു</u>
സ്തബ്ദ്ധരാക്കുകമാത്രമല്ല ചെയ്യുവത്; അവ
അവർക്ക്, നിലനില്ക്കും പുളകംകൊള്ളൽ, പ്രദാനം
ചെയ്യുകയും ചെയ്യുന്നു; ആധുനികം മനുഷ്യനെ
മാത്രമല്ല, ദൈവങ്ങളെയും സ്വാധീനിച്ചുവല്ലോ!
ഭാരതീയദൈവങ്ങൾക്കെല്ലാം പാശ്ചാത്യസംഗീത-
ഉപകരണങ്ങളോട്, ഇന്ന് ചുമ്മാ അങ്ങിഷ്ടം!

<u>അതിശയം, വെടിപൊട്ടുംശബ്ദം ദൈവത്തിനിഷ്ടം!</u>
വെടിമരുന്ന്, മനുഷ്യൻ കണ്ടുപിടിച്ചില്ലായി-
രുന്നെങ്കിൽ, വെടിവഴുപാട് നന്നേ ഇഷ്ടപ്പെടും
ദൈവങ്ങൾ, മാനസ്സികമായി വിഷാദാധിക്യത്താൽ
ഇഞ്ചിഞ്ചായി, മരണം പ്രാപിച്ചുപോയിരുന്നേനേം!
ദൈവങ്ങൾക്ക്, നിർവൃതിദായകമാകുമാ മഹാ
കണ്ടുപിടിത്തത്തിന്, ഈ ദൈവങ്ങൾ തീർച്ചയായും
മാനവരോടു നന്ദിയുള്ളവരായരിക്കണം.
വെടിശബ്ദത്തോടുള്ള, ദൈവ-ആസക്തി ആകണം
ഇവിടെല്ലാത്തെമ്മാടിഭീകരവാദികളേയും
യുദ്ധഭ്രാന്തന്മാരേയും, എല്ലായിടത്തും, പാതക-
മാംകൊലചെയ്യുവാൻ, ദൈവം പ്രോത്സാഹിപ്പിക്കുവത്!

<u>ദൈവത്തിൻ ഈ ഇഷ്ടാനിഷ്ടങ്ങൾ വെളിവാക്കുവത്</u>
<u>എന്തെന്നാൽ, ദൈവങ്ങളുടെ എല്ലാ സ്വഭാവങ്ങളും</u>
<u>നിശ്ചയിക്കുവത്, മനുഷ്യൻതന്നെയാണെന്നാണ്,</u>
<u>സാധാരണമനുഷ്യരല്ല, പിന്നെയോ, ചതിയർ;</u>
അസാധാരണമാം കഴിവുള്ളതാം, പുരോഹിതർ!
സ്വയം ചിന്തിക്കാത്തവരെക്കൊണ്ട് ഈ പുരോഹിതർ
മുതലെടുപ്പുനടത്തുവത്, വളരെമുൻപ്
ആക്രിക്കച്ചവടക്കാർ, മലീമസമായിട്ടുള്ള
തലച്ചോറിനെ സ്വാധീനിക്കുവതിന് ഏറ്റവും
അനുയോജ്യം, ദൈവം എന്ന സങ്കല്പമെന്ന സത്യം
ആണെന്നുകണ്ടുപിടിച്ചപ്പോൾ തുടങ്ങിയതാണ്!

<u>ഫലഭൂയിഷ്ടരായിരിക്കയും പെരുകുകയും</u>

ചെയ്യുക നിങ്ങൾ....ക്ഷേ, മകൻ അനുസരിച്ചില്ല;
പുരോഹിതർ, അനുകരിച്ചു; എന്തൊരു രസമോ!
ശപിച്ചില്ല ദൈവം, തൻെറ മകനെ; പക്ഷേ, പോപ്പു
പോലും നിർബന്ധിതനായി, പുരോഹിതന്മാരുടെ
ലിംഗവിക്രിയകളെ, അപലപിക്കുവാനായി!
ജീവിക്കുമാഭാസൻെറ പ്രകൃത്യധിഷ്ഠിതമായ
ആവശ്യമാണുമൈഥുനം. അപ്രകാരമുള്ളതാം
ഒരു പ്രേരണ, ജീവിക്കുമവകൾക്കു നൽകിയ
ശേഷം, മറ്റുരീതിയിൽ പെരുമാറുവാൻ അവറ്റ-
കളോടുദൈവമാവശ്യപ്പെടുമോ; സാധാരണ-
ക്കാർ, മടയന്മാരാണെന്നപോൽ, അവരെ വഞ്ചിക്കാൻ
പുരോഹിതർതന്നെ, വിരചിച്ചതാ, നിയമങ്ങൾ!

ദൈവത്തെസേവിക്കുവാൻ, ഈ പുരോഹിതർ, വൻ ത്യാഗം
സഹിക്കുന്നതായി വരുത്തിത്തീർത്ത്, സാധാരണ-
ക്കാരെ വിശ്വസിപ്പിക്കുവാൻ, കണ്ടുപിടിച്ചാ....മാർഗ്ഗം!
പക്ഷെ, ഒരു ദീർഘദൃഷ്ടിയോടുകൂടിത്തന്നവർ
എതിർവശത്തും, ഒത്ത പങ്കാളികളെ സൃഷ്ടിച്ചു
നഷ്ടപരിഹാരത്തിനായി; ഓ എന്തൊരു ബുദ്ധി!
നാട്യങ്ങൾ ഭദ്രം; പ്രായോഗികതകൾ തന്നുറപ്പും
ഭദ്രം; ലൈംഗികഗോഷ്ഠികൾ, പുരോഹിതർ ഈയിടെ
യൊന്നുംതുടങ്ങിയതല്ല; യാതൊരളവുകോലി-
നാലും, ഇന്നലെയൊ, മിനിഞ്ഞാന്നോ, ഒന്നുമേ അല്ല;
രാവും പകലുമൊരുപോൽ, നിലനിന്നിരുന്നത്;
പക്ഷെ, മതിലിനുള്ളിൽ ആദിമുതലേ ഒതുങ്ങി
നിന്നിരുന്നു; ഒരിക്കലുമേ വെളിച്ചത്തായില്ല;
രഹസ്യങ്ങൾ, വെളിയിലേക്ക് ചോരാതിരിക്കുവാൻ
വേണ്ട, എല്ലാ ഘടകങ്ങളും, ആ ക്രമീകരണ-
ത്തിനുണ്ടായിരുന്നു; പകരം ഉള്ളിൽ ഒതുക്കുവാൻ.
നേരിട്ടുള്ള, ഉൽഖനനത്തിൽ തുരന്നത്, എന്നും
വെളിക്കു കൊണ്ടുവരുവത്, മനുഷ്യൻെറ വിദ്യാ-
ഭ്യാസമെന്ന, ആ ദുഷ്ട കഥാപാത്രമതുതന്നെ!

ഞൊടിക്കിടയിൽ പ്രത്യക്ഷപ്പെടും, ഈ, നടപ്പാത-
ദൈവങ്ങൾ, യാതൊരുവിധ തടസ്സവുമെന്നിയേ;
ബുദ്ധിമുട്ടൊട്ടും ഇല്ലാതെ, മടയൻ പൊതുജനം,
കെട്ടിപ്പിടിക്കന്നു, അവകളെയും, വരമായി;
പുതുതായി ജന്മമെടുത്ത, ദൈവങ്ങൾക്കിടയിൽ
വഴക്കൊന്നുമേയില്ല, മതവൈരമെന്നതില്ല;
ഇന്നേറ്റവും നല്ല പ്രതിഫലം ലഭിക്കും തൊഴിൽ!
ഇടക്കിടക്ക്, നഗരസഭ 'കൽക്കി' പൊളിച്ചു-
കളയും, അടുത്ത പ്രഭാതത്തിൽ ഭാഗ്യദൈവങ്ങൾ
പുനർജ്ജനിച്ചതായിട്ടുകാണുവാൻ മാത്രമായി!
'*സൊല*' യാതൊന്നുമില്ല, മുന്നറിയിപ്പൊന്നുമില്ല,
പാതകളൊന്നും ഒഴിവാക്കപ്പെടുന്നതേയില്ല,
സമയം പാഴാക്കപ്പെടുന്നില്ല, ഗതാഗതമോ
തകിടംമറിയുന്നുമില്ല, എല്ലാക്കാര്യങ്ങളും
സുഗമമായി നീങ്ങുന്നു ധൃതിയിൽ, തുന്നിയപോൽ!

ആര്, എല്ലാവകകളും പരിപൂർണ്ണതയോടെ സൃഷ്ടിച്ചുവോ, ആ ദൈവത്തിൻെറ ജോലി....പക്ഷെ, അതേ-ശ്വാസോശ്ചാസത്തിൽ, ***തീർച്ചയായും ജനങ്ങളിൽവച്ച് ഈ പുണ്യഗ്രന്ഥത്തിൽ വിശ്വാസമേ ഇല്ലാത്തവരും, വിഗ്രഹാരാധനക്കാരും, എന്നെന്നത്തേക്കുമായി,***

നിലകൊള്ളും നരകത്തീയിൽ. സൃഷ്ടിവച്ചേറ്റവും മോശമായതവരാണ്...... ഇങ്ങനെ പോകുന്നതേ-പുണ്യഗ്രന്ഥമതിൽ, പരസ്പര വിരുദ്ധമായ പ്രസ്താവനകൾ; ദൈവത്തിൻ സൃഷ്ടികൾ, ***കുറ്റമറ്റ-തെങ്കിൽ,*** കുറച്ചിൽതന്നല്ലേ, സൃഷ്ടികൾതൻ കൂട്ടത്തിൽ ***വളരെ മോശമായവയും.*** തെറ്റുകളിത്തരം വെളിവാക്കുന്നു, ഇതും ഭാവനതന്നെയാണെന്ന്!

പുണ്യഗ്രന്ഥങ്ങൾതന്നുള്ളടക്കം, ദൈവവക്ത്രത്തിൽ നിന്നുനേരിട്ടിങ്ങോട്ട് വന്നിട്ടുള്ളതൊന്നുമല്ല; വെറും കപടമത്, സൂത്രവേല, മനുഷ്യനെ വഞ്ചിക്കുവാനായുള്ളൊരു കൗശലം; ദൈവത്തിനു വാക്കിലും പ്രവൃത്തിയിലും, തെറ്റുകൾ വരുത്തുവാൻ പറ്റുമോ; അവകാശങ്ങളെല്ലാം, വെറും കപടം!

കഷ്ടം! മിക്കവാറുമെല്ലാ, വാർത്താമാദ്ധ്യമങ്ങളും ദൈവത്തിനുകൊടുക്കുന്നു, അമിതപരസ്യങ്ങൾ; മനുഷ്യൻ, എന്നും, എവിടെയും നേരിടും വൈരസ്യം! ദൈവം വലിയവനെങ്കിൽ, എന്തിനീ ഒച്ചപ്പാട്, ദൈവത്തെപ്പറ്റി, മനുഷ്യനെ ബോധവാന്മാരാക്കാൻ, മനുഷ്യനെന്തിനിത്രയധികം, ഔത്സുക്യം വേണം? അതെന്തുമാത്രംതന്നെ പ്രസിദ്ധമാകിലും ശരി, ദൈവത്തെക്കുറിച്ചുള്ള ഊഹാപോഹങ്ങൾ, പരസ്യം ചെയ്യുവതു, വാർത്താപ്പത്രങ്ങളും, മാസികകളും നിർത്തുക; 'ടീവീ-ചാനല്'കളും, പിൻതുടരട്ടെ അത്; അത് ഹസ്തരേഖാശാസ്ത്രമായാലും ശരി, സംഖ്യാഗണനമായിരുന്നാലും ശരി, അക്ഷര-ഗണനമാകിലും ശരി, ജ്യോത്സ്യമാകിലും ശരി, മനുഷ്യൻെറ ഭാഗ്യങ്ങളും നിർഭാഗ്യങ്ങളും, പിന്നെ ജനനവും മരണവും, ആരോഗ്യവും ജീവിത-കാലയളവും, വെറുതെ നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും പ്രവർത്തനവുമായി, ബന്ധ-പ്പെടുത്തി, വ്യവഹരിക്കുന്ന ജ്യോത്സ്യഭാഗമതും!

(ചിന്തകൻ വച്ചുപുലർത്തും നിഗമനങ്ങൾ തെറ്റ് എന്ന്, ലോകത്തെവിടെങ്കിലുമുള്ള, ആർക്കെങ്കിലും തെളിയിക്കാമെങ്കിൽ, ഭാവീഭാവത്തിലാവരികൾ തിരുത്തുവാൻ, സന്തോഷവാനായിരിക്കും ചിന്തകൻ.)

അന്ന്, '*സ്റ്റേറ്റ്സിൽ*' ഉണ്ടായിരുന്ന, വികലാംഗപ്പൈതൽ-വികലത, ഭാരതമനുഷ്യദേവീസ്പർശനം മാറ്റിയെങ്കിൽ, എന്തിനവർ, പണവും സമയവും വൃഥാചിലവഴച്ച്, ഈ മെഡിക്കൽ കോളജുകൾ

സ്ഥാപിക്കുന്നു; രോഗികളെല്ലാവരെയും വെറുതേ
ചുംബിച്ചാരോഗം, നന്നായി സുഖപ്പെടുത്തിക്കൂടെ?
സ്വയം ചുംബിച്ചവർ, രോഗമൊഴിവാക്കുന്നുണ്ടാകും!

'ടൈംസ്' പറഞ്ഞു; **'വാൾട്ടർ മൊക്രോൺ'** രചിച്ചതാം ഗ്രന്ഥം
'ജഡ്ജ്മെൻറ്റ് ഡേ ഒഫ് ടൂറിൻ ഷ്രൗഡ്,' കൃത്രിമം താൻ
'ടൂറിൻ ഷ്രൗഡ്' എന്ന് സ്പഷ്ടം തെളിയിക്കുന്നതായി!

'ചിക്കാഗൊ' സങ്കേതമായുള്ള ശാസ്ത്രജ്ഞൻ, അതിനു
പിൻപിലുള്ളതാം, ആ വഞ്ചന, മതത്തിൻ ഹൃദയ-
സ്പന്ദനം തുടരാൻ, സ്വീകരിച്ചതു പുറത്താക്കി!

'മകരവിളക്ക്' അടിസ്ഥാനരഹിതമെന്നും,
പ്രകാശം, സ്വർഗ്ഗജാതമായതൊന്നുമേ അല്ലെന്നും;
ഏകാന്തസ്ഥലത്ത്, മനുഷ്യൻതന്നെ മനുഷ്യനെ
വഞ്ചിക്കാൻ, മനപ്പൂർവ്വമതുകത്തിക്കയാണെന്നും;
മനുഷ്യനെ, വിശ്വാസിയാക്കിത്തീർക്കാൻ കണ്ടെത്തിയ
ഒരുമാർഗ്ഗം മാത്രമാണതെന്നും; സംശയലേശ-
മെന്നിയേ ശാസ്ത്രപരിഷത്ത് വെളിവാക്കുകിലും,
പ്രബുദ്ധരാകാൻ, സത്യം ജനങ്ങളിലെത്തിച്ചേരാൻ
സാധിക്കായ്കയാലവർ ഭ്രാന്തെടുത്തതിൻ പിന്നാലെ!

മുതലെടുക്കപ്പെട്ടവരായി, പൊതുജനങ്ങൾ
നിലകൊള്ളുന്നു; അടുത്തകാലത്തൊന്നും ഒരന്ത്യം
കാണപ്പെടുമെന്നുതോന്നുന്നില്ല; ചില മാർഗ്ഗങ്ങൾ
ചിന്തകർ കണ്ടെത്തും; മനുഷ്യസമുദായത്തിന്,
'മദർതെരേസ', സേവനമൊട്ടുവളരെച്ചെയ്തു.
അവരുടെ മാഹാത്മ്യം, അങ്ങേയറ്റം മുതലാക്കി,
മതത്തിൻ പ്രകാശം വർദ്ധിപ്പിക്കാൻ, കണ്ടുപിടിച്ചു
ഗുണഭോക്താക്കൾ; മഹാദിവ്യാത്ഭുതമൊന്നു നേരേ
അമ്മയിലേക്കടിച്ചുകയറ്റിയവരെപ്പൊക്കി-
പുണ്യവാളത്വം, എന്നുപറയപ്പെടുമൊരുഗ്ര-
പദവിനൽകാൻ! സ്വന്തമായ ദൈവത്തിനല്ലാതെ
മനുഷ്യരാശിക്കു സേവനമേ ചെയ്തിട്ടില്ലാത്ത
കീഴ്ത്തരസ്ഥാനി, ഒരു മേൽത്തരസ്ഥാനിയെത്തന്നെ
ഉയർത്തി, മനുഷ്യച്ചതിഗൂഢത വിജയിച്ചു!

സുഖലോലുപസാഹചര്യത്തിലിരുന്നുകൊണ്ട്
ചുമ്മാ, പ്രാർത്ഥന മനുഷ്യരാശിക്കുസേവനമോ?

പശ്ചിമബംഗാൾ മുൻ ആരോഗ്യമന്ത്രിയും, സർക്കാരിൻ
ബേലൂർഘട്ട് ആസ്പത്രിയിലെ സൂപ്രണ്ട് ആ ഡോക്ടർ
'മഞ്ജുമുർഷെഡും', വെളിവാക്കിയല്ലൊ ആ യാഥാർത്ഥ്യം.
ഡോക്ടർ ***'ബിസ്വാസും'***, ഡോക്ടർ ***'രഞ്ജൻ മുസ്ഥാഫിയും'*** ചേർന്ന്
ആയിരത്തിതൊള്ളായിരത്തിതൊണ്ണൂറ്റിയെട്ടിൽ, ആ
'മോണിക്കബെസ്റാ'-യെ ചികിത്സിച്ചു, എന്നവിവരം.
'ദ്രുതസോണോഗ്രാഫ്,' അണ്ഡാശയ അർബുദം കണ്ടു-
പിടിക്കയും, തുടർന്നു *'റ്റീ.ബീ.'*-ക്കു ചികിത്സ നൽകി

ഒൻപതുമാസം കഴിഞ്ഞപ്പോൾ, പരു അപ്രത്യക്ഷം.
പക്ഷെ, നേട്ടങ്ങളോ, അമ്മയ്ക്കാണുപോയിച്ചേരുന്നെ.
ബംഗാളികൾ, ഭാരതീയർ, ഈ ലോകം മുഴുവനും
നല്ലവണ്ണമറിയാം, മഹാമാതാ അർപ്പിച്ചതാം
സേവനം, കൂടാത ഔദാര്യം ലഭിച്ച ഒട്ടേറെ
പേർ ഉപകാരിയെക്കുറിച്ച് പറഞ്ഞുകേട്ടതും!
പക്ഷെ, വെറുമൊരു പ്രാർത്ഥന അത്ഭുതം ചെയ്തെന്ന
അവകാശവാദമൊരല്പം കടന്നുപോയില്ലേ?
മദറിന്റെ പ്രാർത്ഥനയ്ക്ക്, ആ അത്ഭുതം ആകുകിൽ
എന്തിനു **'മോണിക്ക'**, ചികിത്സ തുടർന്ന് എടുത്തൂ?
എന്തിനമ്മയെ, ആസ്പത്രിയിലാക്കി ചികിത്സിച്ചു?

ദിവ്യപരഭോജികൾ, രജിസ്റ്റർ ചെയ്ത ചതിയർ,
ഡോക്ടറന്മാരുടെ മഹാനേട്ടങ്ങൾ, അഭ്യാസത്തിൽ,
ബലാല്ക്കാരമായി, അപഹരിക്കുന്ന ആളുകൾ!

വൈവിദ്ധ്യം, ആകർഷണീയം. നിഷ്പ്രയാസം മനുഷ്യർ
വഞ്ചിക്കപ്പെടാം; കൂർമ്മബുദ്ധിപൂർവ്വം, ഈ മതങ്ങൾ
ഉപയോഗിക്കും; വിഗ്രഹങ്ങളും, കുരിശുകളും,
ബുക്കുകളും, ശവകുടീരങ്ങളും, ചിത്രങ്ങളും,
പ്രതിമകളും, എല്ലാം ആരാധനയ്ക്കുപയുക്തം
എന്ന്, വിശുദ്ധഗ്രന്ഥങ്ങൾ പലതും പറയുന്നു!

മൂന്നുസെക്കൻഡെങ്കിലും തുടർച്ചയായൊരിടത്തു-
തന്നെ നിശ്ചലമായി, ശരീരത്തിൽ നിന്നെങ്കിലേ,
തീജ്വാലയാൽപൊള്ളി, കുമിളകളാകുകയുള്ളൂ.
ആകയാൽ, ശരീരത്തിൽ പൊള്ളലുകളുണ്ടാകാതെ
തീജ്വാല വേഗം നീക്കാൻ, ആരാലും കഴിയുമല്ലോ.
വിരളുകൾക്കിടയൽ, കൈപ്പുറകിൽ ഒളിച്ചങ്ങൂ-
വയ്ക്കും, ചെറുചാരയുണ്ടകൾക്കു കൈയടി വാങ്ങാം!
അഥവാ, ചാരക്കുഴമ്പുപുരട്ടി ഉണക്കിയ
കൈകൾ കുട്ടി ഉരുമ്മി, ശൂന്യതയിൽ നിന്നുപോലും
വിഭൂതി, കൈപ്പത്തിക്കുള്ളിൽ പ്രത്യക്ഷമാക്കാനാകും!
ദേഹപരിശോധനയ്ക്കുവിധേയമാകുമാർക്കും
ദിവ്യാത്ഭുതങ്ങൾ ഒന്നുമേ, കാണിക്കാനാകുകില്ല.

ജ്യോതിഷ്ചക്രത്തിലെ അടയാളങ്ങളുമായിട്ട്
ജനനസമയമതു ബന്ധപ്പെടുത്തുവത്
മടയത്തം. ആരോഗ്യവും, ഭാഗ്യവും, പഞ്ചാംഗത്തെ
തോല്പിച്ചു തകർക്കും; ചന്ദ്രനൊരു ദൈവമേ അല്ല.
അവിടെപ്പോയ മനുഷ്യരതു മനസ്സിലാക്കി.
ഗ്രഹങ്ങളൊന്നും, ഈശ്വരന്മാർ നിയന്ത്രിക്കുന്നില്ല;
ഗ്രഹങ്ങളും കല്ലുകളുമായി ബന്ധമേയില്ല;
ഒരു പ്രത്യേക കല്ലുധരിച്ചാൽ വരം കിട്ടില്ല;
എണ്ണങ്ങൾക്കൊന്നും, വൻഭാഗ്യം നിങ്ങൾക്കേകാനാവില്ല;
ആകസ്മികഭാഗ്യവും സംഖ്യകളും എതിരല്ല;
നിറങ്ങളോ, അക്ഷരങ്ങളോ ഒന്നും തോൽവിയെയോ,
പുരോഗതിയെയോ, നിശ്ചയിക്കുന്നില്ല; ആകയാൽ
ആത്മഹത്യ ചെയ്യാതിരിക്കൂ മനം നൊന്താകിലും!

ഇന്നലത്തെവിശ്വാസങ്ങൾ, ഇന്നത്തെ അന്ധവിശ്വാ-
സങ്ങൾ; ഇന്നത്തേതു നാളത്തെ രൂപപരിണാമം!
വിശ്വസിക്കാം നമുക്ക്, പരസ്പരം സ്നേഹിപ്പതിൽ,
എല്ലാറ്റിനുമുപരിയായ് നമുക്ക് പരസ്പരം
നന്മക്കായിട്ട് സഹായിക്കുന്നതിൽ വിശ്വസിക്കാം.
നല്ലനല്ല കാര്യങ്ങൾക്കായി, സ്നേഹിച്ചു സ്നേഹിച്ചു
പരസ്പരം സഹായിക്കുക, അതൊന്നു മാത്രമേ
നമുക്കെല്ലാർക്കുമൊരുമിച്ചുജീവിക്കാനുതകൂ;
അതായിരിക്കട്ടെ, ഭാവിയിലേതാം ആപ്തവാക്യം,
ഈ ജന്തുവിനെ അനുശാസിക്കും, ആദർശസൂക്തം.
സദാചാരത്തോടുള്ള പ്രിയം, അല്ലാതെ ദൈവത്തെ-
ക്കുറിച്ചുള്ളഭയമല്ല, ഒരുനാൾ എല്ലാവിധ
മനുഷ്യരെയും, വിശാലമായി യോജിപ്പിക്കുക.

മതത്തിനൊന്നും, നിങ്ങൾക്കു മോക്ഷം നൽകാനാവില്ല,
മനുഷ്യത്വാധിഷ്ഠിത മതം മാത്രം, തനി മതം.

വിശ്വോത്തര യുവജനങ്ങളേ, ഈ മനുഷ്യരെ
യഥാർത്ഥത്തിൽ, നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ, അതങ്ങു
തെളിയിക്കാൻ, സമയം അതിക്രമിച്ചിരിക്കുന്നു.
സ്വാധീനിക്കപ്പെട്ടിട്ടില്ലാത്ത, തലച്ചോറിനുട-
മയായി, മതമൃഗങ്ങൾതൻ, മുഷ്ടിബന്ധത്തില-
കപ്പെടാതെ, സ്വതന്ത്രരായിരിക്കാൻ ഭാഗ്യമുള്ളോർ
അലറുക **'ആർപ്പോ ഹുയ്യോ....'** , നിങ്ങളുടെ ശ്രമങ്ങൾ
ഏകോപിപ്പിച്ച് നമുക്കിഷ്ടമുള്ള മതേതര
മാനസവികാരം ശക്തിപ്പെടുത്തൂ അങ്ങേയറ്റം.
അവരുടറിയപ്പെടും പദവി, എന്താകിലും
ദൈവികപരാന്നഭോജിയെ, പരിപൂർണ്ണമായും
ഉന്മൂലനാശം വരുത്തുവതില്ക്കൂടി മാത്രമേ
മനുഷ്യൻെറ ഏകോപിപ്പീക്കൽ, സാദ്ധ്യമാകയുള്ളൂ.

പുരോഗമനാശയത്തെ, പിൻപോട്ടു കൊണ്ടുപോകാൻ
കിറുക്കുപിടിച്ച, മതമൗലികവാദികൾതൻ,
കുടിലഉപദേശങ്ങളെത്തടയാൻ, നിങ്ങൾതൻ
കഴിവ്, സംഭാവനചെയ്യുക; സർവ്വരുടെയും
സമൃദ്ധി, എന്നതൊരു വെറും തമാശയേയല്ല;
ശക്തിയാലൊ, അതിക്രൂരവധത്താലൊ അല്ലാതെ,
സാധാരണക്കാരെ വിദ്യ അഭ്യസിപ്പിച്ചുകൊണ്ട്,
പ്രേരിപ്പിക്കലിൽക്കൂടിയും, പ്രബുദ്ധരാക്കി, അതി-
ല്ക്കൂടി, മനുഷ്യനും ദൈവത്തിനുമിടയിലുള്ള,
ദൈവസഹായികളാകും, മുതലെടുപ്പുകാരെ
ഒഴിവാക്കൂ, ഉന്മൂലനാശം വരുത്തൂ സധൈര്യം.
രോഗിയാണ് മരുന്നുകഴിക്കേണ്ടത്, അല്ലാതെ,
ഏതെങ്കിലുമൊരു, മതപ്രാസംഗികനേ അല്ല.
പല്ലും നഖവുമുപയോഗിച്ചെതിർക്കും, ദൈവിക-
പരഭോജികൾ, നേരിട്ടല്ലാതെ വളഞ്ഞ വഴി-
കളിൽക്കൂടി അറിയാത്തതാം തടസം സൃഷ്ടിച്ച്.

പോക്കിരിമൗലികസിദ്ധാന്തത്തെ, എതിർക്കാനായും;
നമുക്കു പ്രിയംകരമാം, മതനിരപേക്ഷത

ഉത്തേജിപ്പിക്കുവാനും; പാപഭീകരപ്രസ്ഥാനം
സമൂലം നശിപ്പിച്ചുകളയാനും; നമുക്കെല്ലാം
പ്രിയങ്കരമാകും, സ്ഥിതിസമത്വവാദത്തിനു
പ്രോത്സാഹനം നൽകുന്നതിനും; ഈ എളിയ സൃഷ്ടി-
തന്നുള്ളടക്കം, ഫലപ്രദമാകാനുതകട്ടെ,
എന്നു ചിന്തകൻ ആഗ്രഹിക്കുന്നു, ആത്മാർത്ഥമായി.
എവിടെയെല്ലാമോ, ഏതെങ്കിലും മതാഭ്യസനം
നടത്തുന്നുവോ, അവിടെല്ലാം അത്യന്താധുനിക-
മതമിതും, അഭ്യസിപ്പിക്കണമെന്നത്, ഉറ്റ-
കർത്തവ്യബദ്ധമായിരിക്കണം എന്നതോർക്കണം.
വിദ്യാഭ്യാസസ്ഥാപനങ്ങൾ, അവയുടെ ഭരണ-
ഘടനയിൽ, ഇതുമൊരു നിർബന്ധിതവിഷയം
തന്നായി കൂട്ടിച്ചേർക്കണം, മനുഷ്യനന്മക്കായി.

**പുരോഹിതർക്ക്, വിവേകം പ്രബലപ്പെടുമെന്ന്
നമുക്കാശിക്കാം; സ്വയം മുമ്പോട്ടുവന്ന്, വഞ്ചന-
ജോലിതൻ വേലകളിൽ നിന്ന്, വിരമിക്കുമെന്നും;
പൊതുജനം, നിർബന്ധിച്ചവരെ ചാടിക്കും മുൻപ്,
ജീവിതമാർഗ്ഗത്തിന്, അന്തസുള്ള എന്തെങ്കിലും
പണി, അന്വേഷിക്കുമെന്നുംകൂടി വിശ്വസിക്കാം, നാം.**

എന്താണു ജീവിതത്തിൻ അർത്ഥം...? ഒരു ഉഗ്രൻ ചോദ്യം.
മതങ്ങൾ ശരിക്കുപയോഗപ്പെടുത്തുന്നൂ, അത്,
മോഹനിദ്രക്കെട്ടിലൂടെ, മനുഷ്യനെ മയക്കി!
ദൈവത്തിനുവിലപേശുമവരുടെ, കൈകളിൽ
ഇതേറ്റവുമനുയോജ്യമായൊരുപകരണം;
അതിന്മേൽ തൂങ്ങുന്നു, തത്വജ്ഞാനിതൻ അങ്കലാപ്പ്!
പക്ഷെ, എന്തിനെല്ലാത്തിനുമർത്ഥം പ്രതീക്ഷിക്കുന്നു;
ഒന്നിനുതന്നെയുമർത്ഥമൊന്നുമില്ലെന്നരിക്കെ;
മനുഷ്യൻ ചിലവയ്ക്കു നൽകിയ എന്തോ ആണർത്ഥം!
എല്ലാവറ്റയ്ക്കും, അർത്ഥം കണ്ടുപിടിക്കുവാനുള്ള
ശ്രമത്തിൽ, ജീവിതം നശിപ്പിച്ചുകളയരുതേ!

**ആവശ്യക്കാരനെ, സഹായിക്കയും സ്നേഹിക്കയും
ചെയ്ത്, അവൻെറ മുഖത്തേക്കു നിങ്ങളൊന്നു നോക്കു
അവിടെ നിങ്ങൾക്കു കാണാം, ജീവിതത്തിൻെറ അർത്ഥം.
പക്ഷെ, പ്രവൃത്തി അതില്ക്കൂടി, നിങ്ങളെഥാർത്ഥത്തിൽ,
കൊടുത്തതില്ക്കൂടുതൽ, നിങ്ങൾ നേടിയെടുക്കുന്നൂ.**

**വൈരമതങ്ങളനവധി, മറ്റതിൻ, ഉന്മൂല-
നാശം വരുത്താൻ, '*ഒറ്റുചേരൽ*' നടത്തുമിവിടെ,
മനുഷ്യൻതൻനിലനില്പ്, അസാദ്ധ്യമാണിന്നെന്നു
തിരിച്ചറിയാൻ, സമയമായില്ലേ, ഇതുവരേ?!**

മാനുഷ്യമൂല്യാധിഷ്ഠിതമതമതൊന്നുമാത്രം
താനീയുലകിതിൽ, ഹാനികരമല്ലാതായുള്ളൂ.

((((((((((((((((o))))))))))))))))

അജ്ഞാതശക്തിജനനം!

മനുഷ്യൻ ഭൂവിൽ, പരിണാമപ്രക്രിയയിൽ കൂടി,
പ്രത്യക്ഷപ്പെട്ട, ചിന്താതീത പുരാതനകാലം
മുതലേ; കാട്ടുതീ, പ്രളയം, ഇടിയും മിന്നലും,
ആദി എതിർക്കുവാനസാദ്ധ്യമാം പല പ്രകൃതി-
അത്യാഹിതസമ്മർദ്ദങ്ങൾ എല്ലായിടത്തും, അവൻ
അഭിമുഖീകരിച്ചുകൊണ്ടുതാനിരിക്കുവത്!
എല്ലാം മൃത്യുഹേതുകമാകയാൽ, അവനെപ്പോഴും
ജാഗ്രത പുലർത്തേണ്ടിവന്നു, വിശ്രമമെന്നിയേ!

സ്വന്തം കൺമുൻപിൽ, സ്വന്തമൊരാൾ കുടിച്ചുമറിഞ്ഞ്
എന്നെന്നേക്കുമായി മറഞ്ഞുപോയതാം ആ കാഴ്ച;
അവനേ, സമുദ്രത്തെ ഭയക്കുവാൻ ഇടയാക്കി!
യാദൃച്ഛികക്കാട്ടുതീയിൽ പെട്ടൊരുവൻ, അതീവ-
വേദന സഹിച്ച്, പിടഞ്ഞു ചത്തങ്ങുവീണത്,
വീണ്ടുമൊരു ഭയം ഏകിനാൻ; അതുതാൻ **അഗ്നി**യെ!
ചർമ്മത്തെ കുത്തിത്തുളക്കും, പിളർക്കും കഠിനമാം
താപം; ശമനരഹിതദാഹം; വരളും തൊണ്ട;
ശരിക്കും വിശ്വസിപ്പിക്കുമതുപ്രേരിപ്പിച്ചല്ലോ,
അവനേ, സൂര്യനെ ഭയപ്പെടുവാൻ, വണങ്ങുവാൻ!
അതിശൈത്യം, കോച്ചും തണുപ്പിൽ ജീവിതമസാദ്ധ്യം;
കൊടുങ്കാറ്റിൽ, മരം വീണതിനടിയിൽ മരണം;
കാറ്റിനെ, വായുവിനെ ഭയക്കുവാനിടയാക്കി!
പ്രകൃതി, ക്രൂരത തുടർന്നുകൊണ്ടുതന്നിരുന്നു,
അങ്ങനെ ഭൂമിയേയും അവൻ ഭയക്കാൻ തുടങ്ങി!
മെല്ലെ മെല്ലെ, ഭീതി അത് ആരാധനയായ്മാറി,
താമസംവിനാ അതിന് രൂപാന്തരം പ്രാപിച്ച്
അതതിഭക്തിയിലെത്തി, ഇന്നന്ധഭക്തിയിലും!
സൂര്യൻ, വരുണൻ, അഗ്നി, വായു, ഭൂമി എന്നിങ്ങനെ
അനവധി **ദൈവങ്ങൾ,** ഈ ഭൂവിൽ, അവിടിവിടെ
ജനിച്ചു; മനുഷ്യൻ, ദൈവങ്ങൾക്കും മനുഷ്യരൂപം
നൽകി അനുഗ്രഹിച്ചൊടുവിൽ; ഏതങ്ങനെതന്നെ
ഇന്നും നിലനിൽക്കുന്നുവോ, പരിണാമത്തിലൂടെ!
മനുഷ്യനെക്കാൾ വലിയവനായി ദൈവത്തിനെ
നിലനിർത്തുവാൻ, പലർക്കും കൂട്ടിക്കൊടുത്തൂ അവൻ
എണ്ണം; തല, കൈകൾ എന്നിവകളുടെ കാര്യത്തിൽ!

ഭയം ദൈവ-പിതാവെങ്കിൽ, സ്നേഹം ദൈവമാതാവ്!
പശു പാൽ തരുന്നു, ഭൂമി പഴആഹാരങ്ങളും

മറ്റും; നന്മ ലഭിച്ചതിനു സൂചകമായിട്ട്
ദേവീസ്ഥാനത്തേക്കവരോധിച്ചു, പിന്നീ <u>ഭൂമി</u>യെ!

പതുങ്ങിനിന്നങ്ങാക്രമിക്കും സിംഹം, പറന്നങ്ങ്
ആക്രമിക്കും ഭീകരജന്തു, ഏതു നിമിഷവും
ചാടിവീഴും ഘോരമൃഗങ്ങളും, ആ മനുഷ്യരെ
ഭയപ്പെടുത്തുകയാൽ, അവയെ അങ്ങനേതന്നെ
നേരിടുവാൻ, <u>**ദുർദൈവങ്ങൾ**</u>ക്കും ജന്മം നൽകീ അവൻ!

ദൈവമെന്ന സങ്കല്പം, മുതലെടുപ്പിനു നല്ല
ഒന്നെന്നുകണ്ടവർ, <u>**പുതു ദൈവങ്ങൾ**</u>ക്ക് രൂപങ്ങൾ
നൽകി കൃതികൾ രചിച്ചു, ആ ഭാവനാ സമ്പന്നർ!
പുണ്യഗ്രന്ഥങ്ങളായ്‌രൂപാന്തരം പ്രാപിച്ചു, അവ!
മനുഷ്യരിൽ നിന്നാ....മതത്തെ, മഹാബുദ്ധിമാന്മാർ
തട്ടിയെടുത്ത്, ദൈവപരിചാരകരായ്മാറി!
മനുഷ്യരെ നന്നാക്കാൻ ആത്മാർത്ഥമായി ശ്രമിച്ച
<u>**മനുഷ്യരേയും, ദൈവഅന്തസ്സിലേക്കങ്ങുയർത്തി!**</u>
പുരോഹിത-സന്ന്യാസി-വർഗ്ഗത്തിൻ പിടിയിൽ പെട്ട്
ദൈവങ്ങളെല്ലാം, അവർ കുടുംബസ്വത്തായിത്തീർന്നു!

ചിലർ പറയും, "വിശ്വസിക്കുന്നു ഞാൻ, ശക്തി ഒന്നിൽ,
ഈ പ്രപഞ്ചേ നടക്കും കാര്യങ്ങളെ നിയന്ത്രിക്കും
ആ ശക്തിയിൽ", പക്ഷേ നിഗമനം അതും തെറ്റുതാൻ!
എന്തെന്നാൽ, ശക്തി ഒന്നല്ല, പലേ ശക്തികളുണ്ട്,
ആ ശക്തികൾതൻ പരസ്പരപ്രവർത്തനഫലം
മാത്രമാണീകാൺമതെല്ലാം, ഈ പ്രപഞ്ചമാകെയും!
ചിന്താശക്തി ഒട്ടുമേ ഇല്ലീശക്തികൾക്കൊന്നുമേ;
അങ്ങനുള്ളതാം ശക്തിയോട്, വേദം ഓതുവതിൽ
അർത്ഥം ഒന്നുമേ തന്നില്ലെന്നിരിക്കെ, എന്തിനാണീ
പ്രാർത്ഥന, ആരോടാണീപ്രാർത്ഥന, എന്തിനീധ്യാനം,
എന്തിന് ഈ വഴിപാട്, ആർക്കാണീ വഴിപാട്,
എന്തിനീ തപശ്ചര്യ, എന്തിനീശക്തിയെച്ചൊല്ലി
ഇക്കൊലയും കൊള്ളിവയ്പും, ഇന്നും നാം തുടരുന്നു!?

ഇല്ലാത്തൊന്നിൻ പേരിലെന്തിന്, ഈ അല്ലൽ നമുക്ക്;
വല്ലവിധവും തുല്യരായിട്ടുല്ലസിച്ചുകൂടേ!
എന്തും ഇല്ലാതാക്കുവാനെളുപ്പം, ഇല്ലാത്തതിന്ന്
ഒന്ന്, ഉള്ളതാക്കുക, അതി കഠിനം, മനുഷ്യാ!
മാനുഷ്യമൂല്യാധിഷ്ഠിതമതം, അതൊന്നു മാത്രം,
താനീ ഉലകിതിൽ, ഹാനികരം അല്ലാതായുള്ളു!
സ്നേഹിക്കു, ആവശ്യക്കാരനെ നല്ല കാര്യങ്ങൾക്ക്
സഹായിക്കൂ, ആ മുഖത്തുടൻ കാണാം, ദൈവമുഖം!

((((((((((o))))))))))

അവകാശങ്ങളും കടമകളും!

മനുഷ്യൻ, എന്നെന്നും സ്വാർത്ഥൻ തന്നെ; അവന്, അവൻ
തൻ സ്വന്ത താല്പര്യസംരക്ഷണം, അതൊന്നു മാത്രം!
മനുഷ്യൻ എന്നെന്നും, അവൻ സ്വന്ത അവകാശങ്ങൾ
നേടിയെടുക്കുവാൻ മാത്രമേ ശ്രമിച്ചിരുന്നുള്ളു!
അവൻ, അവൻെറ കടമകളെക്കുറിച്ചൊട്ടുമേ
ഒരിക്കലും ചിന്തിച്ചിരുന്നില്ലെന്നതുതാൻ, സത്യം!
മനുഷ്യാവകാശങ്ങളെക്കുറിച്ച് ചിന്തിക്കുകിൽ,
മുതിർന്നവർ, അവർ സ്വന്ത താല്പര്യങ്ങൾക്കു മാത്രം
താനെന്നുമേ, വേണ്ട മുൻതൂക്കം കൊടുത്തിരുന്നുള്ളു!
ശിശുക്കൾ, കൗമാരപ്രായക്കാർ, യുവതീയുവാക്കൾ,
എന്നിവർതൻ അവകാശങ്ങൾക്ക്, വില ഒട്ടുമേ
കല്പിച്ചിരുന്നില്ലെന്നതാണു, പച്ചപ്പരമാർത്ഥം!
രക്ഷിതാക്കൾക്കവകാശമില്ലൊട്ടും; താല്പര്യങ്ങൾ
സ്വന്തം, സന്തതികളിൽ അടിച്ചുകയറ്റീടുവാൻ!
കരുവിൽ, ഈ വിഷം കുത്തിവയ്ക്കുവതിലെത്രയോ
ഭേദം, അതില്ലാതാക്കൽ! സ്വാർത്ഥ, മനുഷ്യ-മൃഗമേ!
തൻ, സ്വന്ത ദൈവവിശ്വാസങ്ങൾ, അഥവാ അന്ധമാം
വിശ്വാസം, കളങ്കമറ്റ, ഇളം മനസ്സിനുള്ളിൽ
കുത്തിക്കുത്തി കയറ്റും, എന്നുമേ, രക്ഷാകർത്താക്കൾ;
ഇതിളംതലമുറതൻ അവകാശലംഘനം!
ഇതിളംതലമുറതൻ അവകാശലംഘനം;
തെളിയിക്കപ്പെട്ടതാം ശാസ്ത്രസത്യങ്ങൾ പോലല്ല,
കണക്കുപോലല്ല, ഭാഷകൾ പോലല്ല, ചരിത്രം,
ഭൂമിശാസ്ത്രം മുതലായവപോലൊന്നുമേ അല്ല,
പുതുതലമുറതൻ നന്മയ്ക്കായി നല്ലപൗരൻ
മുളച്ചുണ്ടാകുവാൻ പഠിപ്പിക്കുംപോലൊന്നുമല്ല
എന്തോ ഒന്നില്ലാത്തതുണ്ടെന്നും ഇല്ലെന്നും സങ്കല്പം!
ഒന്നുകിൽ, ഒരൊറ്റ മതം പോലുമേ അവർക്കുള്ളിൽ
കുത്തിവെയ്ക്കാതിരിക്കൂ; അല്ലായ്കിൽ, എല്ലാ മതവും,
നിരീശ്വരവാദമതും, അവരെ പഠിപ്പിക്കൂ;
പ്രായപൂർത്തി എത്തി, സ്വയമേതന്നെ ചിന്തിക്കുവാൻ
കഴിവാർജ്ജിക്കുകയും, തീരുമാനം എടുക്കുവാൻ
പ്രാപ്തരാകയും ചെയ്യുമ്പോൾ, അവർ സ്വയം തന്നത്
തീരുമാനിച്ചുകൊള്ളട്ടെ, എന്തുവേണമെന്നത്.
ഇളം തലമുറയുടെ, അവകാശലംഘനം
നടത്തുവോർക്കെതിരേ, നടപടി എടുക്കുവാൻ
യൂ. എൻ. ഓ.-യും, നിയമനിർമ്മാണസമതികളും,
നീതിന്യായവകുപ്പുകളും, നിർവ്വാഹകഭര-
ണകൂടങ്ങളും, ലോകമെങ്ങും വേണ്ടതുചെയ്യേണം.
മതത്തിൻ പേരിൽ, മനുഷ്യൻ മനുഷ്യനേ കൊല്ലുമാ-
പ്രവണത, പൂർണ്ണം തടയുവാൻ ഉതകുമത്.

((((((((o))))))))

പുതമ നൽകിയ കൗശലകണ്ടുപിടിത്തം!

പുതുകരുവിൽ വാർക്കപ്പെട്ടതാം ആകർഷണീയ-
മാമൊരുപുതുകുപ്പിയിലതേ പഴയ വിഷം!
വൻ ബുദ്ധിമാനാമൊരു നവ പരികല്പകനെ
അവർ കണ്ടുപിടിച്ചത്, ഡാർവിൻ സിദ്ധാന്തത്തിന-
ധികരിച്ചുവരും പ്രശസ്തിയാൽ ക്ഷയിച്ചുചാകും
പരിതാപകരമാം ദൈവസ്വാധീനശക്തിയെ
എവ്വിധവും ചെറുത്തുനില്ക്കുവാനൊരുപാധിതാൻ!
ദൈവത്തെ വിറ്റുജീവിക്കുമവർതൻ മഹാശാപം!
ബുദ്ധിമാൻപരികല്പകൻ, പരികല്പകൻ ആര്?
ഉത്തരം വ്യക്തം, പരിചിന്തനമാവശ്യമില്ല!
ബുദ്ധിരാക്ഷസനാം പരികല്പകൻതൻ അസ്തിത്വം
പോലും, മുൻപുന്നയിക്കപ്പെട്ടതാമതേവാദങ്ങൾ
നേരിടുകയാൽ, മുൻപ്രസ്താവനകൾ അതേ യുക്തം!

നിയമങ്ങൾക്കുവിധേയനായ്പരികല്പകനെ
ആരാധിക്കേണ്ട ആവശ്യം ഒട്ടുംതന്നെയേ ഇല്ല!
മനുഷ്യനും പരകല്പകനുമിടയിലൊരി-
ടനിലക്കാരൻെറാവശ്യമേയില്ല പ്രാർത്ഥനയ്ക്ക്!

മനുഷ്യനിർമ്മിതമാമീപരികല്പകനുപോലു-
മാരെയും പറ്റിക്കാനാകുകില്ലിനിയൊട്ടും!
ശിഖണ്ഡി, സയാമീസ്സിരട്ടകൾ, ഭ്രാന്തർ, തളന്തർ,
അന്ധർ, ബധിരന്മാർ, മൂകർ, ചാപിള്ളകൾ, ഈ വക
അത്ഭുതജനനങ്ങൾ കാണിക്കുവത്, ബുദ്ധിമാൻ
പരികല്പകൻതൻെറ ബുദ്ധിവൈദഗ്ദ്ധ്യം തന്നെയോ?!
ഇരുതലജീവി പരികല്പകവൈഭവമോ!?

((((((0))))))

(ദൈവം ഭരണം നടത്തുന്നു, യാദൃച്ഛികമല്ല....)

ഹൃദ്രോഗശേഷം, കിടക്കയിൽ കിടക്കുന്നിതാ ഞാൻ,
കുറിപ്പു കണ്ടതും, ചിന്താപ്രവാഹമെൻസ്വന്തമാം
രീതിയിൽ പാഞ്ഞുപോകയായി; അൻപതുകൊല്ലത്തിൽ
കൂടുതൽ, ഗവേഷണത്തിൻെറയും, ചിന്തയുടെയും,
പഠനത്തിൻെറയും, നിരീക്ഷണത്തിൻെറയും ഫല-
മോമനക്കുഴമ്പ്, നിങ്ങൾക്ക് നന്ദിയും പറഞ്ഞ്
അപേക്ഷിക്കുന്നു; ഇവിടുന്നയിക്കപ്പെട്ടതാകും
പ്രശ്നങ്ങളെക്കുറിച്ച്, കാര്യമായാലോചിക്കുക.
അന്തംവിട്ടുനില്കുമീമനുഷ്യനെ, അഭിപ്രായ-
ഭിന്നതകൾ വെടിഞ്ഞ്, ജ്ഞാനസമ്പന്നനാക്കുക.

(നൽകീ, ഒരുവനൊരുത്തരം:- നല്ലതായുള്ളതിൻ
നന്മ, നല്ലവണ്ണമറിയുവാൻ, ദൈവം ചീത്തയും
സൃഷ്ടിച്ചുപോലും! നിങ്ങളുടൊരോമനക്കുഞ്ഞിനെ
ചീത്തയാക്കി വളർത്തൂ, മറ്റതിൻ നന്മ നന്നായി
അറിയാൻ! ഉപദേശിച്ചു ഞാൻ! വിളറീ, ആ മുഖം!?

ഭൂമിയെ സമുദ്രാന്തരേ കൊണ്ടുപോയെന്നതിൻെറ
അർത്ഥം, പ്രളയത്താൽ, ഭൂമി മുങ്ങിപ്പോയെന്നാണെന്ന്
പുരാണവ്യാഖ്യാനങ്ങളിലെങ്കിലും കുത്തിക്കേറ്റൂ,!
ദൈവത്തേ രക്ഷിക്കാൻ, നല്ലോരു വ്യാഖ്യാനം താനത്.!
പുണ്യഗ്രന്ഥങ്ങളിലനുയോജ്യമാകും, മാറ്റങ്ങൾ
വരുത്താൻ, മുൻപുപറഞ്ഞതിന്നൊരുദാഹരണം.)

റ്റീ. കെ. രാംചന്ദ്

(((((((((((((O)))))))))))))

ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരിക്കെ, ഫിലിം ആൻഡ് ടെലിവിഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഡ്യ, പൂനയിൽ പ്രവേശനം ലഭിച്ചു. തിരനാടകരചനയിലും സംവിധാനത്തിലും ഡിപ്ളോമ കരസ്തമാക്കിയശേഷം ഫിലിം ഇൻഡസ്ട്രിയിൽ വളരെക്കാലം പ്രവർത്തിച്ചു. 'ലഹരി' എന്ന മലയാളചിത്രമാണ് ഇദ്ദേഹം ഒടുവിൽ സംവിധാനം ചെയ്തത്. ഇദ്ദേഹത്തിൻെറ നാടകവും പദ്യവും, എല്ലാവരും വായിച്ചിരിക്കേണ്ട രണ്ട് കൃതികളാണെന്നാണ് ഇദ്ദേഹത്തിൻെറ അഭിപ്രായം. റൈറ്റർ, സ്ക്രീൻപ്ലേ റൈറ്റർ, ലിറിക്സ് റൈറ്റർ, ഡയറക്ടർ, എഡിറ്റർ, ആക്റ്റർ എന്നീ നിലകളിലെല്ലാം ഇദ്ദേഹം ശോഭിച്ചിട്ടുണ്ട്.